1857

ഒന്നാം സ്വാതന്ത്ര്യ സമരം



ഗോപാലകൃഷ്ണൻ

6/ പബ്ലിക്
ലൈബ്രറി
ടാഗോർ
ടൗൺ
PKD

1857-ലെ

മഹാവിപ്ലവം

അഥവാ


ആദ്യത്തെ ഇന്ത്യൻ സ്വാതന്ത്ര്യസമരം.



ഗ്രന്ഥകർത്താ:—

ഗോപാലവ്രതൻ,

"രാഷ്ട്രഭാഷാപ്രവീണൻ"



പ്രസാധകന്മാർ:—

പ്രകാശകൌമുദി പ്രിൻടിങ്ങ് വർക്സ്,

കോഴിക്കോട്.



1955]

First Edition 1955.

Copyright to publishers.

Registered Publishers:

Prakasakaumudi Printing Works, Calicut

Printed at

The **Prakasakaumudi** Printing Works, **Calicut.**

വ ക്ത വ്യ ം

ഞാൻ ''ഝാൻസിയിലെ വീരറാണി'' എന്ന ഗ്രന്ഥം എഴുതിയ കാലത്തുതന്നെ വിരചിച്ചതാണ് ''ഭാരതിയേഴിലെ മഹാവിപ്ലവം''. പല വിഷമ തകളും വിഘ്നങ്ങളും കാരണമായി ഇതുവരേയും ഈ ഗ്രന്ഥത്തിനു് സൂര്യപ്രകാശമേല്ക്കുവാൻ സാദ്ധ്യമായില്ല.

ഭാരതം സ്വതന്ത്രമായിട്ട് എട്ടുവർഷം കഴിയാറായി. 1957ൽ ഇന്ത്യയിലൊട്ടാകെ ''ഒന്നാമത്തെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ''—1857ൽ നടന്ന മഹാവിപ്ലവത്തിന്റെ—ശതവാർഷികോത്സവം കൊണ്ടാടുന്നതുമായിരിയ്ക്കും. പക്ഷെ സ്വതന്ത്രഭാരതത്തിലെ സ്കൂളുകളിൽ ഉപയോഗിച്ചുവരുന്ന ചരിത്രപുസ്തകങ്ങളിൽപോലും പ്രഥമസ്വാതന്ത്ര്യസമരത്തിന്റെ യഥാർത്ഥ വിവരം യഥാരീതി ഇനിയും കൊടുത്തുകാണുന്നില്ല. ''1857ലെ ശിപ്പായിലഹള''യെപ്പറ്റി ചില ''കറുത്ത'' രേഖകൾ മാത്രമാണ് വിദ്യാർത്ഥികളുടെ ദൃഷ്ടി കൾക്കു് വിഷയമായിത്തീരുന്നതു്!! ഈ പരിതഃസ്ഥിതിയിൽ 1857ൽ ഇന്ത്യയിൽ നടന്ന മഹാവിപ്ലവത്തിന്റെ ഒരു ശരിയായ വിവരണം വെളിയിൽ വരേണ്ടതു് എത്രയും ആവശ്യമാണെന്ന വിശ്വാസം എന്നിൽ വേരുറച്ചതിനാലാണ് അതിവിസ്തൃതമല്ലാത്ത ഈ ഗ്രന്ഥം വിരചിയ്ക്കുവാൻ ഞാൻ മുതിർന്നതു്.

ശ്രീ: അശോകമേത്തയുടെ ഒരു ഇംഗ്ലീഷ് ഗ്രന്ഥത്തെയും മറ്റു ചില ഹിന്ദിഗ്രന്ഥങ്ങളേയും അവലംബിച്ച് എഴുതിയതാണ് ഈ വിപ്ലവചരിതം. 1857ൽ ഇന്ത്യയിൽ സംഭവിച്ചത് വെറും "ശിപ്പായിലഹള" യല്ലെന്നും പ്രത്യുത സ്വാതന്ത്ര്യസിദ്ധിയ്ക്കുവേണ്ടി ജനതയും സേനയും സംഘടിച്ചു നടത്തിയ സായുധസമരമായിരുന്നുവെന്നും വായനക്കാർക്ക് ബോദ്ധ്യമാകുവാൻ ഈ പുസ്തകം സഹായകമാകുമെങ്കിൽ ഞാൻ കൃതാർത്ഥനാവുന്നതാണ്.

ഇന്ത്യൻസ്വാതന്ത്ര്യത്തിനുവേണ്ടി ആത്മാഹുതി ചെയ്ത വീരാത്മാക്കളുടെ പാവനസ്മരണയ്ക്കായി ഈ ഗ്രന്ഥത്തെ കൂപ്പുകൈയോടുകൂടി സമർപ്പിച്ചുകൊള്ളുന്നു!!

ഒറവപ്പുലം,
1—6—1955.

ഗോപാലവൃത്തൻ,
"പഥികൻ".

വിഷയവിവരം

നമ്പർ.	അദ്ധ്യായം.			ഭാഗം.
1.	പ്രധാനകാരണങ്ങൾ	....	....	1
2.	പ്രചരണം	....	....	23
3.	അകാലവിപ്ലവം	....	....	32
4.	ജനറൽ നീലിന്റെ ദമനയാത്ര		....	46
5.	കാൺപൂരിലെ വിപ്ലവം	....	....	51
6.	ലക്നൗയിലെ വിപ്ലവം	....	....	63
7.	രുധിരസാഗരമായ അവധപ്രദേശം			78
8.	ഝാൻസിയിലെ വിപ്ലവം		....	98
9.	താത്യാടോപ്പെയുടെ അന്ത്യപരിശ്രമങ്ങൾ			112
10.	വിപ്ലവത്തിന്റെ വ്യാപ്തി	....	....	123
11.	അപജയകാരണങ്ങൾ	....	....	143
12.	അനന്തരഫലങ്ങൾ	....	....	150

1857-ലെ
മഹാവിപ്ലവം

അഥവാ

ആദ്യത്തെ ഇന്ത്യൻ സ്വാതന്ത്ര്യസമരം

1. പ്രധാനകാരണങ്ങൾ

ആധുനികഭാരതചരിത്രത്തിൽ തങ്കലിപികളാൽ അങ്കിതമായ ചില വർഷങ്ങളുണ്ട്. 1857, 1921, 1942, 1947 മുതലായവ സ്വാതന്ത്ര്യകനകപ്രഭവീശുന്ന മഹനീയവർഷങ്ങളാണ്. ചരിത്രഗഗനത്തിൽ സമുജ്ജ്വലിയ്ക്കുന്ന ഈ സുവർണ്ണനക്ഷത്രങ്ങളുടെ അക്ഷയജ്യോതിസ്സ് എത്ര തലമുറയ്ക്കും മുറയ്ക്ക് മാർഗ്ഗദർശനംചെയ്യാൻ ശക്തമത്രെ. രാഷ്ട്രത്തിന്റെ പുരോഗമനം സുകരവും സുഖകരവുമാക്കുമാറ് പൊൽക്കതിർ വീശിക്കൊണ്ട് ഈ കാന്തികന്ദളങ്ങൾ സർവ്വോപരി സർവ്വദാ കളിയാടുന്നതായിരിയ്ക്കും. ഈ കർത്താരങ്ങളെയാണ് കലുഷമതികളായ ചില ആംഗലേയലേഖകന്മാർ 'ധൂമകേതു'ക്കളായി ചിത്രീകരിച്ചിരിയ്ക്കുന്നത്!! പക്ഷെ പക്ഷപാതപങ്കിലമായ അവരുടെ വ്യാജരേഖകൾക്കൊന്നും തേജോവധം ചെയ്യാൻ സാദ്ധ്യമാവാത്ത തെളിവുകൾ ഇന്ന് വെളിയിൽവന്നിരിയ്ക്കുന്നു. അവയെ 'പരസ്യ'മാക്കുവാനുള്ള

"ലഹള"യല്ല
—വിപ്ലവംതന്നെ!!—

പരമാധികാരവും സ്വതന്ത്രഭാരതത്തിനു് സംസിദ്ധ മായിരിക്കുന്നു.

ആംഗലസാമ്രാജ്യത്തിന്റെ വൈതാളികലേഖക ന്മാർ രേഖപ്പെടുത്തി:—"1857ലെ ശിപ്പായിലഹള!!" അവരുടെ അനുയായികളുടെ അഭിപ്രായത്തിൽ ആയിരത്തെണ്ണൂററിഅമ്പത്തിയേഴിലെ സുപ്രസിദ്ധമായ സ്വാതന്ത്ര്യസമരം അന്ധവിശ്വാസികളും മതഭ്രാന്തരുമായ ചില ഇന്ത്യൻപട്ടാളക്കാർ നടത്തിയ "ലഹള"മാത്രമാണു"!! രത്നഗർഭയും യശോധരയുമായ ഭാരതമാതാവിന്റെ വിധുവദനത്തിൽ കരിവാരിത്തേച്ചു" വിദേശികളുടെമുമ്പിലേയ്ക്കു" വലിച്ചിഴയ്ക്കുവാൻ സാമ്രാജ്യകിങ്കരന്മാർ ബദ്ധകങ്കണരായി!!

പന്നിയുടേയും പശുവിന്റേയും 'കൊഴുപ്പ്'കാരണം കലികയറിയ അജ്ഞരായ 'ശിപ്പായി'കൾ അങ്ങുമിങ്ങുംനടത്തിയ 'ലഹള'യല്ല 1857–ൽ ആരംഭിച്ച സുപ്രസിദ്ധമായ സ്വാതന്ത്ര്യസമരം. അധികാര'ക്കൊഴുപ്പ്'കൊണ്ടു" അഹങ്കാരംവർദ്ധിച്ചു" അഹന്നിശം അക്രമങ്ങളും അന്യായങ്ങളും അനുഷ്ഠിച്ചുപോന്ന ആംഗലേയരെ 'അക്കര'യ്ക്കു" ആട്ടിയോടിച്ചു" അരുമയായ തായ്നാടിനെ അടിമത്തത്തിന്റെ അഗാധഗർത്തത്തിൽനിന്നു" ഉയർത്തുവാൻവേണ്ടി 'അമ്പത്തിയേഴിൽ' സ്വാതന്ത്ര്യോപാസകന്മാരായ സ്വദേശപ്രേമികൾ സുസംഘടിതമായ ഒരു 'മഹാവിപ്ലവ'മാണു" സമാരംഭിച്ചതു"! ഭാരതത്തിന്റെ ദുർഭാഗ്യംകാരണം ഈ മഹോദ്യമം സഫ

ലമായത്തു് ഏകദേശം ശതവത്സരം കഴിഞ്ഞശേഷം മാത്രമാണു്. എങ്കിലും 1857-ലെ ക്രാന്തി എന്തുകൊണ്ടും അവിസ്മരണീയമായ സംഭവമാണു്; അഭിമാനകരമായ സംരംഭമാണു്; ആദർശോജ്ജ്വലമായ സംഘടനയാണു്; ആവേശദായകമായ സംഘട്ടനമാണു്!!!

ബീജാരോപണം

ക്രിസ്തുവർഷം 1757-ൽ പ്ലാസിയുദ്ധം കഴിഞ്ഞ ഉടനെ ചിലർ പ്രവചിച്ചു:—"പ്ലാസിയുദ്ധത്തിന്റെ ശതവാർഷികദിനം അവസാനിയ്ക്കുന്നതോടുകൂടി പരിപാവനമായ ഭാരതമേദിനിയിൽനിന്നു് ആംഗലവാഴ്ച അകലുന്നതായിരിയ്ക്കും!!" പ്രവചനം കുറെയെല്ലാം ശരിയായി. "ഇനിയും ഞങ്ങൾ പ്ലാസിയുദ്ധത്തിനു പകരംവീട്ടും" എന്നു് 1857-ൽ വിപ്ലവകാരികൾ പ്രഖ്യാപിച്ചു. വാസ്തവത്തിൽ അമ്പത്തിയേഴിൽ തഴച്ചുവളർന്ന വിപ്ലവവൃക്ഷത്തിന്റെ ബീജാരോപണം നടന്നതു് ഒരുനൂറ്റാണ്ടുമുമ്പു് പ്ലാസിയിലെ സമരഭൂമിയിലായിരുന്നു. ക്ലൈവിന്റെ കാലംമുതൽ ഒൽ ഹെയ്സിയുടെ വാഴ്ചവരെ കമ്പനിപ്രതിനിധികൾ ഇന്നാട്ടിൽ തുടർന്നുപോന്ന അന്യായകൃത്യങ്ങളാണു് വിപ്ലവത്തിനു് വഴിതെളിയിച്ചതു്. ഏകദേശം 1780-ൽ "നാനാ ഫർനാവീസും" (പൂനയിലെ പ്രധാനമന്ത്രി) "ഹൈദർ അലി"യും ഏകോപിച്ചു് ആംഗ്ലേയരെ ഇന്ത്യയിൽനിന്നു് തുരത്തുവാൻ തുനിഞ്ഞതിനു് പ്രേരകമായതു് "ഈസ്റ്റ് ഇൻഡ്യാ കമ്പനി"ക്കാരുടെ ക്രൂര

ക്ഷത്യങ്ങളാണൊ!! അനുദിനം പ്രാബല്യം പ്രാപിച്ചുവരുന്ന വെള്ളക്കാരുടെ അന്യായകർമ്മങ്ങൾക്കെതിരായി അങ്ങുമിങ്ങും ചില സ്വാതന്ത്ര്യപ്രേമികൾ ചില്ലറസമരങ്ങൾ നടത്തുകയുണ്ടായി. 1806-ൽ വെല്ലൂരിലെ ഇന്ത്യൻ പട്ടാളക്കാർ, ആംഗലേയധികാരികളുടെ അന്യായപൂർണ്ണമായ ആജ്ഞകളെ അവഗണിച്ചു, മതസ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്തതും സ്മർത്തവ്യമത്രെ. ഇതു 1857-ലെ മഹാവിപ്ലവത്തിന്റെ നാന്ദിയായിരുന്നു.

അപമാനിതനായ ദില്ലി ചക്രവർത്തി

"ശാഹ് ആലം" ചക്രവർത്തിയുടെ ഭരണകാലം വരെ ഇന്ത്യയിലെ ഇംഗ്ലീഷുകാർ തങ്ങളും ദില്ലി ചക്രവർത്തിയുടെ "പ്രജ"കളാണെന്നു അഭിമാനിച്ചിരുന്നു; അഥവാ അങ്ങനെ അഭിനയിച്ചിരുന്നു!! ചക്രവർത്തിയുടെ കാരുണ്യംകൊണ്ടാണല്ലൊ കച്ചവടത്തിനു വന്ന കമ്പനിക്കാർക്കു (ഈസ്റ്റ് ഇൻഡ്യാ കമ്പനിക്കാർക്ക്) കല്ക്കത്ത, മദ്രാസ്, സൂറത്തു എന്നിവിടങ്ങളിൽ പാണ്ടികശാലകൾ പണിചെയ്യിയ്ക്കാൻ സ്ഥലംകിട്ടിയതു. ഗവർണ്ണർജനറാൾപോലും ചക്രവർത്തിയുടെ രാജസഭയിൽ സന്നിഹിതനായി യഥാരീതി അഭിവന്ദിച്ചു കാഴ്ചദ്രവ്യങ്ങൾ സമർപ്പിയ്ക്കുക പതിവായിരുന്നു. ഗവർണ്ണർ ജനറാളുടെ മുദ്ര (Seal)യിൽ "ദില്ലി ചക്രവർത്തിയുടെ പ്രത്യേകസേവകൻ" എന്ന പദങ്ങൾക്കൂടി ഉൾപ്പെടുത്തി

യിരുന്നു. സ്വാർത്ഥസിദ്ധിക്കുവേണ്ടി ആ അവസരമേ വകന്മാർ അനുചരവേഷംകെട്ടി!!

അല്പദർശിയായ 'ശാഹ'ആലം' (ഷാആലം) ഇം ഗ്ലീഷുകാരുടെ ജാലത്തിൽ അകപ്പെട്ടു! ചക്രവർത്തി യുടെ സഹായത്താൽ 1804ൽ മഹാരാഷ്ട്രരെ ഡൽഹി യിൽനിന്നു് അകറ്റുവാൻ കമ്പനിക്കാർക്കു് കഴിഞ്ഞു. മഹാരാഷ്ട്രരുടെ ഉത്ഥാനവും ഉല്ക്കർഷവും ആംഗ്ലേയർക്കു് മുമ്പുതന്നെ അപ്രിയമായിത്തീർന്നിരുന്നു. ചക്രവർത്തി യ്ക്കു് സ്വന്തം ചെലവിനു് 12 ലക്ഷം ഉറുപ്പിക അനു വദിച്ചു. തലസ്ഥാനനഗരിയുടെ സൈനികരക്ഷാഭാരം കമ്പനിക്കാർ കയ്യേറ്റു. അങ്ങനെ അവർ സമ്രാട്ടി ന്റെ 'ശുഭചിന്തക'ന്മാരായിത്തീർന്നു!!

ശുഭചിന്തകന്മാർ ശാസകന്മാരായി രൂപാന്തര പ്പെട്ടു. 'വെല്ലസ്ലി പ്രഭു' ശാഹ'ആലം ചക്രവർത്തിയേ യും രാജസഭയേയും ഡില്ലിയിലെ ചെങ്കോട്ടയിൽനിന്നു് 'മുംഗേർകോട്ട'യിലേയ്ക്കു് മാറ്റുവാൻ മുതിർന്നു. ചക്ര വർത്തി കുപിതനായി. ജനതയ്ക്കു് ഇംഗ്ലീഷുകാരുടെ യഥാർത്ഥരൂപം മനസ്സിലായി. അവരിൽ വെറുപ്പും വിദ്വേഷവും വളർന്നുതുടങ്ങി!!

1806ൽ ശാഹ'ആലം ചക്രവർത്തി അന്തരിച്ചു. 'അക്ബർശാഹ'' സിംഹാസനാരൂഢനായി. ആംഗ ലേയരുടെ സ്വേച്ഛാചാരങ്ങൾ വർദ്ധിച്ചു. 1837ൽ 'അക്ബർശാഹ'' മൃതിയടഞ്ഞു. ''ബഹാദുർശാഹ'' (ബഹാദുർഷാ) ചക്രവർത്തിയായി.

ബഹാദൂർഷാഹ്, കരാറിലെ നിബന്ധനയനുസരിച്ച് ചെലവിനുള്ള സംഖ്യ വർദ്ധിപ്പിയ്ക്കണമെന്ന് ആവശ്യപ്പെട്ടു. ശക്തിശാലികളായിത്തീർന്ന ഇംഗ്ലീഷുകാർ അതിനു് സന്നദ്ധരായില്ല. ചക്രവർത്തി തന്റെ സ്വാധികാരങ്ങളും യഥാവിധി കമ്പനിയ്ക്ക് വിട്ടുകൊടുത്താൽ ചെലവിനുള്ള സംഖ്യ വിപുലമാക്കാമെന്ന് ആ പഴയ 'സേവകന്മാർ' (ആംഗ്ലേയർ) പ്രഖ്യാപിച്ചു. പക്ഷെ ബഹാദൂർഷാഹ് അതിനു് തയ്യാറായില്ല.

1839ൽ യുവരാജാവായ ''ദാരാബഖത്'' മൃതനായി. ബഹാദൂർഷാഹ് ''ബേഗം ജീനത് മഹലി'' ന്റെ പുത്രനായ ''ജവാംബഖ്തി''നെ യുവരാജാവാക്കുവാൻ ആശിച്ചു. ഇംഗ്ലീഷുകാർ വിരോധിച്ചു. അവർ ''ബാദശാഹ്'' (ചക്രവർത്തി) എന്ന പദവിയെത്തന്നെ നശിപ്പിയ്ക്കുവാൻ ബദ്ധകങ്കണരായിരുന്നു. അവർ ഗൂഢാലോചനയിലേർപ്പെട്ടു. ചക്രവർത്തിയുടെ മറ്റൊരു പുത്രനായ ''മിർജാഫഖരു''വിനെ വശത്താക്കി. അയാളെ യുവരാജാവാക്കാൻ തീരുമാനിച്ചു. മിർജാഫഖരു ചക്രവർത്തിയായാൽ ഉടനെ ദില്ലിയിലെ ചെങ്കോട്ട വിട്ടുപോകാമെന്നു് കരാറുചെയ്തിരുന്നു. ടൽഹൗസി യായിരുന്നു അന്നത്തെ ഗവർണ്ണർജനറാൾ.

1854ൽ മിർജാഫഖരു മരണമടഞ്ഞു. എല്ലാവരും ''മിർജാ ജവാംബഖ്തി''നെ യുവരാജാവാക്കുന്നതിനു് അനുകൂലികളായിരുന്നു. പക്ഷെ കൂടനീതിജ്ഞ

രായ ആംഗലേയർ ''മിർജാ കോയാശ്'' എന്ന രാജ കുമരനെ സ്വാധീനത്തമാക്കി. ആയാളെ യുവരാജാവായി സ്വീകരിച്ചു; അയാളെക്കൊണ്ട് തങ്ങൾക്കനുകൂലമായ കരാറുകൾ ചെയ്യിച്ചു. മിർജാ കോയാശ് 'ബാദ്ശാ ഹ്' (ചക്രവർത്തി) എന്ന പദവിക്കുപകരം 'ശാഹ് സാദാ' (രാജകുമാരൻ) എന്ന സ്ഥാനംകൊണ്ട് സംതൃപ്തനാവാനും മാസച്ചെലവിനു് ഒരുലക്ഷം ഉറുപ്പികയ്ക്കു പകരം പതിനയ്യായിരം ഉറുപ്പികമാത്രം സ്വീകരിക്കുവാനും, ഡൽഹിയിലെ ചെങ്കോട്ട ഒഴിഞ്ഞുകൊടുക്കുവാനും തയ്യാറായി.

ഇങ്ങനെ ഇംഗ്ലീഷുകാർ ഡില്ലി ചക്രവർത്തിയുടെ അധീശത്വത്തെ തൃണവൽഗണിച്ചു് സ്വച്ഛാധിപത്യം സ്ഥാപിച്ചുതുടങ്ങി. ചക്രവർത്തിക്കു് തിരുമുൽക്കാഴ്ചവെയ്ക്കുന്ന പതിവും മറവും പണ്ടേ കൈവെടിഞ്ഞിരുന്നു. മുഗൾചക്രവർത്തിയുടെ പേരിൽ നാണയം അടിപ്പിച്ചിരുന്ന സമ്പ്രദായവും അവസാനിപ്പിച്ചിരുന്നു. ഗവണ്ണർജനറാളുടെ സീലിൽ (മുദ്രയിൽ)നിന്നു് ''ചക്രവർത്തിയുടെ വിശേഷസേവകൻ'' എന്ന പദവലിയും നീക്കംചെയ്തിരുന്നു.

കമ്പനിക്കാരുടെ ഉദ്യോഗങ്ങളും ധിക്കാരങ്ങളും ദൈനന്ദിനം വർദ്ധിച്ചു. അവർ ചക്രവർത്തിയെ പല വിധത്തിലും അപമാനിച്ചു. ചക്രവർത്തിയും ഡില്ലിനിവാസികളും ഇംഗ്ലീഷുകാരെ വെറുത്തുതുടങ്ങി. ബ്രിട്ടീഷ്

സിംഹത്തിന്റെ കരാളദംഷ്ട്രങ്ങളിൽനിന്ന് ഭാരതഭൂമിയെ വിമോചിപ്പിക്കുവാൻ അവർ കടിബദ്ധരായി. അടുത്തകൊല്ലംതന്നെ (1857ൽ) വിപ്ലവം ആരംഭിച്ചു.

സ്ഥാനഭ്രഷ്ടനായ അവധ നവാബു്

അവധപ്രദേശം (Oudh) വിശാലമായ മുഗളസാമ്രാജ്യത്തിന്റെ ഒരംശമായിരുന്നു. അവധത്തിലെ (അയോദ്ധ്യാ) നവാബും ഈസ്റ്റ് ഇൻഡ്യാ കമ്പനിയുമായുള്ള ബന്ധം 1763ൽ സമാരംഭിച്ചു. ദേശരക്ഷയ്ക്കുവേണ്ടി കമ്പനിപ്പട്ടാളത്തെ അവധത്തിൽ പാർപ്പിയ്ക്കുവാൻ നവാബു് തയ്യാറായി. സൈനികച്ചെലവു് മുഴുവനും നവാബ് വഹിച്ചു. പട്ടാളവും ചെലവും വിപുലമായപ്പോൾ ചില പ്രദേശങ്ങൾ കമ്പനിയ്ക്ക് വിട്ടുകൊടുത്തു. 1806-ലെ സന്ധിയിൽ, അവധനവാബിന്റെ ഭരണവിഷയത്തിൽ തങ്ങൾ ഹസ്തക്ഷേപം ചെയ്യുന്നില്ലെന്ന് ഇംഗ്ലീഷുകാർ വ്യക്തമാക്കിയിരുന്നു. കമ്പനിക്കാർ രാജ്യരക്ഷയുടെ പേരും പറഞ്ഞ് അവധനവാബിൽനിന്ന് പലപ്പോഴും വമ്പിച്ച സംഖ്യ കരസ്ഥമാക്കുകയുണ്ടായി. സുശക്തമായ സാമ്പത്തികഭൂഷണം തുടർന്ന്! അവധ രാജ്യശ്രീയുടെ അമൃതസ്തന്യം നുകർന്നിട്ടാണ് ആംഗല സാമ്രാജ്യശിശു ഭാരതമണിഹർമ്മ്യത്തിൽ വളർന്നുവന്നതു്!

ലക്ക്നൌവിലെ (ലഖ്നൌ-Lucknow) ദർബാറിൽ ഇംഗ്ലീഷ് റസിഡണ്ടിന് സ്ഥാനം ലഭിച്ചു. ഭരണവിഷയത്തിൽ കമ്പനിക്കാർ കൈകടത്തിത്തുടങ്ങി.

ക്രമേണ അവധത്തിലെ നവാബു് ആംഗലേയരുടെ കൂട്ടുകയിൽ അകപ്പെട്ടു് നിസ്തേജസ്കനായിത്തീർന്നു!!

1847-ൽ ''നവാബു് വാജിദ് അലിശാഹ്'' അവധാധിപനായി അദ്ദേഹം ഉത്സാഹശാലിയും ഉത്ഥാനശീലനും വിവേകിയും വിദഗ്ധനുമായിരുന്നു. അധികാരം ഏറ്റെടുത്തു് അധികം താമസിയാതെ നാട്ടിൽ പല പരിഷ്കാരങ്ങളും നടപ്പിലാക്കി. സൈനിക ശക്തിയെ സംഘടിതവും സുദൃഢവുമാക്കി. അച്ചടക്കം പാലിച്ചു. പ്രതിദിനം പരിശീലനംചെയ്യിച്ചു. നവാബ് തന്നെ സൈന്യാധിപവേഷത്തിൽചെന്നു് അതെല്ലാം നിരീക്ഷണംചെയ്തു പതിവായിത്തീർന്നു.

നവാബിന്റെ ഈ ഉത്തമോദ്യമങ്ങൾ ആംഗലേയർക്കു് അപ്രിയമായി. അവർ അദ്ദേഹത്തെ തടഞ്ഞു. ഡൽഹൌസിപ്രഭുകുപ്രസിദ്ധമായ ''അപഹരണനീതി'' യുമായി രംഗപ്രവേശംചെയ്തു. മരതകമനോഹരവും സമ്പൽസമൃദ്ധവുമായ അവധഭൂമിയിലും ആയാൾ ആസക്തനായി. 1856-ൽ ഡൽഹൌസിപ്രഭു, നവാബിന്റെ ഭരണം അഭിവൃദ്ധിപ്പെടുന്നില്ലെന്നും അദ്ദേഹം വിഷയലോലുപനും ദുരാചാരിയുമാണെന്നും മറ്റും കുറ്റാരോപണങ്ങൾചെയ്തു് അവധരാജ്യത്തെ കമ്പനിയുടെ അധീനത്തിൽപ്പെടുത്തുവാൻ ഉദ്യുക്തനായി.

''എന്റെ രാജ്യത്തെ ഞാൻ സന്തോഷപൂർവ്വം കമ്പനിയ്ക്കു് വിട്ടുകൊടുക്കുവാൻ സമ്മതിച്ചിരിയ്ക്കുന്നു'' എന്നർത്ഥത്തിലുള്ള ഒരു കത്തിൽ നവാബിനെക്കൊണ്ടു്

ഒപ്പിടുവിയ്ക്കുവാൻ ലക്ക്നൌവിലെ റസിഡണ്ടു് പതു രുപായങ്ങളും ഉപയോഗിച്ചുനോക്കി. വീരനായ വാജി ദ്അലിശാഹ് അതിനു വഴിപ്പെട്ടില്ല. അവസാനം കമ്പനിക്കാരുടെ സൈന്യം, സന്ധിനിബന്ധനകളെല്ലാം പവുട്ടിമെതിച്ചു്, ലക്ക്നൌകൊട്ടാരത്തിൽ ബലംപ്രയോഗിച്ചു് പ്രവേശിച്ചു. പതിവുപോലെ യഥേഷ്ടം കൊള്ളയടിച്ചു. നവാബിനെ ബന്ധനസ്ഥനാക്കി കല്ക്കത്തയ്ക്കയച്ചു. അങ്ങനെ അവധദേശം ആസകലം കമ്പനിയ്ക്കു് അധീനമായി!!

ഒരു രാജ്യത്തെ അപഹരിയ്ക്കുന്നതിനു് മുമ്പു് അവിടത്തെ ഭരണാധികാരിയെ ഭോഗാസക്തനും അയോഗ്യനുമായി ചിത്രീകരിയ്ക്കുന്ന ഗ്രന്ഥങ്ങളും മറ്റും എഴുതി പ്രചരണംനടത്തുന്നതിൽ ഇംഗ്ലീഷുകാർ നിപുണരാണു്. അവധനവാബു് ജിതേന്ദ്രിയനോ യതീന്ദ്രനോ ആയിരുന്നില്ല. കമ്പനിക്കാർ തന്റെ ഭരണവിഷയത്തിൽ കൈയിടുംവരെ അദ്ദേഹം സംയമി തന്നെയായിരുന്നു. പിന്നീടു് സുഖലോലുപത തീണ്ടിയിട്ടില്ലെന്നില്ല. പക്ഷെ ഇംഗ്ലീഷുകാരുടെ അതിശയോക്തിയുക്തമായ കെട്ടുകഥകൾ മുഴുവനും വിശ്വാസയോഗ്യമല്ല. അവധരാജ്യത്തെ ആംഗ്ലേയരുടെ ബലിഷ്ഠമുഷ്ടിയിൽ നിന്നു് വിമുക്തമാക്കുവാൻ ഉദ്യുക്തനായതുകൊണ്ടു് നവാബു് ആപത്തുകൾക്കും ദോഷാരോപണങ്ങൾക്കും ഭാജനമായിത്തീർന്നു. വാസ്തവത്തിൽ പ്രജാവത്സലനായ അദ്ദേഹം സർവ്വപ്രിയനായിരുന്നു.

അവധത്തിലെ ഇടപ്രഭുക്കന്മാരേയും ജന്മികളേയും ശക്തിസമ്പന്നരായ കമ്പനിക്കാർ ദ്രോഹിച്ചുതുടങ്ങി. അവരുടെ കോട്ടകൊത്തളങ്ങൾ തട്ടിനിരത്തി; ഭൂസ്വത്തു് കരസ്ഥമാക്കി. അവരിൽ ഭൂരിഭാഗത്തിനും ആഗതികളായി അലയേണ്ടിവന്നു. ഇങ്ങനെ അവധനിവാസികളുടെ ഹൃദയത്തിൽ, അങ്ങോളമിങ്ങോളം, അശാന്തിയുടേയും അസംതൃപ്തിയുടേയും വിഷാദത്തിന്റേയും വിദ്വേഷത്തിന്റേയും അദമ്യമായ ചണ്ഡവാതം ആഞ്ഞുവീശിത്തുടങ്ങി. വിപ്ലവാനലൻ ആളിക്കത്തുവാൻ അതെല്ലാം അനുകൂലമായിത്തീർന്നു.

ഭാരതഭൂപടത്തിൽ (Map) അവസാനമായി പെ ഞ്ചായം 'കലക്കി'ത്തേച്ചു്, ആംഗല ചക്രവർത്തിയുടെ പൊങ്കോലിനു് മാറുകൂട്ടിയ **അപഹരണനിപുണനാ** സാമ്രാജ്യപോഷകനാണു് "ഡ **ൽഹൌസി പ്രഭു** ൽഹൌസി പ്രഭു"(Marquis of Dalhousie) എങ്ങനെയെങ്കിലും—എന്തു് അന്യായവും പ്രവർത്തിച്ചും—ഇന്ത്യയിലെ നാട്ടുരാജ്യങ്ങളെയെല്ലാം ബ്രിട്ടീഷുസാമ്രാജ്യത്തിനോടു് കൂട്ടിച്ചേർക്കണമെന്നു് ഇംഗ്ലണ്ടിലെ സചിവോത്തമന്മാരും നേതാക്കന്മാരും 'ഗ്രൂധ്രാലോചന'നടത്തുകയുണ്ടായി. ആജ്ഞാകാരിയായ ഡൽഹൌസിപ്രഭു അവശേഷിച്ച നാട്ടുരാജ്യങ്ങളേയും തട്ടിപ്പറിയ്ക്കണമെന്നു് തീരുമാനിച്ചു. അങ്ങനെ കുപ്രസിദ്ധമായ തന്റെ "അപഹരണനയ"വുമായി അദ്ദേഹം രംഗപ്രവേശംചെയ്തു!!

''മഹാരാജാരണജിത്സിംഹ''ന്റെ കാലത്തു തന്നെ കമ്പനിക്കാർ പഞ്ചാബിനെ കരസ്ഥമാക്കണമെന്നു് കാംക്ഷിച്ചിരുന്നു. രണജിത്സിംഹന്റെ മരണശേഷം, പഞ്ചാബിൽ അരാജകത്വവും ലഹളയും വളർത്തുവാനായി ഇംഗ്ലീഷുകാർ പ്രയത്നിച്ചു പഞ്ചാബിനെ ആക്രമിയ്ക്കുവാൻ വല്ല 'കാരണ'വും അവർ ആരാഞ്ഞുതുടങ്ങി.

രണജിത്സിംഹന്റെ പുത്രനായ ''ദലീപ്സിംഹ''ന് പ്രായപൂർത്തിവന്നിരുന്നില്ല. തന്നിമിത്തം അദ്ദേഹത്തിന്റെ മാതാവായ ''ത്സിന്ദാരാണി''യാണ് പ്രതിനിധിയെന്നനിലയിൽ ഭരണംനടത്തിയിരുന്നു്. ഒടുവിൽ സിക്കുകാരും കമ്പനിക്കാരും തമ്മിൽ യുദ്ധംതുടങ്ങി. 1846-ൽ ലാഹോർ ഒർബ്യാനുമായി സന്ധിനടന്നു. റാണിയെ പെൻഷൻനൽകി, അധികാരത്തിൽനിന്നു് അകറ്റിനിർത്തി അല്പദിവസങ്ങൾക്കുശേഷം 'മുൽത്താനി'ൽ ഒരു ലഹളയുണ്ടായി. കമ്പനിക്കാർ ലഹളയിൽ റാണിയ്ക്കും പങ്കുണ്ടെന്നു് ദോഷാരോപണംചെയ്തു; 1848-ൽ മഹാറാണി ത്സിന്ദാകൊറിനേയും പുത്രനായ മഹാരാജാ ദലീപ്സിംഹനേയും ബന്ധനത്തിലാക്കി ബനാറസ്സിലേയ്ക്കു് അയച്ചു. പഞ്ചാബികൾ കുപിതരായി. രണ്ടാമതും സിക്കുകാരുമായി യുദ്ധമുണ്ടായി. അവസാനം 1849-ൽ ദൽഹൌസി പ്രഭു മഹാരാജാ ദലീപ്സിംഹന്റെ രാജ്യത്തെ അന്യാ

യപൂർവ്വം അപഹരിച്ചു് ആംഗലസാമ്രാജ്യത്തിനോടു് കൂട്ടിച്ചേർത്തു!!

1851ൽ "ഷെപ്പേർഡ്" എന്നും "ലൂയി" എന്നും പേരുള്ള ഇംഗ്ലീഷുകാരായ രണ്ടു കപ്പൽത്തലവന്മാരുടെ (Captains) പേരിൽ റങ്കൂണിലെ കോടതിയിൽ ഒരു കേസ്സു് ആരംഭിച്ചു. നരഹത്യ, കവർച്ച മുതലായ അപരാധങ്ങൾ അവരിൽ ചുമത്തപ്പെട്ടിരുന്നു. കോടതി അവർക്കു് ഉചിതമായ ശിക്ഷ നൽകി. ഈ ഒരു കാരണവും പറഞ്ഞു് ഡൽഹൌസി ബർമ്മയിലേയ്ക്കു് ഒരു വമ്പിച്ച സേനയെ അയച്ചു. ബർമ്മക്കാർ യുദ്ധത്തിനു് കുങ്കിയിരുന്നില്ല. ഇംഗ്ലീഷുകാർ വിജയികളായി. ഐരാവതീതീരത്തിലുള്ള "പെഗ്ഗു" സംസ്ഥാനം കമ്പനിക്കാർ കരസ്ഥമാക്കി!!

തങ്ങളുടെ മിത്രങ്ങളായി വർത്തിച്ചുപോന്ന നാട്ടുരാജാക്കന്മാർ സന്തതിയില്ലാതെ മൃതിയടഞ്ഞാൽ അവരുടെ രാജ്യങ്ങളെ ഇംഗ്ലീഷുകാരുടേതായി പരിഗണിക്കയും അവയെ ഏതെങ്കിലും വിധത്തിൽ അധീനമാക്കുകയും ചെയ്തുപോന്ന ഡൽഹൌസിയുടെ 'അപഹരണനീതി'യെ ഇംഗ്ലീഷിൽ (Doctrine of Lapse) (അറാലടക്കപ്രമാണം) എന്നു് വിളിച്ചുവരുന്നു.

സത്താറ, നാഗ്പൂർ, പൂന എന്നീ പ്രദേശങ്ങൾ സുപ്രസിദ്ധങ്ങളായ മഹാരാഷ്ട്രരാജ്യങ്ങളായിരുന്നു. കമ്പനിക്കാർ പൂനയെ മുമ്പുതന്നെ അധീനപ്പെടുത്തിയിരുന്നു. അതിനെപ്പറ്റി അന്യത്ര വിവരിക്കുന്നതാണു്.

സത്താറയും, നാഗ്പൂരും ഒൽഹെരസിയുടെ ലോലുപ ദൃഷ്ടികൾക്ക് ലക്ഷ്യമായി. അദ്ദേഹം കുതന്ത്രങ്ങൾ ഉപ യോഗിച്ച് അവ രണ്ടിനേയും അധീനപ്പെടുത്തി. ഝാൻസിരാജ്യത്തേയും ആ സ്വാതന്ത്ര്യസ്ഥൻ കരസ്ഥമാ ക്കി. ഹൈദരബാദിലെ 'ബീരാർ' സംസ്ഥാനം ആക്കാട്, തഞ്ചാവൂർ, സബൽപ്പൂർ മുതലായ പ്രദേശ ങ്ങളും കമ്പനിരാജ്യങ്ങളായിത്തീർന്നു. മാഞ്ചസ്റ്ററിലെ വസ്ത്രവ്യവസായം അഭിവൃദ്ധി പ്രാപിക്കുവാൻ വേണ്ടു ന്നത്ര പരുത്തി വിളയുന്ന നാഗ്പൂരും, ബീരാറും മറ്റും അപഹരിച്ചുശേഷം ആ 'സ്വാഹാശീലൻ' സമ്പൽ സമൃദ്ധവും സുവിസ്തൃതവുമായ അവധഭൂമിയിൽ ദൃഷ്ടി പതിപ്പിച്ചു. അവധാപഹരണവും മറ്റും അന്യത്ര വി വരിച്ചിട്ടുണ്ടല്ലോ.

ബ്രിട്ടീഷുകാരുടെ സാമ്രാജ്യപിപാസ പരമസീമ യെ സമീപിച്ചു. നരേശന്മാരും നേതാക്കന്മാരും പ്രഭു ക്കന്മാരും പ്രമാണികളും മാത്രമല്ല സാധാരണജനങ്ങളും കമ്പനിക്കാരുടെ മർദ്ദനത്തിനു് പാത്രങ്ങളായിത്തീർന്നു! 'ദർബാറി'ന്റേയും (രാജസഭയുടേയും) മന്ത്രിമാരുടേയും സ്ഥാനത്തു് 'ഉപദേശകന്മാർ' കയറിക്കൂടി. ഭാരതീയ ഭടന്മാരുടെ സ്ഥാനം 'വെള്ളപ്പട്ടാളം' ഏറെറടുത്തു. വ്യാപാരം ക്ഷയിച്ചു. ദാരിദ്ര്യം പെരുകി. 'ഗംഗാ തീരം' പൂഷണത്തിനും 'തേംസ്തടം' പോഷണത്തി നും ഭാജനമായി! ഇന്ത്യ അധഃപതിച്ചു!! ഇംഗ്ലണ്ടു് അനുദിനം അഭിവൃദ്ധിപ്പെട്ടു!!!

മഹാരാഷ്ട്രത്തിലെ അന്തിമപേഷവ (പേശവ) യായ ദ്വിതീയ ''ബാജീറാവു''വിന്റെ രാജ്യം കമ്പനിക്കാരുടെ കയ്യിലായി. അദ്ദേഹത്തിനും കുടുംബത്തിനും എട്ടുലക്ഷം ഉറുപ്പിക പെൻഷൻ കൊടുക്കാമെന്നു് ഇംഗ്ലീഷുകാർ വാഗ്ദത്തംചെയ്തു. അദ്ദേഹം 'പൂന'വിട്ടു് കാൺപൂരിന്നടുത്തുള്ള 'ബിഠൂ'രിൽ താമസം തുടങ്ങി. 1827ൽ ബാജീറാവു ''നാനാധുന്ധുപന്തു'' എന്ന ബാലകനെ ദത്തെടുത്തു. പേശവ പരലോകം പൂകിയപ്പോൾ ദൽഹൌസിപ്രഭു 'പെൻഷൻ' നിർത്തൽചെയ്തു. ബാജീറാവുവിന്റെ ഉത്തരാവകാശിയും ദത്തകപുത്രനുമായ 'നാനാസാഹെബു' പെൻഷൻ നിർത്താതിരിപ്പാൻ ആക്ഷേപിച്ചുനോക്കി. ദൽഹൌസിനിഷ്ഫലം നിഷേധിച്ചു. ''അജീമുല്ലാഖാൻ'' നാനാസാഹെബിന്റെ വക്കീലായി ഇംഗ്ലണ്ടിൽപോയി പരിശ്രമം നടത്തി. എല്ലാം നിഷ്ഫലമായി. ഗുണസമ്പന്നനായ നാനാസാഹെബു് നിരാശ്രയനും നിരാശനുമായിത്തീർന്നു. ആ യുവകേസരിയുടെ ഹൃദയത്തിൽ ഇംഗ്ലീഷുകാരോടു് വെറുപ്പും വിദ്വേഷവും വളർന്നുവന്നു. അദ്ദേഹം ബ്രിട്ടീഷുകാരിൽനിന്നു് സ്വദേശത്തെയും തന്നെയും സ്വതന്ത്രമാക്കുവാനുള്ള സരണികൾ ആരാഞ്ഞുതുടങ്ങി.

ആംഗ്ലേയരുടെ ''അപഹരണ''വും അന്യായകൽ
ങ്ങളും അധികരിച്ചു. ഇന്ത്യ മിയ്ക്കവാറും അവരുടെ അ
ധീനത്തിലായി. ഭാണ്ഡമേ

മിഷ്യനറി കർണൽ-
പാദരി ലെഫ്ടനൻട്ട്

ന്തിവന്നവർ (വ്യാപാരത്തി
ന്നു വന്നവർ)ഭാരത്തിന്റെ
ഭരണാധികാരികളായി തീ
പാന്തരപ്പെട്ടു !!

ഒരു രാജ്യത്തെ അധികകാലം അടക്കിവാഴണമെ
ങ്കിൽ—ഒരു ദേശക്കാരെ ചിരകാലം അടിമകളാക്കി
ഭരണം തുടരണമെങ്കിൽ—ആ നാട്ടുകാരുടെ ആത്മാഭി
മാനവും പ്രാചീനസംസ്കൃതിയും ധർമ്മനിഷ്ഠയും നശി
പ്പിച്ചുകളയണമെന്നു് ബുദ്ധിമാന്മാരായ ബ്രിട്ടീഷു്
കാർ മുൻകൂട്ടി മനസ്സിലാക്കി. ഭാരതവാസികളുടെ അ
ഭിമാനകേന്ദ്രം അവരുടെ മതമാണെന്നു് അവർ ഗ്രഹി
ച്ചു. ഇന്ത്യക്കാരെ ആചാരഭ്രഷ്ടരാക്കിയാൽ—ധർമ്മച്യു
തരാക്കിയാൽ—രാഷ്ട്രീയാഭിമാനവും സ്വാതന്ത്ര്യബോ
ധവും ആറിത്തണുക്കുമെന്നു് അവർ വിശ്വസിച്ചു.
ഇന്ത്യയിൽ ക്രിസ്തുമതം പ്രചരിച്ചപോലെ ഭാരതീയരെ
ക്രിസ്ത്യാനികളാക്കിയാലേ—ആംഗലസാമ്രാജ്യം അടി
യുറയ്ക്കുകയുള്ളൂ എന്നു് കമ്പനി മേലധികാരികൾ ദീ
ർഘദർശനംചെയ്തു. 'മക്കാളെ' പ്രഭുവിന്റെ വിചാരവും
ഇതായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസപ്രചരണത്തിനു്
പ്രേരണ ലഭിച്ചതും ഇതിൽനിന്നാണു്.

* ഇംഗ്ലീഷുകാർ ഇന്ത്യയിൽ ക്രിസ്തുമതപ്രചരണം തുടങ്ങി; തദ്ദേശം തങ്ങളുടെ സർവ്വശക്തികളും വിനിയോഗിച്ചു. ധനം ധാരാളം വ്യയംചെയ്തു. കാനിങ്ങ് പ്രഭു ലക്ഷക്കണക്കിൽ ഉറുപ്പിക ക്രിസ്തുമതപ്രചാരകന്മാർക്കിടയിൽ വിതരണംചെയ്തു. ഇന്ത്യൻ ഖജാനയിൽ നിന്നു് 'ബിഷപ്പു'മാർക്കും മറ്റും വമ്പിച്ച ശമ്പളം ലഭിച്ചുതുടങ്ങി. പഞ്ചാബിനെ ഒരു "മാതൃകാ ക്രിസ്ത്യൻ സംസ്ഥാന"മാക്കുവാൻ ഉദ്യമിച്ചു. അവിടത്തെ വിദ്യാഭ്യാസവിഷയം ക്രിസ്ത്യൻ പാദരികളെ ഏല്പിച്ചു. ഉയർന്ന ഉദ്യോഗസ്ഥന്മാർ തങ്ങളുടെ ആപ്പീസ്സിലെ പ്രവൃത്തിക്കാരെ ക്രിസ്ത്യാനികളാക്കുവാൻ മുതിർന്നു. ഒത്തെടുക്കുക മുതലായ ഹിന്ദുമതസംബന്ധമായ സമ്പ്രദായങ്ങളെ ഗൽഹെഡ്സി നിരോധിച്ചു ഭാരതീയരുടെ ആചാരവിചാരങ്ങളേയും ആചാര്യവര്യന്മാരേയും നിശ്ശങ്കം നിന്ദിച്ചുതുടങ്ങി. ക്ഷേത്രങ്ങളുടെ ദ്രവ്യത്തുക്കൾ (ദേവസ്വം) തട്ടിപ്പറിക്കാനും അവർ മടികാണിച്ചില്ല.

---

* ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ അദ്ധ്യക്ഷനായിരുന്ന മിസ്റ്റർ മൈംഗൽസ് (Mr. Mangles) പാർലിമെണ്ടിൽവെച്ചു് പറയുകയുണ്ടായി:—"ഭഗവാൻ ഹിന്ദുസ്ഥാനിലെ വിശാലസാമ്രാജ്യം ഇംഗ്ലണ്ടിനെ ഏല്പിച്ചിരിയ്ക്കുന്നു. ഇന്ത്യയിലെ ഒരറ്റംമുതൽ മറ്റേഅറ്റംവരെ യേശുക്രിസ്തുവിന്റെ വിജയപതാക പാറിക്കളിയ്ക്കുവാനാണു് ഇങ്ങനെ ഏല്പിച്ചിരിയ്ക്കുന്നതു്. നമ്മൾക്കിടയിലുള്ള ഓരോ വ്യക്തിയും തന്റെ സമ്പൂർണ്ണശക്തിയും ഈ കാര്യത്തിനുവേണ്ടി വിനിയോഗിയ്ക്കണം....."

സൈനികമദ്ധ്യത്തിലാണ് ക്രിസ്തുമതപ്രചരണം പ്രബലപ്പെട്ടത്. പട്ടാളമേലധികാരികൾ 'പട്ടക്കാ'രായിപ്പരിണമിച്ചു! ക്രിസ്തുമത ഗ്രന്ഥങ്ങളും ലഘുലേഖകളും ഇന്ത്യൻ പട്ടാളക്കാർക്കിടയിൽ ധാരാളം വിതരണം ചെയ്തു. പട്ടാള ഉദ്യോഗസ്ഥന്മാരുടെ മതപ്രചരണ ബ്ഭ്രാന്ത് മൂഴത്തപ്പോൾ ഇന്ത്യൻ ശിപ്പായികൾ (പട്ടാളക്കാർ) അവരെ ''മിഷ്യനറി കർണൽ,'' ''പാദരി ലെഫ്ടനൻട്'' എന്നുംമറും വിളിച്ചുതുടങ്ങി!! ക്രിസ്തുമതപ്രചരണം ഭാരതീയഭടന്മാരെ ക്ഷുഭിതരാക്കിത്തീർത്തു !!

അസംതൃപ്തരായ ഭാരതീയ ഭടന്മാർ

ഇന്ത്യൻ പട്ടാളക്കാർ (സിപ്പായികൾ അഥവാ ശിപ്പായികൾ) ഈസ്റ്റ് ഇൻഡ്യാ കമ്പനിക്ക് ഇന്ത്യയിൽ ഒരു സാമ്രാജ്യം സ്ഥാപിച്ചുകൊടുത്തു. പക്ഷേ ബ്രിട്ടീഷുകാർ പ്രബലരായശേഷം കൂടി ഭാരതീയഭടന്മാരെ അവിശ്വസിക്കുവാനും അവഗണിക്കുവാനും തുടങ്ങി. ഇന്ത്യൻ പട്ടാളക്കാർക്ക് ഉദ്യോഗക്കയറ്റവും വേതനവൃദ്ധിയും അലഭ്യമായിത്തീർന്നു. ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർ അവരെ ''പേരേഡിൽ''വെച്ചും മറ്റും പരസ്യമായി അശ്ലീലപദങ്ങളാൽ അഭിഷേകംചെയ്യുക പതിവായിത്തീർന്നു. കമ്പനിക്കാരുടെ അധികാരസീമ വ്യാപ്തമായതോടുകൂടി അവർ നാട്ടുപട്ടാളക്കാരെ ഓരോ ദിവസവും അയച്ചുതുടങ്ങി. ശമ്പളംകയറുകയോ അലവൻസ്

അനുവദിക്കുകയോ ചെയ്തില്ല. സുരേന്ദ്രനാഥിനും സ
ന്നദ്ധരല്ലാത്തവരെ നൂതനനിയമങ്ങൾ നിർമ്മിച്ചും മറ്റും
നിർബ്ബന്ധിച്ചുതുടങ്ങി. 'ബങ്കാൾ സൈന്യ''ത്തിലെ
ഇന്ത്യൻ പട്ടാളക്കാർക്കു് അനുവദിച്ചിരുന്ന പല ആനുകൂ
ല്യങ്ങളും നിർത്തൽചെയ്തു.

കമ്പനിക്കാർ അന്യായമായി അവധദേശത്തെ
അപഹരിച്ചതും ഭാരതീയഭടന്മാരെ ഖേദനിപ്പിച്ചു.
നവാബിന്റെ സേനയെ പിരിച്ചുവിട്ടതിനാൽ ഏതാ
യിരം കുടുംബങ്ങൾ നിരാലംബങ്ങളായിത്തീർന്നു. ഇംഗ്ലീ
ഷുകാരുടെ ഇന്ത്യൻ പട്ടാളക്കാരിൽ ഭൂരിഭാഗവും അവ
ധവാസികളായിരുന്നതിനാൽ അവരുടെ അന്തർവ്വേദ
നയും അസംതൃപ്തിയും അനുദിനം വൃദ്ധിപ്രാപിച്ചു. ക്രിസ്തു
മതപ്രചരണമാകട്ടെ വിരോധവഹ്നിയിൽ നെയ്യൊ
ഴിച്ചു !!

ഈസ്റ്റ് ഇൻഡ്യാ കമ്പനിക്കാർ അന്യായമായി
പല പ്രദേശങ്ങളേയും തങ്ങളുടെ രാജ്യത്തോടു കൂട്ടിച്ചേ
ത്തിരുന്നു. അവയിൽ പല ജി
ല്ലകളിലേയും പ്രജകൾ സന്തു
ഷ്ടന്മാരായും സംതൃപ്തരായും ആംഗ്ല
അനൃകാരണങ്ങൾ
ലാധിപത്യത്തെ അംഗീകരിച്ചിരുന്നില്ല. പലരും പല
പ്പോഴും ആംഗലശക്തിയ്ക്കു് വിരുദ്ധമായി സമരംചെയ്തു
പോന്നിരുന്നു ! അഫ്ഘാൻ യുദ്ധങ്ങളും പഞ്ചാബിൽ
സിക്കുകാർ നടത്തിയ സമരങ്ങളും ആംഗ്ലേയർ അജ്ഞേ

യരാണെന്ന വിശ്വാസത്തെ നിശ്ശേഷം നശിപ്പിച്ചുക ളഞ്ഞിരുന്നു. അതിനുംപുറമെ പ്ലാസിയുദ്ധത്തിന്റെ (Battle of Plassey) ശതവാർഷികദിനത്തോടുകൂടി ഇന്ത്യയിലെ ബ്രിട്ടീഷ് വാഴ്ച അവസാനിയ്ക്കുമെന്ന ദുഢവിശ്വാസം ജനതാമദ്ധ്യേ വളർന്നുവരികയും ചെയ്തിരുന്നു.

അധീനസ്ഥപ്രദേശങ്ങളിലെ ഇന്ത്യൻ ഉദ്യോഗസ്ഥന്മാരും ജനങ്ങളും തങ്ങളുടെ പഴയപദവികളും ആഡംബരവും അന്തസ്സും നിറഞ്ഞ ജീവിതരീതികളും നഷ്ടപ്പെട്ടതിനാൽ അസംതൃപ്തരായിരുന്നു. അവരിൽ ഭൂരിഭാഗവും വിപ്ലവപ്രവർത്തകരോട് രഹസ്യമായി സഹാനുഭൂതി പുലർത്തിപ്പോന്നു. അവസാനം അവരിൽ ധീരതയേറിയവർ നിർഭയം പരസ്യമായി സ്വാതന്ത്ര്യസമരത്തിൽ പങ്കുകൊള്ളുകയുമുണ്ടായി.

പുതിയ ഭൂവ്യവസ്ഥകളും നിയമങ്ങളും സാമ്പത്തികക്കുഴപ്പങ്ങളും ഇന്ത്യക്കാരെ അസംതൃപ്തരാക്കി. മുണ്ടർ, സന്താളർ (Mundas, Sonthals) മുതലായ 'ആദിവാസികൾ' (പൂർവ്വനിവാസികളായ മലമ്പ്രദേശക്കാർ) അവരുടെ സ്വാതന്ത്ര്യത്തെയും സമ്പദ്വ്യവസ്ഥയെയും സംരക്ഷിയ്ക്കുവാനായി സധീരം സമരം ചെയ്തുയുണ്ടായി. ബ്രിട്ടീഷുകാരുടെ സൃഷ്ടികളും മൂഷകരുമായ പുതിയ ജന്മികളോടുള്ള തങ്ങളുടെ തീവ്രവിരോധം അവർ വ്യക്തമാക്കി!

പഴയ പഞ്ചായത്തുകളെ നശിപ്പിച്ച് തൽസ്ഥാനത്ത് പുതിയ ന്യായാലയങ്ങളേയും നിയമങ്ങളേയും മറ്റും സ്ഥാപിച്ചതിൽ ആംഗലേയർ അഭിമാനിച്ചുവെങ്കിലും ഭാരതീയർ അസന്തുഷ്ടരാവുകയാണുണ്ടായത്. നിയമങ്ങൾ വെള്ളക്കാർക്കും ഇന്ത്യക്കാർക്കും ഒരുപോലെ ബാധകങ്ങളായിരുന്നില്ല. വെള്ളക്കാരായ അപരാധികളോട് പക്ഷപാതം പുലർത്തുവാൻ പര്യാപ്തങ്ങളായ നിയമങ്ങൾ നടപ്പിലുണ്ടായിരുന്നു. തന്നിമിത്തം നാട്ടുകാരുടെ അസംതൃപ്തി പൂർവ്വാധികം വർദ്ധിച്ചു!!

ഇന്ത്യക്കാരുടെ മതവിശ്വാസങ്ങളിലും ആചാരവിചാരങ്ങളിലും ആംഗലേയർ ഹസ്തക്ഷേപം ചെയ്തു. ക്രിസ്തുമതപ്രചരണം നടത്തിയതും ഹിന്ദുക്കളേയും മുസൽമാന്മാരേയും പ്രക്ഷുബ്ധമതികളാക്കിത്തീർത്തു. മുസൽമാന്മാർ അവരുടെ പ്രകോപനത്തെ നിർഭയം പ്രകടിപ്പിച്ചു. സയ്യദ് അഹമ്മദ്, ഇനായത് അലി; വിലായത്ത് അലി, മൌലവി അഹമ്മദുള്ളാ എന്നിവർ വെള്ളക്കാർക്ക് വിരുദ്ധമായി ജനതാമദ്ധ്യേ പ്രചരണം നടത്തി. വൈജ്ഞാബാദിലെ ജന്മിയായിരുന്ന മൌലവി അഹമ്മദ് ഷാഹിന്റെ പര്യടനങ്ങളും പ്രഭാഷണങ്ങളും പ്രചരണങ്ങളും അത്യധികം പ്രഭാവശാലികളായിരുന്നു! ജനങ്ങൾ സ്വാധീനവിപ്ലവത്തിന് സന്നദ്ധരായി!!

തന്റെ മതവും ജാതിയും മാനവും തന്റെയും സ്വന്തബന്ധുക്കളുടേയും ജീവനും സമ്പത്തും എതൊരു വ്യക്തിയ്ക്കും അത്യന്തം പ്രിയപ്പെട്ടവയാണ്. ഇവയുടെ മീതെ മറ്റൊരാൾ കൈവെയ്ക്കുന്നതായാൽ എതൊ

രാളം പ്രതിഷേധിക്കുകയും പ്രക്ഷോഭം കൂട്ടുകയും ചെയ്യും. ഇന്ത്യയിൽ 1857ൽ സംഭവിച്ചതു് ഇത്തരത്തിലുള്ള ഒരു വ്യാപകസംരംഭമായിരുന്നു. സമ്രാട്ടു മുതൽ സാധാരണ പൌരൻവരെ സർവ്വരും അരക്ഷിതാവസ്ഥയിൽ ആണ്ടുപോയിരുന്നതിന്റെ അനന്തരഫലമാണു് അമ്പത്തിയേഴിലെ മഹാവിപ്ലവം!!

2. പ്രചരണം

പ്ലാസിയുദ്ധത്തോടുകൂടി തുടങ്ങിയ കമ്പനിമേധാവികളുടെ അന്യായകർമ്മങ്ങളും അപഹരണങ്ങളും ഒരു നൂറാണ്ടിനുള്ളിൽ മൂഢന്യദശയെ പ്രാപിച്ചു. നരേശന്മാരും നാടുവാഴികളും ജന്മികളും ജനതയും ഹിന്ദുക്കളും മുസൽമാന്മാരും ഒരുപോലെ ഇംഗ്ലീഷുകാരെ വെറുത്തു തുടങ്ങി. വെള്ളക്കാരിൽനിന്നു് മാതൃഭൂമിയേയും മതത്തേയും മോചിപ്പിച്ചു് നാട്ടിൽ നിത്യശാന്തിയും സുഖസമൃദ്ധിയും സ്വാതന്ത്ര്യവും സംഭരണവും പുനഃസ്ഥാപിയ്ക്കുവാൻ ഭാരതവാസികൾ ബദ്ധകങ്കണരായി. വിവിധശക്തികളെ "ഒരു ചരടിലിണക്കിക്കോർത്തു" യഥാവിധി സംഘടിപ്പിച്ചു് സമരസന്നദ്ധരാക്കുവാനും വിപുലവിപ്ലവത്തിന്റെ കടിഞ്ഞാൺ കൈയിലേന്തി വിജയത്തിലേയ്ക്കു് നയിയ്ക്കുവാനും സുയോഗ്യനായ നായകൻ മാത്രമേ വേണ്ടിയിരുന്നുള്ളൂ.

അജീമുല്ലാഖാന്റെ വിദേശയാത്ര

ഈ മഹാവിപ്ലവത്തിന്റെ ഒരു പ്രമുഖനേതാവായിരുന്ന "നാനാസാഹേബു് ധുന്ധുപന്തു്". വിപ്ലവത്തിന്റെ സൂത്രപാതം—ആസൂത്രണം (പ്ലാനിടൽ)—കാൺപൂരിനടുത്തുള്ള "ബിഠൂ"രിൽവെച്ചു് നടന്നിരിയ്ക്കണം. പക്ഷെ അജീമുല്ലാഖാനും രംഗോബാപുജി

യും കൂടി ലണ്ടനിൽവെച്ച് ഈ ആസൂത്രണത്തിനു് നിറവും രൂപവും കൊടുക്കുകയുണ്ടായി.

വിപ്ലവത്തിന്റെ മറ്റൊരു പ്രധാനനേതാവു് "അജീമുല്ലാഖാ"നായിരുന്നു. നാനാസാഹേബു് തന്റെ പെൻഷൻ സംബന്ധിച്ചു് 'അപ്പീൽ' ചെയ്യുവാനായി വിശ്വസ്തോപദേശകനായ അജീമുല്ലാഖാനെ ഇംഗ്ലണ്ടിലേയ്ക്കു് അയച്ചു. നീതിനിപുണനും സഫലസന്ധിതനുമായ അജീമുല്ലാഖാന്റെ യത്നമൊന്നും സഫലമായില്ല. "സത്താറ"യിലെ പദച്യുതനായ രാജാവിനുവേണ്ടി 'അപ്പീൽ' (Appeal)* ചെയ്യുവാൻ "രംഗോബാപ്പുജി" എന്ന മഹാരാഷ്ട്രക്കാരനും ഇംഗ്ലണ്ടിൽ ചെന്നിരുന്നു. അദ്ദേഹത്തിന്റെ അഭ്യർത്ഥനയെല്ലാം വ്യർത്ഥമായി! ലണ്ടനിൽവെച്ചു് അജീമുല്ലാഖാനും രംഗോബാപ്പുജിയും പരസ്പരം കണ്ടുമുട്ടി. തുല്യദുഃഖികളായ അവർ അവിടെവെച്ചു് വിപ്ലവാലോചന നടത്തി. ദക്ഷിണഭാരതത്തിലെ രാജാക്കന്മാരേയും മറ്റും വിപ്ലവാനുകൂലികളാക്കുവാൻവേണ്ടി രംഗോബാപ്പുജി 'സത്താറ'യിലേയ്ക്കു് മടങ്ങി.

ഭാരതീയസ്വാതന്ത്ര്യസമരത്തിനു് അന്യരാഷ്ട്രങ്ങളുടെ സഹാനുഭൂതിയും സഹായവും നേടുവാൻവേണ്ടി നയജ്ഞനായ അജീമുല്ലാഖാൻ യൂറോപ്പിലും, റഷ്യയിലും, തുർക്കിയിലും മറ്റും ചുറ്റിസ്സഞ്ചരിച്ചു.

---

* സങ്കടഹരജി.

യൂറോപ്യൻ പയ്യ്ടനം കഴിഞ്ഞ് അജ്മീമുല്ലാഖാൻ മടങ്ങിയെത്തി. നാനാസാഹേബും അജ്മീമുല്ലാഖാനും 'ബിഠൂ'രിലിരുന്നു വിപ്ലവത്തിനു വേണ്ടുന്ന ഒരുക്കങ്ങം കൂട്ടിത്തുടങ്ങി. *

ഭാരതവാസികം എല്ലാവരും, ജാതിമതവ്യത്യാസമെന്യെ, വൃദ്ധനായ ''ബഹദൂർശാഹ്'' ചക്രവർത്തിയുടെ പതാകയ്ക്കു കീഴിൽ അണിനിരന്നു അടരാടണമെന്നും ആംഗ്ലേയരെ ഇന്ത്യയിൽനിന്നു ആട്ടിയോടിച്ചശേഷം ചക്രവർത്തിയുടെ അധീനത്തിൽ സമതാസുന്ദരമായ ഒരു സത്ഭരണം ഇന്നാട്ടിൽ സംസ്ഥാപിയ്ക്കണമെന്നും വിപ്ലവവാദികം തീരുമാനിച്ചു. ഈ നിണ്ണയം നടപ്പിൽ വരേണമെങ്കിൽ വിപുലവും പ്രബലവുമായ ഗൂഢസംഘടന നാട്ടിലെല്ലാം വളരണമെന്നും ഇന്ത്യയിൽ സർവ്വത്ര ഒരേദിവസം ഇംഗ്ലീഷുകാക്കു് എതിരാ

രാഷ്ട്രീയസന്യാസികളും ഗൂഢപ്രതന്മാരും

---

* നാനാസാഹേബും റഷ്യയിലെ സാർചക്രവർത്തിയും തമ്മിൽ സന്ധി നടക്കുകയുണ്ടായി എന്നു് ഒരു കിംവദന്തിയുണ്ടു്. ഇറലിയിലെ സേനാപതിയായിരുന്ന ''ഗരിബാൾഡി'' സൈന്യവും സന്നാഹവുമായി ഭാരതവാസികളെ സഹായിയ്ക്കുവാൻ സന്നദ്ധനായി. ആഭ്യന്തരകലഹങ്ങം കാരണം അദ്ദേഹത്തിനു് ഉടനെ പുറപ്പെടുവാൻ സാദ്ധ്യമായില്ല. അദ്ദേഹം തയ്യാറായപ്പോഴേക്കും ഇന്ത്യൻ വിപ്ലവം ആറിത്തണുത്തിരുന്നു.

യി സമരം ആരംഭിക്കണമെന്നും ആ ഗ്രൂഢാലോചനക്കാർ മനസ്സിലാക്കി.

ഈ രഹസ്യസംഘടനയുടെ ശിലാസ്ഥാപനം നടന്നത് ബിഠൂരിൽവെച്ചാണ്. 1856ന് അല്പം മുമ്പുതന്നെ നാനാസാഹേബ് ബിഠൂരിലിരുന്ന് ഗ്രൂഢപ്രവർത്തനം തുടങ്ങി. അദ്ദേഹത്തിന്റെ ഗ്രൂപ്പ്ദൂതന്മാരും പ്രചാരകന്മാരും ഭാരതമെങ്ങും നിറഞ്ഞു. ദൂതന്മാർ നാനാസാഹേബിന്റെ സന്ദേശവും വഹിച്ച് എല്ലാ നാട്ടുരാജാക്കന്മാരേയും സമീപിച്ചു. പ്രചാരകന്മാർ കമ്പനിക്കാരുടെ കീഴിലുള്ള ഇന്ത്യൻപട്ടാളക്കാരേയും ജനതയേയും വിപ്ലവവാദികളാക്കിത്തീർത്തു. ഫക്കീറുകളുടേയും ഹൈന്ദവസന്ന്യാസികളുടേയും വേഷത്തിൽ പ്രചാരകന്മാർ ഗ്രാമങ്ങൾതോറും ചുറ്റിസ്സഞ്ചരിച്ചു. ഇന്ത്യൻ പട്ടാളഉദ്യോഗസ്ഥന്മാരുമായി രഹസ്യമായ കത്തിടപാടുകൾ നടന്നു. തദ്ഫലം ഒരു ഗ്രൂപ്പലിപികൂടി നിർമ്മിതമായി. പ്രഭുക്കന്മാരും പ്രബലരായ ജന്മികളും സമ്പന്നരും ധനരാശി വാരിച്ചൊരിഞ്ഞ് ആത്മാർത്ഥമായി സഹകരിച്ചു. മൌലവികളും പുരോഹിതന്മാരും വിപ്ലവവിജയത്തിനുവേണ്ടി ഇടവിടാതെ പ്രാർത്ഥന നടത്തി.

ഗ്രൂപ്പുസഭകൾ, നാടകങ്ങൾ, വിനോദോത്സവങ്ങൾ മുതലായവ പ്രചരണത്തിനു് ഉപയുക്തമായി. ദില്ലി രാജസഭയിലെ ആസ്ഥാനകവി ഒരു 'രാഷ്ട്രീയഗാനം' വിരചിച്ചു. ജനങ്ങൾ അത് ഏറ്റുപാടി.

---

f ഫക്കീർ=മുസ്ലീംസന്യാസി.

വിപ്ലവവാദികൾ സ്വാതന്ത്ര്യസമരത്തെ സുശക്തമാക്കുവാനും യഥാരീതി സംഘടിപ്പിക്കുവാനും സഹായകമായിത്തീരുവാൻ ''പയാമേ ആസാദി'' എന്ന ഒരു പത്രവും സമാരംഭിച്ചിരുന്നു. ഡൽഹിയിൽനിന്നു് പ്രസിദ്ധപ്പെടുത്തിയിരുന്നതും സ്വാതന്ത്ര്യസന്ദേശം പ്രചരിപ്പിച്ചിരുന്നതുമായ പ്രസ്തുത പത്രത്തിനു് ഉർദുവിലും ഹിന്ദിയിലും പ്രത്യേകം പതിപ്പുകൾ ഉണ്ടായിരുന്നു. പിന്നീടു് ഝാൻസിയിൽനിന്നു് ഇതിന്റെ ഒരു മറാത്തി (മറാഠി) പ്പതിപ്പും പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ബഹാദുർഷാഹ് ചക്രവർത്തി വിപ്ലവത്തിന്റെ നേതൃത്വം ഏറ്റെടുത്തപ്പോൾ ഹിന്ദുക്കളേയും മുസൽമാന്മാരേയും സ്വാതന്ത്ര്യസമരത്തിനു് ആഹ്വാനം ചെയ്യുന്ന മഹത്പൂർണ്ണമായ ഒരു വിളംബരം ''പയാമേ ആസാദിൽ'' പ്രസിദ്ധപ്പെടുത്തിയതും പ്രസ്താവ്യമത്രെ.

സംഘടനാകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിച്ചു. പ്രചാരണം തൈനന്ദിനം പ്രബലമായി. യുദ്ധസാമഗ്രികൾ, ആയുധങ്ങൾ, വെടിമരുന്നു് മുതലായവയെല്ലാം രഹസ്യമായി നിർമ്മിച്ചുതുടങ്ങി. വിപ്ലവത്തിനുള്ള കരുക്കൾ മിക്കതും പൂർത്തിയായി. തന്ത്രനിപുണന്മാരായ ഇംഗ്ലീഷുകാർക്കു് ഈ രഹസ്യസംഘടനയെപ്പറ്റിയോ ഗൂഢപ്രചരണത്തെസ്സംബന്ധിച്ചോ ഒന്നും ഗ്രഹിക്കുവാൻ സാധിച്ചില്ല. ഇതിൽനിന്നു് വിപ്ലവസൂത്രധാരന്മാരുടേയും വിവിധപ്രവർത്തകന്മാരുടേയും സംഘടനാചാതുര്യവും കർമ്മകുശലതയും സുവ്യക്തമാവുന്നുണ്ടു്

ബഹദൂർഷാഹ് ചക്രവർത്തിയും ബേഗംജീനത് മഹലവും (ചക്രവർത്തിനിയും) മറ്റും രാജ്യത്തിനേയും നാനാസാഹെബിനെയും സഹായിക്കുവാൻ സന്നദ്ധരായി. ഡൽഹിയിൽ(ഡില്ലിയിൽ)

പ്രബലകേന്ദ്രങ്ങൾ

ഗൂഢസഭകളും പ്രചരണവും പതിവായിത്തീർന്നു. ലക്നൌവിൽനിന്ന് നിഷ്കാസിതനായ വാജിദ്അലീഷാഹും (അവധനവാബും) അദ്ദേഹത്തിന്റെ പത്നിയായ ബേഗം ഹസ്രത്മഹലും സചിവോത്തമനായ വജീർ അലീനകീഖാനും അവധത്തിലെ ജന്മികളും ഇടപ്രഭുക്കന്മാരും പ്രജകളും സ്വാത്മനാ വിപ്ലവത്തിന്റെ വിജയത്തിനുവേണ്ടി ഭഗീരഥപ്രയത്നം ചെയ്തുതുടങ്ങി. വജീർ അലീ നകീഖാൻ കല്ക്കത്തയിൽ സ്ഥിതിചെയ്ത് വമ്പിച്ചതോതിൽ ഗൂഢപ്രചരണം നടത്തി. ഡൽഹി, ബിഹാർ, ലക്നൌ, കല്ക്കത്ത, സത്താറ എന്നിവയായിരുന്നു വിപ്ലവമഹാരഥന്മാരുടെ പ്രവർത്തനകേന്ദ്രങ്ങൾ.

വിപ്ലവസംബന്ധികളായ വിവിധകേന്ദ്രങ്ങളേയും ഗൂഢസംഘടനകളേയും കൂട്ടിയിണക്കുവാനും വിപ്ലവദിനം നിശ്ചയിക്കുവാനുംവേണ്ടി, 1857 മാർച്ചിൽ നാനാസാഹബും അജീമുല്ലാഖാനും

രാഷ്ട്രീയതീർത്ഥയാത്ര

'തീർത്ഥയാത്ര'ക്കാരുടെ നിലയിൽ ദേശാടനത്തിന് പുറപ്പെട്ടു. നാനാസാഹബിന്റെ സഹോദരനും (ബാലാസാഹബ്) അവരെ അനുഗമിച്ചു. ആദ്യമായി അ

വർ ദില്ലി (ദൽഹി) സന്ദർശിച്ചു. പെങ്കോട്ടയിൽവെച്ചു ബഹാദ്ദർശാഹ് ചക്രവർത്തിയും ബേഗവും (ചക്രവത്തിനിയും) ദൽഹിയിലെ പ്രമുഖനേതാക്കന്മാരുമായി ഗൂഢമന്ത്രണകർം നടത്തി. പിന്നെ അംബാല മുതലായ സ്ഥലങ്ങളിലും പോയി. ഏപ്രിൽമാസത്തിൽ അവർ ലക്ക്നൌവിൽ എത്തി. തദനന്തരം 'കാൺപി' മുതലായ സ്ഥലങ്കൾ സന്ദർശിച്ച് ഏപ്രിൽ അവസാനം ബിഹാറിൽ മടങ്ങിയെത്തി. യാത്രാമദ്ധ്യേ ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാരുമായി സംഭാഷണംചെയ്യാനും അവരുടെ സംശയങ്കൾ തീർക്കുവാനും അവരുടെ പട്ടാള കേന്ദ്രങ്കൾ സന്ദർശിയ്ക്കുവാനും നാനാസാഹബ് ഉത്സുകനായിരുന്നു.

നാട്ടിലെല്ലാം ഭ്രമണംചെയ്ത് ജനതയെ വിപ്ലവത്തിനു് തയ്യാറാക്കിയ പ്രചാരകന്മാരിൽ 'ഫൈജാബാദി'ലെ വലിയൊരു ജന്മിയായിരുന്ന "മൌലവി അഹമ്മദ് ശാഹ്" പ്രമുഖനായിരുന്നു. അദ്ദേഹത്തിന്റെ ആവേശകരമായ പ്രസംഗങ്കൾകേട്ട് ആയിരക്കണക്കിലുള്ള സഭാവാസികൾ സ്വാതന്ത്ര്യസമരത്തിനു വേണ്ടി സ്വവും ത്യജിയ്ക്കുവാൻ സന്നദ്ധരായി.

വിപ്ലവനേതാക്കന്മാർ തങ്ങളുടെ വിപുല സംഘടനയ്ക്ക് വിശിഷ്ടങ്ങളായ രണ്ടു ചിഹ്നങ്കൾ നിശ്ചയിച്ചു. ഒന്ന് പൊന്താമരപ്പൂവും മറ്റേതു് ചപ്പാത്തിയും (റൊട്ടിയും) ആയിരുന്നു. ഒരു സൈനികസംഘത്തിലെ ഏതെങ്കി

പൊന്താമരയും ചപ്പാത്തിയും

ലും ഒരു പട്ടാളക്കാരൻ ഒരു താമരപ്പൂവ് കൈയിലേന്തി അടുത്തുള്ള പട്ടാളകേന്ദ്രത്തിൽചെല്ലും. ആ പൂവ് അവിടെയുള്ളവരുടെയെല്ലാം കൈയിൽ വഴിയ്ക്കുവഴിയായി ചെന്നുചേരും. അവസാനം കൈപ്പറ്റുന്ന ആൾ അടുത്തുള്ള പട്ടാളസംഘത്തിൽ അതിനെ എത്തിച്ചു കൊടുക്കും. ഇങ്ങിനെ ആയിരക്കണക്കിലുള്ള ചെന്താമരപ്പൂക്കൾ 'ബാരക്ക്പൂർ' മുതൽ 'പേഷവാർ'വരെയുള്ള വിവിധസൈനികകേന്ദ്രങ്ങളിൽ 'ഭ്രമണം'ചെയ്തുയുണ്ടായി. താമരപ്പൂവ് കൈക്കൊള്ളുന്ന സംഘത്തിലെ സൈനികന്മാരെല്ലാം വിപ്ലവത്തിൽ പങ്കുകൊള്ളുവാൻ തയ്യാറാണ് എന്നായിരുന്നു ഇങ്ങനെ ചെയ്യുന്നതിന്റെ ഗൂഢാർത്ഥം.

ഒരു ഗ്രാമത്തിലെ 'കാവൽക്കാരൻ' (ചൌക്കീദാർ) ഒരു ചപ്പാത്തിയുമായി അടുത്ത ഗ്രാമത്തിൽ ചെല്ലും. അവിടത്തെ കാവൽക്കാരൻ അതിന്റെ ഒരു കഷ്ണം ആസ്വദിക്കുകയും ബാക്കി മറ്റുള്ളവർക്ക് ഭാഗിച്ചുകൊടുക്കുകയുംചെയ്യും. പിന്നെ ഗോതമ്പുകൊണ്ടുള്ള അത്തരം ചപ്പാത്തി ഉണ്ടാക്കി സമീപമുള്ള ഗ്രാമത്തിൽ എത്തിയ്ക്കും. റൊട്ടി കൈക്കൊള്ളുന്ന ഗ്രാമവാസികൾ രാഷ്ട്രീയവിപ്ലവത്തിൽ ഭാഗഭാക്കാകുവാൻ ഒരുക്കമാണെന്ന് മറ്റുള്ളവർ മനസ്സിലാക്കും. ഇങ്ങനെ ഗ്രാമങ്ങൾതോറും ചപ്പാത്തികൾ കൈമാറി സഞ്ചരിച്ചുതുടങ്ങി. സൈനികന്മാർക്ക് ചെന്താമരപ്പൂവും സാധാരണ ജനത്തിന് ചപ്പാത്തിയും അർത്ഥവത്തായ ചിഹ്നങ്ങൾതന്നെ എന്നും ആരും സമ്മതിയ്ക്കും.

നാനാസാഹബിന്റെ 'തീർത്ഥയാത്ര'യിൽ 'വിപ്ല
വദിന'ത്തെ സംബന്ധിച്ച തീരുമാനവുംനടന്നു. 1857
മെയ് 31-ാംനു ഞായറാഴ്ച
ശുഭമുഹൂർത്തം 11 മണിക്കു് ഇന്ത്യയിൽ അ
ങ്ങോളമിങ്ങോളം ഒരേസമയ
ത്തു് ഒരുപോലെ വിപ്ലവം സമാരംഭിയ്ക്കണമെന്നായി
രുന്നു നിശ്ചയം. ∫ഈ ശുഭമുഹൂർത്തത്തെപ്പറ്റി ഓരോ
കേന്ദ്രത്തിലെ പ്രമുഖനേതാക്കന്മാർക്കും ഓരോ പട്ടാള
സംഘത്തിലെ മൂന്നു് മുഖ്യഉദ്യോഗസ്ഥന്മാർക്കും മാത്രമേ
അറിവുണ്ടായിരുന്നുള്ളൂ.

∫ 1857 ജൂൺ 22-ാംനു (സ്വാസിയുദ്ധത്തിന്റെ ശതാബ്ദ
പൂർത്തിദിനം) വിപ്ലവം സർവ്വത്ര സമാരംഭിയ്ക്കണമെന്നാണു്
നിശ്ചയിച്ചിരുന്നതു് എന്നും ഒരു അഭിപ്രായമുണ്ടു്.

3. അകാലവിപ്ലവം

1853-ൽ ഈസ്റ്റ് ഇൻഡ്യാ കമ്പനിക്കാർ ഒരുതരം പുതിയ വെടിയുണ്ട (തിര) ഉണ്ടാക്കുവാനായി ഇന്ത്യയിൽ പല തൊഴിൽശാലകളും തുറന്നു. 'ബോരക്പൂരി' നടുത്തും ഒരു ഫാക്ടറി തുറക്കുകയുണ്ടായി. പുതിയ തിരകളിൽ (ഉണ്ടകളിൽ) പശുവിന്റേയും പന്നിയുടേയും കൊഴുപ്പുകലർത്തുന്നുണ്ടെന്നു് ഇന്ത്യൻ പട്ടാളക്കാർ കുറെകഴിഞ്ഞപ്പോൾ മനസ്സിലാക്കി. അവക്കു് ഉണ്ടകളെ പല്ലുകൊണ്ടു് കടിയ്ക്കുണ്ടിയിരുന്നു. തങ്ങളുടെ മതവിശ്വാസങ്ങൾക്കു് വിരുദ്ധമായ വസ്തുക്കൾ (കൊഴുപ്പുകൾ) ചേർത്തുണ്ടാക്കിയ ഉണ്ടകളാണു് ഉപയോഗിയ്ക്കുണ്ടിവരുന്നതു് എന്നറിഞ്ഞപ്പോൾ ഹിന്ദുക്കളും മുസൽമാന്മാരുമായ പട്ടാളക്കാർ കുപിതരായി. വെള്ളക്കാരോടുള്ള അവരുടെ വെറുപ്പും വിദ്വേഷവും പൂർവ്വാധികം വർദ്ധിച്ചു. ഈ 'കൊഴുപ്പുവാർത്ത' ഇന്ത്യയിലെ പട്ടാളപ്പാളയങ്ങളിലെല്ലാം മിന്നൽവേഗത്തിൽ പ്രചരിച്ചു. തൽസംബന്ധമായ കത്തിടപാടുകൾ ദ്രുതഗതിയിൽനടന്നു. ഇംഗ്ലീഷുകാരുടെ 'കൊഴുപ്പു്' അടക്കാതെ—പകരംചോദിയ്ക്കാതെ—തങ്ങൾ അടങ്ങുകയില്ലെന്നു് ഇന്ത്യൻപട്ടാളക്കാർ ദൃഢനിശ്ചയംചെയ്തു. അവർ സമരത്തിനു് മുതിർന്നു. മെയ് 31-ാംനു-വരെ (വിപ്ലവംതുടങ്ങാൻ നിശ്ചയിച്ച ശുഭ

കൊഴുപ്പും കുഴുപ്പവും

ദിനംവരെ) അവരെ അടക്കിനിർത്തുവൻ ഇന്ത്യൻ മേലുദ്യോഗസ്ഥന്മാർ വളരെ യത്നിച്ചുനോക്കി. പക്ഷേ നിർഭാഗ്യവശാൽ നിശ്ചിതസമയത്തിന്നു മുമ്പുതന്നെ വിപ്ലവം പൊട്ടിപ്പുറപ്പെട്ടു!!

1857 ഫെബ്രുവരിയിൽ ബാരക്ക്പൂരിലെ 19-ാംനമ്പർ പട്ടാളത്തിന്നു് പുതിയ തിരകും കൊടുത്തപ്പോൾ അവർ അതു് ഉപയോഗിക്കയില്ലെന്നു് ശഠിച്ചു. ബമ്മയിൽനിന്നു് വെള്ളപ്പട്ടാളത്തെവരുത്തി ഇന്ത്യൻ പട്ടാളക്കാരെക്കൊണ്ടു് ആയുധംവെപ്പിയ്ക്കാനും അവരെ ഉദ്യോഗത്തിൽനിന്നു് പിരിച്ചുവിടുവാനും ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാർ തീരുമാനിച്ചു. ഇന്ത്യൻ പട്ടാളക്കാർക്കു് ഈ കാര്യം മനസ്സിലായി. ആയുധംവെച്ചു കീഴടങ്ങുന്നതിനേക്കാൾ ഉടനെത്തന്നെ ആയോധനംചെയ്യുകയാണു് ഉത്തമമെന്നു് അവർക്കുതോന്നി. അവരുടെ ഭാരതീയമേലുദ്യോഗസ്ഥന്മാർ മെയ് 31-ാംനു വരെ ക്ഷമിച്ചിരിയ്ക്കുവാൻ ഉപദേശിച്ചു. എന്നാൽ ഒരു യുവസൈനികൻ അദമ്യമായ ആവേശത്തള്ളലിന്നു് അധീനനായി അതിനുമുമ്പുതന്നെ വിപ്ലവാരംഭം മുഴക്കി.

മംഗലപാണ്ഡേ
—പ്രഥമരക്തസാക്ഷി—

1857 മാച്ചു് 29-ാംനു മുൻപറഞ്ഞ പട്ടാളത്തിന്നു് പരേഡ്മൈതാനത്തിൽ അണിനിരക്കുവാൻ ആജ്ഞ ലഭിച്ചു. പട്ടാളക്കാർ നിരന്നുനിന്നപ്പോൾ "മംഗലപാണ്ഡേ" എന്ന യുവഭടൻ മുന്നോട്ടുവന്നുനിന്നു്, ഇംഗ്ലീഷുകാരെക്കെതിരായി ധർമ്മയുദ്ധം തുടങ്ങുവാൻ എ

ല്ലാവരേയും ആഹ്വാനംചെയ്തു. ഇതുകണ്ടപ്പോൾ ഒരു ഇംഗ്ലീഷ് പട്ടാളഉദ്യോഗസ്ഥൻ മംഗലപാണ്ഡയെ അറസ്റ്റുചെയ്യുവാൻ മറ്റു ഭടന്മാരോട് ആജ്ഞാപിച്ചു. പക്ഷേ ആജ്ഞാപാലനത്തിനു് ആരും ഒരുങ്ങിയില്ല. മംഗലപാണ്ഡെയുടെ വെടിയുണ്ടയേറു് ആ ഉദ്യോഗസ്ഥൻ മൃതിയടഞ്ഞു. മറ്റൊരു ഇംഗ്ലീഷ് ഉദ്യോഗസ്ഥനും പാണ്ഡെയുടെ വാളിന്നിരയായി.

പിന്നീടു് 'കർണൽ' വന്നു് അറസ്റ്റ്ചെയ്യാനുള്ള ആജ്ഞ പുറപ്പെടുവിച്ചു. ഇന്ത്യൻ പട്ടാളക്കാർ അതിനു തയ്യാറായില്ല. അവസാനം 'ജനറൽ' വന്നു. അദ്ദേഹം കുറച്ചു് ഇംഗ്ലീഷുഭടന്മാരൊരുമിച്ചു് പാണ്ഡെയുടെനേക്കുചെന്നു. രക്ഷാമാർഗ്ഗം അടഞ്ഞുകണ്ടപ്പോൾ ആ വീര രയോദ്ധാവു് സ്വയം വെടിവെച്ചു് വീരഗതിയടയാൻ മുതിർന്നു. ആയാൾ മുറിവേറ്റു് നിലംപതിച്ചു. ഉടനെ ബന്ധനസ്ഥനുമായി.

മംഗലപാണ്ഡെയുടെ 'കോർട്ടുമാർഷൽ' (പട്ടാള ക്കോടതിയിലെ വിചാരണ) നടന്നു. ആ യുവകേസരി യെ തൂക്കിക്കൊല്ലുവാൻ വിധിച്ചു. ബെരക്കുപൂരിലെ തോട്ടികൾ ആയാളെ തൂക്കിലിടുവാൻ തയ്യാറായില്ല. അവസാനം കൽക്കത്തയിൽനിന്നു് നാലുപേരെ കൊണ്ടുവരേണ്ടിവന്നു. അങ്ങനെ ഏപ്രിൽ 8-ാംനു- മംഗല പാണ്ഡെ പ്രഥമരക്തസാക്ഷിയായി വീരസ്വർഗ്ഗം പ്രാപിച്ചു !! *f*

---

f 1857-ലെ വിപ്ലവത്തിൽ പങ്കെടുത്ത വീരഭടന്മരെയെല്ലാം "പാണ്ഡെ" എന്നു് വിളിച്ചിരുന്നുവത്രെ.

''പശ്ചുവിന്റെറയും പന്നിയുടേയും കൊഴപ്പുമേ
ത്ത തിരകഥ'' വെറും ''കെട്ടുകഥ''യാണെന്നും ആ
കിംവദന്തികഥ വിശ്വസിച്ചു

കെട്ടുകഥയല്ല

മതഭ്രാന്തരായ ഇന്ത്യൻ പട്ടാള
ക്കാർ ബുദ്ധിയില്ലാതെ ബഹള
മുണ്ടാക്കിയതാണു് 1857-ലെ ''ശിപ്പായിലഹള''യാ
യി പര്യവസാനിച്ചതെന്നും ഇംഗ്ലീഷ് പട്ടാളമേലധി
കാരികളും ആംഗലേയപക്ഷപാതികളായ ചില ലേഖ
കന്മാരും രേഖപ്പെടുത്തിയിട്ടുണ്ടു്. ''കൊഴപ്പ''ല്ല
1857ലെ ''കുഴപ്പം'' (വിപ്ലവം) സൃഷ്ടിച്ചതു്. അതി
ന്റെ യഥാർത്ഥകാരണങ്ങൾ ആദ്യം വിവരിച്ചിട്ടുണ്ടു്.
ഇന്ത്യയിലങ്ങോളമിങ്ങോളം അന്തരാന്തരാ പരന്നുപി
ടിച്ചിരുന്ന വിപ്ലവത്തീപ്പൊരികൾക്കു് ''കൊഴപ്പു്''
ഉത്തേജകമായെന്നു മാത്രം പറയാം. വിപ്ലവക്കരിമരു
ന്നുക്കൂമ്പാരത്തിൽ വീണ ഒരു തീപ്പൊരി മാത്രമായിരു
ന്ന ''കൊഴപ്പു''വാർത്ത! വിപ്ലവകാലത്തു്, ''കൊഴ
പ്പു''മുദ്ര കുത്തപ്പെട്ട അതേ തിരകൾ ഇന്ത്യൻ പട്ടാള
ക്കാർ ആംഗ്ലേയരുടെ നേർക്കു് പ്രയോഗിച്ചിരുന്നുവെന്ന
തും സ്മർത്തവ്യമത്രെ. ''കൊഴപ്പുണ്ട''യ്ക്കാൾ അവർ
വെറുത്തിരുന്നതു് അധികാര''ക്കൊഴപ്പു''കൊണ്ടു് അ
ന്നീതിചെയ്ത ആംഗലേയരെയായിരുന്നു!!

അന്നത്തെ പുതിയ തിരകളിൽ പശ്ചുവിന്റെറയും
പന്നിയുടേയും ''കൊഴപ്പു്'' (വസ) കലർത്തിയിരുന്നു
വെന്നതിനു് പല തെളിവുകളും ഉണ്ടു്. സർജോൺ,

വില്യം ലേക്കീ മുതലായ ചരിത്രകാരന്മാരും മറ്റു പല വിദേശികളും ഈ ''രഹസ്യം'' വെളിപ്പെടുത്തിയിരിക്കുന്നു. എന്നതായാലും ഈ ''കൊഴപ്പ്'' അകാലവിപ്ലവത്തിനും അവസാനം അപജയത്തിനും കാരണമായെന്നു് സമ്മതിയ്ക്കാതെ കഴികയില്ല.

''പാണ്ഡവവധ''ത്തെത്തുടന്നു്, ഗ്രഡ്ഡമ്മയി വിപ്ലവാലോചനകൾ നടത്തിയെന്ന കുറ്റം ചുമത്തി 19-ാം നമ്പർ പട്ടാളത്തെയും

മീററിൽ അകാലവിപ്ലവം

34-ാം നമ്പർ പട്ടാളത്തെയും കമ്പനിക്കാർ പിരിച്ചുവിട്ടു. 34-ാം നമ്പർ പട്ടാളത്തിലെ സുബേദാരെ തൂക്കിക്കൊന്നു!

1857 മെയ് 6-ാംനു * ''മീററി''ലുണ്ടായിരുന്ന പെറിയൊരു ഇന്ത്യൻ കുതിരപ്പട്ടാളത്തിനു് ''കൊഴപ്പു''കലർത്തിയ തിരകൾ ഉപയോഗിയ്ക്കുവാൻ കൊടുത്തു. 90 പട്ടാളക്കാരിൽ 85 പേരും ഉപയോഗിയ്ക്കുവാൻ കൂട്ടാക്കിയില്ല. 'കോർട്ടുമാഷ്ൽ' നടന്നു. എട്ടും പത്തും കൊല്ലത്തെ കഠിനതടവിനു് വിധിച്ചു. മെയ് 9-ാംനു രാവിലെ, പരേഡിൽവെച്ചു് പരസ്യമായി അവരുടെ കൈയ്യിനും കാലിനും ചങ്ങലയിട്ടു് ജയിലിലേയ്ക്കയച്ചു. ഈ അപമാനകരമായ പെരുമാറ്റം കണ്ടു് അവർ ഉയർത്തുവന്ന കോപത്തെ ഒരുവിധം അടക്കിനിർത്തി.

---

* Meerut

അവർ അന്നു് വൈകുന്നേരം പട്ടണത്തിൽ പോയപ്പോൾ അവിടത്തെ (മീററ്റിലെ) സ്ത്രീകൾ അവരെ പരിഹസിച്ചു! ''സഹോദരന്മാർ ജയിലിൽ കിടന്നു് നരകിയ്ക്കുമ്പോൾ തെരുവിൽക്കൂടി നില്ക്കുജ്ജം ഞെളിഞ്ഞുനടക്കുന്നുവല്ലോ'' എന്നിങ്ങനെ അവർ വ്യംഗ്യ ബാണങ്ങൾ തൊട്ടുത്തുവിട്ടു. അതെല്ലാം ആ യുവഭടന്മാരുടെ ഹൃദയത്തിൽ തറച്ചു. അവർ അന്നരാത്രി രഹസ്യ സമ്മേളനം നടത്തി. 31-ാംനു വരെ കാത്തിരിയ്ക്കുവാൻ കഴികയില്ലെന്നു് തീർച്ചയാക്കി. തങ്ങൾ രണ്ടുദിവസത്തിനുള്ളിൽ ഡൽഹിയിൽ എത്തിച്ചേരുമെന്നു് നേതാക്കന്മാരെ അറിയിച്ചു.

മെയ് 10-ാംനു-തന്നെ മീററ്റിൽ വിപ്ലവം ആരംഭിച്ചു ആയുധധാരികളായ ജനതയും ഭാരതീയ ഭടന്മാരും ഇംഗ്ലീഷുകാരെ കൊന്നുതുടങ്ങി. അവരുടെ ബങ്കളാവുകളും ആപ്പീസ്സുകളും ഭോജനശാലകളും മറ്റും തൊടിയ്ക്കുള്ളിൽ ഭസ്മമായി!! റെയിൽപ്പാതകളിൽ വിപ്ലവവാദികൾ കാവലേർപ്പെടുത്തി. കമ്പികൾ മുറിച്ചുനീക്കി. ജയിൽ തട്ടിൻനിരത്തി; തടവുകാരെ വിമുക്തരാക്കി!!

* * * *

1857 മെയ് 10-ാംനു- രാത്രി മീററ്റിലെ എല്ലാ പട്ടാളക്കാരും ഡൽഹിയിലേയ്ക്കു് പുറപ്പെട്ടു. കുതിരപ്പട്ടാളക്കാർ 11-ാംനു- രാവിലെ ഡൽഹിയിലെത്തി. കമ്പനിക്കാർ അമ്പരന്നു. 'ലഹളക്കാ

ചെങ്കോട്ടമേൽ
പച്ചക്കൊടി!

രെ' അമത്തുവാനായി 54–ാം നമ്പർ ഇന്ത്യൻ പട്ടാള ത്തിനു് കർണൽ റിപ്പേ കല്പനകൊടുത്തു. പക്ഷേ ഒൽഹിയിലെ പട്ടാളക്കാരും മീററ്റിൽ നിന്നു വ ന്ന ''ലഹള''ക്കാരും പരസ്പരം ആശ്ലേഷിയ്ക്കുയാണു ണ്ടായതു്!! കർണൽ പരിഭ്രമിച്ചു! അദ്ദേഹത്തെയും മററു് ഇംഗ്ലീഷ്പട്ടാളഉദ്യോഗസ്ഥന്മാരേയും വിപ്ലവ കാരികൾ വധിച്ചു. നാതിവിലംബം ഒില്ലിയിലെ പെ ങ്കോട്ട അവരുടെ അധീനത്തിലായി.

അപ്പോഴേയ്ക്കും മീററ്റിലെ കാലാൾപ്പടയും പീ രങ്കിപ്പടയും ഒൽഹിയിലെത്തി. പീരങ്കിപ്പട കോട്ട യിൽ പ്രവേശിച്ചു ഉടനെ 'ബഹാദുർശാഹ്' ചക്രവ ർത്തിയെ, 21 പീരങ്കികൾ മുഴക്കി, അഭിവന്ദിച്ചു. പെ കുകണ്ണൈന എല്ലാവരും അപേക്ഷിച്ചതനുസരിച്ചു് വൃദ്ധ നായ ചക്രവർത്തി 'സ്വാതന്ത്ര്യസമര'ത്തിന്റെ നേതൃ തം സ്വീകരിച്ചു.

ഒൽഹിയിലെ പെങ്കോട്ടയുടെ മീതെ ബഹാദുർ ശാഹ് ചക്രവർത്തിയുടെ ഹരിതപതാക(പച്ചക്കൊടി) പാറിക്കളിച്ചു. 1857ൽ ആരംഭിച്ച സ്വാതന്ത്ര്യസമര ത്തിൽ വിപ്ലവകാരികൾ ഈ പച്ചക്കൊടിയെ തങ്ങളു ടെ യുദ്ധപതാകയായി സ്വീകരിച്ചു.

കോട്ടയുടെ സമീപത്തു് ഇംഗ്ലീഷുകാരുടെ ഒരു ശസ്ത്രഭണ്ഡാരം (Magazine) ഉണ്ടായിരുന്നു. ഗത്യന്തര മില്ലാതായപ്പോൾ അവർ അതിനെ അഗ്നിക്കിരയാക്കി. എങ്കിലും ഭാരതീയഭടന്മാർക്കു് കുറെ തോക്കുകൾ കര

ഗതമായി. നഗരത്തിലും പട്ടാളകേന്ദ്രത്തിലും (പാളയത്തിലും) വെച്ച് എത്രയോ വെള്ളക്കാർ കൊല്ലപ്പെട്ട! മെയ് 18-ാംനു ദില്ലീഗർഗ്ഗം (പെങ്കോട്ട) മുഴുവനും വിപ്ലവകാരികൾക്ക് അധീനമായി. എല്ലാവരും വീണ്ടും ബഹദൂർശാഹിനെ ദില്ലീ ചക്രവർത്തിയായി പരിഗണിച്ചുതുടങ്ങി.

കമ്പനിക്കാരുടെ 9-ാംനമ്പർ കാലാൾപ്പട അലീഗർ, മൈൽപുരി, ഇട്ടാവാ, ബുലന്ദ്ശഹർ എന്നിവിടങ്ങളിൽ ചിന്നിച്ചിതറിക്കിടന്നിരുന്നു. മെയ് ആരംഭത്തിൽ, പട്ടാളകേന്ദ്രങ്ങളിൽ വിപ്ലവപ്രചാരം നടത്തിയിരുന്ന ഒരു ബ്രാഹ്മണനെ അലീഗറിലെ ഇന്ത്യൻ പട്ടാളക്കാരുടെ മുമ്പിൽവെച്ച് തൂക്കിക്കൊന്നു. ഭാരതീയ ഭടന്മാർക്ക് ആ ദൃശ്യം ഹൃദയഭേദകമായിത്തീർന്നു!! അവരുടെ രക്തം തിളച്ചുതുടങ്ങി. 31-ാംനു-വരെ ക്ഷമിച്ചിരിയ്ക്കുവാൻ അവർ അശക്തരായി. ക്ഷുഭിതരായ പട്ടാളക്കാർ ഉടനെ വിപ്ലവം തുടങ്ങി. പക്ഷെ ഇംഗ്ലീഷുകാർക്കു തങ്ങളുടെ കുടുംബത്തോടൊരുമിച്ച് ആ പട്ടണം വിട്ടുപോകുവാനുള്ള അനുമതിനൽകി. മെയ് 20-ാംനു-അലീഗറിൽ സ്വാതന്ത്ര്യപതാക—പച്ചക്കൊടി—പാറിത്തുടങ്ങി. ഭടന്മാർ ആവുന്നത്ര ധനവും ആയുധങ്ങളുമെടുത്ത് ദില്ലിയിലേയ്ക്ക് പുറപ്പെട്ടു. തുടർന്ന് ബുലന്ദ്ശഹർ, മൈൽപുരി, ഇട്ടാവാ മുതലായ കേന്ദ്രങ്ങളിലു

ണ്ടായിരുന്ന ഇന്ത്യൻപട്ടാളങ്ങളും ആ പട്ടണങ്ങളെ സ്വതന്ത്രമാക്കി; ഭരണാധികാരം നഗരവാസികളെ ഏല്പിച്ചു, ആയുധങ്ങളും ഖജാനയും കൈയിലേന്തി, ഡൽഹിയിൽ എത്തിച്ചേർന്നു.

രുഹേൽഖണ്ഡത്തിലെ സൈനികവിപ്ലവം

''രുഹേൽഖണ്ഡം'' എന്ന പ്രവിശ്യയുടെ തലസ്ഥാനമായിരുന്ന ''ബറേലി''. അന്തിമ രുഹേലാ നവാബിന്റെ വംശജനായ ''ഖാൻ ബഹാദുർഖാൻ'' രുഹേൽഖണ്ഡത്തിലെ വിപ്ലവത്തിന്റെ നേതൃത്വം വഹിച്ചു. ഡില്ലി വിപ്ലവകാരികളുടെ ആഹ്വാനം രുഹേൽഖണ്ഡ ഭടന്മാരെ ഉത്തേജിപ്പിച്ചുവെങ്കിലും ഖാൻ ബഹാദുർ ഖാന്റെ നയചാതുരിയാൽ 31–ാം൹-വരെ അവർ അടങ്ങിയിരുന്നു.

ഖാൻ ബഹാദുർഖാൻ

മെയ് 31–ാം൹- രാവിലെ 'ബറേലി'യിൽ വിപ്ലവം തുടങ്ങി. ഇംഗ്ലീഷുകാർ കൊല്ലപ്പെട്ടു. അവരുടെ ബങ്കളാവുകൾ ഭസ്മമായി. ആ രമണിക്കുറിനുള്ളിൽ ബറേലി വിപ്ലവകാരികളുടെ അധീനത്തിലായി. 'യൂനിയൻജാക്കി'ന്റെ സ്ഥാനത്ത് 'ഹരിതപതാക' പാറിക്കളിച്ചു. പീരങ്കിപ്പട്ടാളത്തിലെ സുബേദാരായിരുന്ന ''ബഖ്തഖാൻ'' വിപ്ലവസേനയുടെ നേതൃത്വം വഹിച്ചു. ബഹാദുർഖാൻ 'രുഹേൽഖണ്ഡത്തി''ന്റെ സുബേദാർ (ഗവണ്ണർ)പദം സ്വീകരിച്ചു.

രുഹേൽഖണ്ഡം സ്വാതന്ത്ര്യം പ്രാപിച്ച സുവാർത്തയറി യിയ്ക്കാൻ ഖാൻ ബഹദൂർഖാന്റെ ദൂതൻ ദില്ലിയിലേയ്ക്ക് യാത്രയായി.

'രുഹേൽ ഖണ്ഡ'ത്തിലെ പ്രധാനപട്ടണങ്ങളായ ശാഹ്ജഹാൻപൂർ, മുരാദാബാദ്, ബദായൂൻ എന്നിവയും 'ബറേലി'യെപ്പോലെ സ്വതന്ത്രങ്ങളായിത്തീർന്നു. രുഹേൽഖണ്ഡത്തിലെല്ലാം സ്വാതന്ത്ര്യപ്രഖ്യാപനം (പച്ചക്കൊടി) പാറുവാൻ തുടങ്ങി. 'ഖാൻബഹാദൂർഖാൻ' പുതിയ സൈന്യത്തെ സ്വരൂപീകരിച്ച് രുഹേൽഖണ്ഡത്തിലെല്ലാം ശാന്തിയും സുവ്യവസ്ഥയും സ്ഥാപിച്ചു. ദില്ലീ ചക്രവർത്തിയുടെ പേരിൽ നികുതി വസൂൽചെയ്തു.

രുഹേൽഖണ്ഡത്തിൽ വിപ്ലവം നടത്തി വിജയശ്രീലാളിതരായിത്തീർന്ന കമ്പനിപ്പട്ടാളക്കാർ (ഭാരതീയഭടന്മാർ), പീരങ്കികളും ആയുധങ്ങളും ഖജനാക്കളും കൈവശപ്പെടുത്തി, ''ഖാൻബഹാദൂർഖാന്റെ നേതൃത്വത്തിൽ ദൽഹിയിലേയ്ക്കു പുറപ്പെട്ടു.

ആഗ്രയ്ക്കും കല്ക്കത്തയ്ക്കും ഇടയിൽ അക്കാലത്ത് 'ദാനപൂരി'ൽ മാത്രമേ നല്ലൊരു വെള്ളപ്പട്ടാളം ഉണ്ടായിരുന്നുള്ളൂ. ആദ്യനിശ്ചയം പോലെ ഒരേസമയത്ത് എല്ലാം സ്ഥലങ്ങളിലും വിപ്ലവം സമാരംഭിച്ചിരുന്നുവെങ്കിൽ ഇംഗ്ലീഷുകാർക്ക് തുരുങ്ങിയത് ഉത്തരഭാരതത്തിൽനിന്നെങ്കിലും കെട്ടുകെട്ടി ഓടേണ്ടിവരുമായിരുന്നു. പക്ഷേ വി

ആജംഗഢ് സ്വതന്ത്രമായി

പ്പുറം അകാലത്തുതന്നെ പൊട്ടിപ്പുറപ്പെടുകയാണല്ലോ ഉണ്ടായതു്.

ജൂൺ 3-ാംനു- "ആജംഗഢിൽ" 17-ാം നമ്പർ പട്ടാളം വിപ്ലവം തുടങ്ങി. അവർ ഇംഗ്ലീഷുകാർക്കു് അഭയദാനം നല്കി. അവർക്കും അവരുടെ കുടുംബങ്ങൾക്കും ബനാറസ്സിലേയ്ക്കു് പോകുവാനുള്ള സൌകര്യങ്ങൾ ചെയ്തുകൊടുത്തു. കമ്പനിക്കാരുടെ ഖജാന, ആയുധ ഭണ്ഡാരം, ജയിൽ, ആപ്പീസ്സുകൾ എന്നിവയെല്ലാം വിപ്ലവകാരികളുടെ അധീനത്തിലായി. രാത്രിയായപ്പോഴേയ്ക്കും ആജംഗഢു് പട്ടണത്തിന്റെ മീതെ ഹരിതപതാക ശോഭിച്ചുതുടങ്ങി.

മീററ്റിൽ വിപ്ലവം പൊട്ടിപ്പുറപ്പെട്ട ഉടനെ അന്നത്തെ ഗവർണ്ണർ ജനറാൾ ആയിരുന്ന "കാനിങ്ങു് പ്രഭു" (Earl of Canning), ജനറൽ നീൽ ബനാറസ്സിൽ ബോംബെ, മദ്രാസു്, റങ്കൂൺ എന്നിവിടങ്ങളിൽ നിന്നു് വെള്ളപ്പട്ടാളങ്ങളെ വരുത്തി ബങ്കാളിൽ ഒരുക്കിനിർത്തി. അക്കാലത്തു് ചൈനയെ ആക്രമിയ്ക്കാൻപോയിരുന്ന ഇംഗ്ലീഷ്സേനയെ കാനിങ്ങു് ഇന്ത്യയിൽ തടഞ്ഞുനിർത്തി. അതിലെ വലിയൊരുവിഭാഗം സുപ്രസിദ്ധ സേനാനായകനായ ജനറൽ നീലിന്റെ (General Neill) നേതൃത്വത്തിൽ ബനാറസ്സിലെത്തി.

ജൂൺ 4-ാംന- ആജംഗഢ് വിജയവാർത്ത ബെനാറസ്സുകാർ അറിഞ്ഞു. ബനാറസ്സിലെ (കാശിയിലെ) ഇംഗ്ലീഷ് പട്ടാളമേധാവി കഠം അവിടത്തെ ഭാരതീയ ഭടന്മാരെക്കൊണ്ട് അന്നുതന്നെ ആയുധംവെപ്പിയ്ക്കാൻ തീരുമാനിച്ചു. പേരേഡ് മൈതാനത്തിൽ ഇന്ത്യൻപട്ടാളക്കാർ അണിനിരന്നു. ആയുധം അടിയറവെയ്ക്കാനുള്ള ആജ്ഞപുറപ്പെട്ടു. ആ വീരയോദ്ധാക്കൾ ഉടനെ ആയുധഭണ്ഡാരത്തെയും ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാരേയും ആക്രമിച്ചു. വിപ്ലവകാരികളെ അടക്കുവാൻ ഒരു സിക്കുപട്ടാളം നിയുക്തമായി. പക്ഷെ ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാർ തിരിച്ചറിയാൻ കഴിയാതെ, സിക്കുകാരുടെ നേരേയും പീരങ്കിനീട്ടി. ഗത്യന്തരമില്ലാതെ സിക്കുകാരും വിപ്ലവകാരികളുടെ ഭാഗത്ത് ചേർന്നു. 1857-ലെ മഹാവിപ്ലവത്തിൽ മറെറാരിയ്ക്കലും സിക്കുകാർ (ശിഖർ) ഹിന്ദുക്കളേയും മുസൽമാന്മാരേയും സഹായിച്ചതായി അറിയുന്നില്ല.

ബനാറസ്സിലെ വിപ്ലവം

ബനാറസ്സിലെ ജനത വിപ്ലവകാരികളെ സർവ്വാത്മനാ സഹായിച്ചുവെങ്കിലും സിക്കുകാരും അവിടത്തെ കുബേരന്മാരും (വലിയ ജന്മികളും) നാമമാത്രനരേശനും ഇംഗ്ലീഷുകാരുടെ 'പാദലാസ'ന്മാരായി ദേശദ്രോഹം ചെയ്തു! ബനാറസ്സ് നഗരത്തിൽ കമ്പനിക്കാർതന്നെ അധികാരം നടത്തിയെങ്കിലും അതിനുചുറുമുള്ള മിക്ക പ്രദേശങ്ങളും വിപ്ലവകാരികൾ അധീനപ്പെടുത്തി.

ബ്രിട്ടീഷുകാർ (കമ്പനിക്കാർ) പുതുതായി നിശ്ച യിച്ചിരുന്ന ജന്മികളുടെ സ്ഥാനത്തു് പരമ്പരാവകാശ മുള്ള പഴയജന്മികളെ വാഴിച്ചു. ഇംഗ്ലീഷുകാരുടെ കോടതികൾ, ജയിലുകൾ, ആപ്പീസുകൾ, റയിൽപ്പാത കൾ, കമ്പികൾ എന്നിവയെല്ലാം നശിപ്പിയ്ക്കപ്പെട്ടു. ഗ്രാമങ്ങൾതോറും പട്ടക്കൊടിയേന്തിയ സ്വയ്ംസേവ കന്മാർ (വളണ്ടിയർമാർ) പാറാവുനിന്നു.

അല്ലഹബാദ് (ഇലാഹാബാദ്) അന്നുമിന്നും ഒരു പോലെ പ്രാധാന്യമർഹിയ്ക്കുന്ന നഗരമാണു്. സുവിശാ ലമായ അല്ലഹബാദ് കോട്ട

അല്ലഹബാദിലെ വിപ്ലവം

യിൽ കരിമരുന്നും ആയുധങ്ങ ളും ധാരാളം ശേഖരിച്ചുവെ ച്ചിരുന്നു. ജൂൺ 6-ാംനു അല്ല ഹബാദിലും വിപ്ലവകാഹളം മുഴങ്ങി. ഇന്ത്യൻപട്ടാള വും ജനതയും വിപ്ലവത്തിൽ പങ്കുകൊണ്ടു. അന്യനഗര ങ്ങളിൽ നടന്നതെല്ലാം ഇവിടേയും സംഭവിച്ചു. ആ സമയത്തു് അല്ലഹബാദ്കോട്ടയിൽ ഒരു സിക്കുപട്ടാ ളം ഉണ്ടായിരുന്നു. അവർ വിപ്ലവകാരികളെ സഹായി ച്ചില്ല. ഇംഗ്ലീഷുകാരുടെ മിത്രങ്ങളായി വർത്തിച്ചു. അവരക്കൂടി സഹകരിച്ചിരുന്നുവെങ്കിൽ സുപ്രസിദ്ധ മായ അല്ലഹബാദ്കോട്ടയും യുദ്ധോപകരണങ്ങളും മറ്റും സ്വാതന്ത്ര്യഭടന്മാരുടെ അധീനത്തിൽപെടുമാ യിരുന്നു. പക്ഷെ സിക്കുകാർ .സ്വദേശശത്രുക്കളെ സ ഹായിക്കുകയാണുണ്ടായതു്. തന്നിമിത്തം അല്ലഹബാ

ഒ°കോട്ടയുടെ മീതെ ഇംഗ്ലീഷുകാരുടെ കൊടി (യൂനിയൻജാക്ക്°) നിർബാധം പാറിക്കളിച്ചു. എങ്കിലും കോട്ടയൊഴികെ ബാക്കി നഗരമെല്ലാം വിപ്ലവകാരികൾ കൈവശപ്പെടുത്തി. ഗ്രാമങ്ങൾതോറും പച്ചക്കൊടി ഉയർത്തപ്പെട്ടു. നഗരത്തിലെ ബാലകന്മാർപോലും വിവിധപതാകകളേന്തി ഘോഷയാത്രനടത്തി.

നഗരവാസികളും പ്രമാണികളുംകൂടിയാലോചിച്ചു° ''മൌലവി ലിയാക്കത്ത° അലി'' യെന്ന സുയോഗ്യനെ അല്ലഹബാദിലെ സുബേദാരായി നിശ്ചയിച്ചു. ചക്രവർത്തിയുടെ പ്രതിനിധിയെന്നനിലയിൽ അദ്ദേഹം ഭരണം കൈയേറ്റു. നഗരത്തിലെല്ലാം ശാന്തി സ്ഥാപിച്ചശേഷം ലിയാക്കത്ത°അലി അല്ലഹബാദ° ഉർഗ്ഗത്തെ അധീനമാക്കുവാൻ യത്നിച്ചു. കോട്ടയ്ക്കുള്ളിലുണ്ടായിരുന്ന സിക്കുകാരെ സ്വാതന്ത്ര്യസമരത്തിലേയ്ക്ക° ആഹ്വാനംചെയ്തു. പക്ഷെ അവർ ദേശഭക്തികാണിച്ചില്ല!!

മൌലവി ലിയാക്കത്ത° അലി

4. ജനറൽ നീലിന്റെ ദമനയാത്ര !!

ജനറൽ നീലിന്റെ നേതൃത്വത്തിൽ ഒരു വലിയ സേന (ഭൂരിപക്ഷം വെള്ളക്കാരും കുറച്ചു സിക്കുകാരും മദ്രാസുകാരും അടങ്ങിയതു്.)

നീലോ നീലനോ ? വിപ്ലവകാരികളെ ദമനം ചെയ്യുവാനായി ബനാറസ്സിലേയ്ക്കു വന്നതു് ഓക്കുന്നുണ്ടല്ലോ. ഗൌരഗാത്രത്തിനുള്ളിൽ ക്രൂരമായ വിഷാക്തഹൃദയം വഹിച്ചിരുന്ന സേനാനായകനെ—'നീലി'നെ—ആയാളുടെ നിർദ്ദയമർദ്ദനങ്ങളും നിഷ്ഠുരകർമ്മങ്ങളും 'നീല'നാക്കിത്തീർത്തു!! ക്രൌര്യകാഠിന്യം നിറഞ്ഞിരുന്ന ആ കഠിനഹൃദയം കട്ടംനീലത്തെ വെന്നിരുന്നു !!

ജനറൽ നീൽ ബനാറസ്സിൽ വന്നതും അറസ്റ്റുകർമ്മം തുടങ്ങി. ബനാറസ്സിനു ചുറ്റുമുള്ള പ്രദേശങ്ങളെ വീണ്ടും കൈവശപ്പെടുത്തുവാനായി തന്റെ വിശാലസേനയെ പല സംഘങ്ങളായി വിഭാഗിച്ചു് എല്ലാഭാഗത്തേയ്ക്കും അയച്ചു. ആജ്ഞാകാരികളായ ആ യമകിങ്കരന്മാർ നാട്ടുനീളെ നിസ്സങ്കോചം നടത്തിയ പൈശാചികകൃത്യങ്ങൾ ആംഗലചരിത്രകാരന്മാർതന്നെ ഭേദപ്പെടുത്തിയിട്ടുണ്ടു്!!

മദാന്ധരായ അവർ വഴിയിൽ കണ്ടവരെയെല്ലാം വധിച്ചു. നിരപരാധികളേയും വൃദ്ധരേയും കുട്ടികളേയും

ആളകഥം അക്കങ്ങളായി!!

സ്ത്രീകളേയും കുട്ടികളേയും നിന്നും ഒഴിവാക്കുവാനുള്ള കരുണപോലും അവർ കാണിച്ചില്ല. ഗ്രാമങ്ങളേയും തന്നിവാസികളേയും ഭസ്മമാക്കി! മാഗ്ദമദ്ധ്യേ കണ്ടവരെയെല്ലാം വഴിനീളെ വരിവരിയായി തൂക്കിലിട്ടു!! ആംഗലഭടന്മാർ, മനോവിനോദത്തിനുവേണ്ടി, തൂക്കിലിട്ടവരുടെ കൈകാലുകളെ വലിച്ചും ഞരിച്ചും 8, 9 എന്നീ അക്കങ്ങളുടെ ആകൃതിയിലാക്കിത്തീർത്തിരുന്നുവത്രെ!!

ജനറൽ നീൽ അല്ലഹബാദിൽ

ബനാറസ്സിൽനിന്നും വിജയിയായ നീലും സൈന്യവും അല്ലഹബാദിലേയ്ക്കു നീങ്ങി മാഗ്ദമദ്ധ്യത്തിലുണ്ടായിരുന്ന ഗ്രാമങ്ങളും തദ്ഗ്രാമവാസികളും വെന്തുമണ്ണടിഞ്ഞു!! വഴിനീളെ വൃക്ഷശാഖകളിൽ നിർദ്ദോഷികളെപ്പോലും തൂക്കിക്കൊന്നു. അവസാനം, ജൂൺ 11-ാംനു-, ആ സംഹാരരുദ്രനും സഹായികളും അല്ലഹബാദിലെത്തി. സിക്കുകാർ ബ്രിട്ടീഷുകാരുടെ സഹായികളായി വർത്തിച്ചതിനാൽ അല്ലഹബാദ്കോട്ട കമ്പനിയ്ക്കു നഷ്ടപ്പെട്ടിരുന്നില്ല. എങ്കിലും നീലിനു നാട്ടുകാരെ വിശ്വസിയ്ക്കാൻ കഴിഞ്ഞില്ല. കോട്ടയിലുണ്ടായിരുന്ന സിക്കുകാരെ ഗ്രാമങ്ങൾ കൊള്ളചെയ്യാനും കൊള്ളിവെയ്ക്കാനും അയച്ചു തൽസ്ഥാനത്തു വെള്ളപ്പട്ടാളക്കാരെ നിർത്തി.

വിപ്ലവകാരികളുടെ രക്ഷാകേന്ദ്രം നഗരത്തിലെ "ഖുസ്രോബാഗ്" ആയിരുന്നു. ജൂൺ 17-ാംനു ഇംഗ്ലീഷുകാർ ഖുസ്രോബാഗിനെ ആക്രമിച്ചു. വിപ്ലവകാരികൾ "മൌലവി ലിയാക്കത്ത് അലി"യുടെ നേതൃത്വത്തിൽ സധീരം പോരാടി. എങ്കിലും നീലിന്റെ വിശാലസേനയെ വിജയിയ്ക്കുവാൻ എണ്ണത്തിൽ കുറഞ്ഞിരുന്ന സ്വാതന്ത്ര്യഭടന്മാർ ശക്തരല്ലെന്നു കണ്ടപ്പോൾ ലിയാക്കത്ത് അലി തന്റെ അനുയായികളോടും ഖജാനയോടുംകൂടി അന്നു രാത്രി "കാൺപൂരി"ലേയ്ക്ക് പുറപ്പെട്ടു. *

ജൂൺ 18-ാംനു ഇംഗ്ലീഷുകാർ സിക്കുകാരുടെ സഹായത്തോടുകൂടി അല്ലഹബാദ് നഗരത്തിൽ പ്രവേശിച്ചു. 'നീലി'ന്റെ നിരീക്ഷണത്തിൽ, വെള്ളപ്പട്ടാളവും അവരുടെ പാദസേവകന്മാരായിരുന്ന സിക്കുപടയാളികളും 'പക'വീട്ടുവാൻവേണ്ടി അവിടെയെല്ലാം ചെയ്തുകൂട്ടിക്കൊല പൈശാചികമായിരുന്നു!! പച്ചക്കൊടികളും വാദ്യവുമായി ഘോഷയാത്ര നടത്തിയ "അപരാധ"

അല്ലഹബാദിലെ സപ്തശാഖികം

---

* കാൺപൂർ കമ്പനിക്കാർക്ക് അധീനമായപ്പോൾ ലിയാക്കത്ത് അലി ദക്ഷിണേന്ത്യയിലേയ്ക്ക് പോയി. അവിടെവെച്ച് അദ്ദേഹം ബന്ധനസ്ഥനായി. പിന്നീട് അന്തമാനിലേയ്ക്ക് നിർവാസിതനാവുകയും അവിടെവെച്ച് നിര്യാതനാവുകയും ചെയ്തു.

ത്തിനു് ചെറുബാലന്മാരെപ്പോലും തൂക്കിക്കൊല്ലുവാൻ അവർ സംശയിച്ചില്ല!! അല്ലഹബാദ് ചെറുക്കിലുണ്ടായിരുന്ന ഏഴ് വേപ്പുവൃക്ഷങ്ങളുടെ കൊമ്പുകളിന്മേൽ അല്പദിവസങ്ങൾക്കുള്ളിൽ നിർദ്ദോഷികളായ ഏകദേശം ഏണ്ണൂറു പൌരന്മാരെ തൂക്കിക്കൊല്ലുകയുണ്ടായി!! "തൂക്കിക്കൊല്ലുന്നതു്" എങ്ങനെയെന്നു് മനസ്സിലാക്കുവാൻ വേണ്ടി ഓടിയെത്തിയ ഒരു ദൃശ്നോത്സുകനെ ഇംഗ്ലീഷുകാർ 'തൂക്കിക്കൊന്നു' ഉദാഹരണസഹിതം 'പാഠം' പഠിപ്പിച്ചു!!

സപ്തശാഖികളെപ്പോലെ ഗ്രാമങ്ങൾതോറും നിരവധി ശപ്തവൃക്ഷങ്ങൾ "മാതൃകാ" സംഹാരത്തിനു് സാക്ഷികളായിത്തീർന്നു! നിർദ്ദോഷികളും നിരായുധരുമായ ചിലനഗരവാസികൾ തോണിയിൽ കയറി രക്ഷപ്പെടുകയായിരുന്നു.

തൂക്കും തോക്കും തീയും ഭീയും!!

കരയിലുണ്ടായിരുന്ന ബ്രിട്ടീഷ് പട്ടാളം ആ അഭയാർത്ഥികളെ നിർദ്ദയം വെടിവെച്ചു് നശിപ്പിച്ചു!! നിർദ്ദോഷികളായ വൃദ്ധന്മാരേയും രോഗികളേയും സ്ത്രീകളേയും പൈതങ്ങളേയും ആ രക്തപിപാസുക്കൾ കൊന്നൊടുക്കി!! ഗ്രാമങ്ങളെ വിഴുങ്ങുന്ന ആ രക്തവഹ്നിയും ഗാത്രങ്ങളിൽനിന്നൊഴുകുന്ന രക്തനദികളും ഭയാനകദൃശ്യങ്ങളായിരുന്നു!! നാട്ടിലെല്ലാം നരവേട്ട!! നോട്ടമെത്തുന്നിടങ്ങളിൽ ഉടനീളം തൂക്കും തോക്കും ഉയരുന്ന തീയും ഭീയും!!!.....

ജനറൽ 'നീലി'ന്റെ നേതൃത്വത്തിൽ നടന്ന 'നരവേട്ട' നാട്ടുകാരെ ഭയപ്പെടുത്തുന്നതിനു പകരം 'വെറുപ്പിക്കുക'യാണുണ്ടായ**കൊലയാളികൾക്കിടയിൽ കോളറ!!** തു. വെള്ളക്കാർക്ക് അവരുടെ രോഗികളേയും ശവങ്ങളേയും നീക്കംചെയ്യുവാൻ ക്കൂലിക്കാരെ കിട്ടിയില്ല; വാഹനങ്ങൾ ലഭിച്ചില്ല. ബ്രിട്ടീഷുകാർക്ക് ഭക്ഷണസാമഗ്രികൾ നൽകുന്നതിനുപോലും ഗ്രാമീണർ സന്നദ്ധരായില്ല. 'മർദ്ദിതരാ'യ നാട്ടുകാരുടെ നിസ്സഹകരണവും ജൂൺമാസത്തിൽ ഗഗനം പൊഴിഞ്ഞ അഗ്നികിരണങ്ങളും വെള്ളക്കാരെയെല്ലാം "വെള്ളം കുടിപ്പിച്ചു"!! ആ കൊലയാളികളുടെ കൂടാരങ്ങളിൽ കോളറ കടന്നുകൂടി!!

5. കാൺപൂരിലെ വിപ്ലവം

ആരംഭം

നാനാസാഹേബ്, അദ്ദേഹത്തിന്റെ സഹോദരന്മാർ, അജീമുല്ലാഖാൻ, താത്യാടോപ്പെ എന്നിവർ കാൺപൂരിലെ സ്വാതന്ത്ര്യസമരത്തിന്റെ മഹാരഥന്മാരായിരുന്നു. 'ബീഠൂ'രിലിരുന്നു് അവർ രഹസ്യമായി വിപ്ലവത്തിനു വേണ്ടുന്ന ഒരുക്കങ്ങൾ ക്കൂട്ടുകയുണ്ടായി. കാൺപൂരിലെ ബ്രിട്ടീഷ് പട്ടാളത്തിന്റെ അധിപതി ''സർ ഹ്യൂ വീലർ'' (General Wheeler) ആയിരുന്നു. ഡൽഹിനഗരം സ്വതന്ത്രമായ വിവരമറിഞ്ഞപ്പോൾ കാൺപൂർ നിവാസികൾ ആനന്ദോത്സവം കൊണ്ടാടി. അവിടത്തെ ഇന്ത്യൻപട്ടാളക്കാർ രഹസ്യസഭകൾക്കൂടി കാര്യാലോചനകൾ നടത്തി. മെയ് 31-ാംനു-വരെ അടങ്ങിയിരിക്കുവാൻ നാനാസാഹേബ് നിശ്ചയിച്ചു.

ഡില്ലീവൃത്താന്തം കാൺപൂരിലെ ഇന്ത്യക്കാർ അറിഞ്ഞ് രണ്ടുദിവസം കഴിഞ്ഞശേഷമേ അവിടത്തെ ഇംഗ്ലീഷുകാർ ഗ്രഹിച്ചുള്ളൂ. വിപ്ലവകാരികളുടെ സന്ദേശവാഹകന്മാർ മിന്നൽവേഗത്തിൽ സഞ്ചരിച്ച് നാട്ടിന്റെ നാനാഭാഗങ്ങളിലും വാർത്താവിതരണം നടത്തിയിരുന്നതു് സ്തുത്യർഹമത്രെ.

കാൺപൂരിലെ ഇംഗ്ലീഷുകാർ അത്യധികം ഭയപ്പെട്ടു. 'വീലർ'(Wheeler)നാനാസാഹേബിന്റെ സാ

ഹായ്യം തേടി. അദ്ദേഹത്തിനു് നാനാസാഹേബിന്റെ പേരിൽ സന്ദേഹമുണ്ടായിരുന്നില്ല. നാനാ സേനാസമേതം കാൺപൂരിലേയ്ക്കു നീങ്ങി. 'വീലർ' കമ്പനിയുടെ ഖജാനയും ആയുധഭണ്ഡാരവും നാനാസാഹേബിനെ ഏല്പിച്ചു

ജൂൺ 4-ാംനു- അർദ്ധരാത്രിയ്ക്കു് ഭാരതീയഭടന്മാർ വിപ്ലവം തുടങ്ങി. സുബേദാർ "ടീകാസിംഹാ"യായിരുന്നു അവരുടെ അഗ്രണി. ഇംഗ്ലീഷുകാരുടെ ഭവനങ്ങൾ അഗ്നിയ്ക്കു് ആഹാരമായി. യൂനിയൻ ജാക്കുകൊടി നിലംപതിച്ചു. പച്ചക്കൊടികൊടി പാറിക്കളിച്ചു. നാനാസാഹേബിന്റെ ഭടന്മാരും വിപ്ലവത്തിൽ പങ്കുകൊണ്ടു. ഖജാനയും ശസ്ത്രങ്ങളും വിപ്ലവകാരികൾ കരസ്ഥമാക്കി. സേനയും ജനതയും നാനാസാഹേബിനെ തങ്ങളുടെ രാജാവായി—ടില്ലീചക്രവർത്തിയുടെ അധീനസ്ഥനായ രാജാവായി—തിരഞ്ഞെടുത്തു. പുതിയ ഉദ്യോഗസ്ഥന്മാർ നിയുക്തരായി. ഘോഷയാത്രകളും ഉത്സവങ്ങളും മുറയ്ക്കു നടന്നു.

ജൂൺ 6-ാംനു- നാനാസാഹേബ് ജനറൽ വീലക്കു് കോട്ട വിട്ടുകൊടുക്കുവാനുള്ള മുന്നറിവു് നൽകി.

കോട്ട വളഞ്ഞു

കാൺപൂരിലെ മിയ്ക്കു ബ്രിട്ടീഷുകാരും അവരുടെ സ്ത്രീകളും കുട്ടികളും കോട്ടയ്ക്കുള്ളിലുണ്ടായിരുന്നു. ക്രാന്തികാരികൾ കോട്ടയെവളഞ്ഞു പീരങ്കിപ്രയോഗം തുടങ്ങി. ഇംഗ്ലീഷുകാർക്കു് വമ്പിച്ചനാശം

സംഭവിച്ചു. 'വീലർ' രഹസ്യമായി 'ലക്ക്നെയ്വി' ലേയ്ക്കു് ഒരു ദൂതനെ അയച്ചു് സാഹായ്യമഭ്യർത്ഥിച്ചു.

നാനാഭാഗങ്ങളിൽനിന്നും നാനാസാഹേബിനു് സഹായങ്ങൾ ലഭിച്ചുതുടങ്ങി. ജന്മികൾ ധനവും ജനവുമായി സഹായത്തിനെത്തി. ജനത സ്വാത്മനാ സഹകരിച്ചു. ഹിന്ദു-മുസ്ലിം സ്ത്രീകൾ കൂടി വെളിയിൽവന്നു് സേനയെ സഹായിച്ചു. ശത്രുവിന്റെ ഉണ്ടകളെ തൃണവദ് ഗണിച്ചു് ആ വീരരമണികൾ ഭാരതീയ ഭടന്മാർക്കു് ആയുധവും ആഹാരവും എത്തിച്ചുകൊടുത്തു. "അജീജൻ" എന്ന വേശ്യയുടെ വീരോചിതകൃത്യങ്ങൾ വിസ്മയാവഹമത്രെ. ആയുധംധരിച്ചു് അശ്വാരൂഢയായി അടക്കളത്തിലും അങ്ങാടിത്തെരുവുകളിലും വിഭ്രമിച്ചതപോലെ വിരഞ്ഞെത്തി ആ വാരാംഗന വീരാംഗനയെന്നോണം ക്ഷീണിതരേയും ക്ഷതമേറവരേയും ശുശ്രൂഷിച്ചു!!

വാരാംഗന വീരാംഗനയായി

നാനാസാഹേബു് നഗരത്തിൽ ഭരണത്തിനുവേണ്ടുന്ന ഏർപ്പാടുകൾചെയ്തു. ശാന്തിയും സുവ്യവസ്ഥയും സ്ഥാപിതമായി. അവസാനം, ഗത്യന്തരമില്ലാതെ, ജൂൺ 25-൦൦നു- ജനറൽ വീലർ കീഴടങ്ങി. 26-൦൦നു- ഇരുഭാഗക്കാരുടേയും പ്രതിനിധികൾ തമ്മിൽ സംഭാഷണംനടന്നു. അജീമുല്ലാഖാൻ ഇംഗ്ലീഷുഭാഷാപണ്ഡിതനാ

ആംഗലേയരുടെ ആത്മസമർപ്പണം

യിരുന്നിട്ടും കമ്പനി പ്രതിനിധികളെ ഹിന്ദുസ്ഥാനിയിൽതന്നെ സംസാരിയ്ക്കുവാൻ നിർബ്ബന്ധിച്ചു. സ്വഭാഷാപ്രേമവും സ്വാതന്ത്ര്യപ്രസ്ഥാനവും തമ്മിൽ അഭേദ്യബന്ധമുണ്ടല്ലോ.

ഇംഗ്ലീഷുകാരും, കോട്ടയും, പീരങ്കികളും, ആയുധങ്ങളും, ഖജാനയും നാനാസാഹേബിന്റെ അധീനത്തിലായി ആത്മസമർപ്പണംചെയ്ത ആംഗലേയരെ യാതൊരു കേടുംകൂടാതെ തോണിവഴിയായി അല്ലഹബാദിൽ എത്തിയ്ക്കാമെന്നു് നാനാ ഏറ്റിരുന്നു. അതുപോലെ വെള്ളക്കാർ കോട്ടയിൽനിന്നു് ഒന്നരനാഴിക ദൂരത്തുള്ള "സതീ ചൌരാഘട്ടിൽ" (കടവിൽ) സുരക്ഷിതരായി എത്തിച്ചേരുന്നു.

നീലിന്റെയും കൂട്ടുകാരുടേയും കൂട്ടക്കൊലയും കൊള്ളിവെപ്പും കൊള്ളയും കടുംകൈകളും കാരണം അഗതികളായിത്തീർന്ന അഗണിതജനാവലി അല്ലഹബാദിൽനിന്നു് ആത്മനാഥംമുഴക്കി കാൺപൂരിൽ വന്നുചേർന്നിരുന്നു. നീലിന്റെ നരവേട്ടയും ക്രൂരകൃത്യങ്ങളും അറിഞ്ഞു് കാൺപൂർ നിവാസികൾ കോപാന്ധരായി. കൂടിത്തരായ ജനതയും ഭടന്മാരും സതീചൌരയിലെത്തിയിരുന്ന ബ്രിട്ടീഷുകാരെ ആക്രമിച്ചു കൊന്നുതുടങ്ങി. നാനാ തന്റെ കൊട്ടാരത്തിലായിരുന്നു. അദ്ദേഹത്തിന്റെ യത്നത്താൽ ആംഗലേയ സ്ത്രീകളും അവരുടെ കുട്ടികളും രക്ഷപ്പെട്ടു.

സതീ ചൌരയിലെ സംഹാരം

''സതീ ചൌരാഘട്ടി''ലെ ഹത്യാകാണ്ഡം സ
വ്യഥാ നിന്ദനീയമാണെങ്കിലും അതിന്റെ അതിപ്രധാ
നമായ ഉത്തരവാദികത്വം നാദിർഷായെ കവച്ചുവെച്ച
നീലും ആയാളുടെ നീന്ദ്യാഭ്യുള്ളമാണു''!! ആ ഗഹ്നീയ
കൃത്യത്തിൽ നാനാസാഹേബിനും ഒരുതരത്തിലും പങ്കു
ണ്ടായിരുന്നില്ലെന്നു് ആംഗലേയർതന്നെ സമ്മതിച്ചി
ട്ടുണ്ടു്.

വിജയശ്രീലാളിതനായ നാനാസാഹേബു് ജൂൺ
28-ാംനു- കാൺപൂരിൽ ഒരു ''ദർബാർ''നടത്തി. പി
ന്നീടു് അദ്ദേഹം ബിഠൂരിലേ
നാനാസാഹേബിന്റെ യുദ്ധപോയി. അവിടെവെച്ചു്
രാജ്യാഭിഷേകം ജൂലായു് 1-ാംനു- നാനാസാ
ഹേബു് ധുന്ധുപന്തു് യഥാവി
ധി ''പേശവാ''പദത്തിൽ അഭിഷിക്തനായി. മൃത
പ്രായമായിരുന്ന പേശവയുടെ അധികാരത്തിനും അ
ന്തസ്സിനും നൈമിഷികമായ നവജീവൻ ലഭിച്ചു.

അല്ലഹബാദു് നഗരവും കോട്ടയും വീണ്ടും ഇംഗ്ലീ
ഷുകാരുടെ അധീനത്തിലായി. ഉത്തരേന്ത്യയിലെ വി
പ്ലവകാരികളെ ഭീമനംചെ
വീണ്ടും സമരം യ്യാൻ ഉചിതമായ ഒരു സ്ഥാ
നമായിരുന്നു അല്ലഹബാദു്.
തന്നിമിത്തം ''കാനിങ്പ്രഭു'' (Lord Canning) അല്ല
ഹബാദിനെ തന്റെ ''വിപ്ലവകാല'' തലസ്ഥാന
മാക്കി.

കാൺപൂർ പതനവും അവിടത്തെ വെള്ളക്കാരുടെ ഉദ്ദ്യശ്യം അറിവായപ്പോൾ ജനറൽ നീൽ, മേജർ റിനൗഡിന്റെ (Major Renaud) കീഴിൽ ഒരു സേനയെ കാൺപൂരിലേയ്ക്കയച്ചു. നീലിന്റെ ''നീതി'' നിറവേറിക്കൊണ്ടു്—കൊള്ളയും കൊലയും നടത്തിക്കൊണ്ടു്—റിനാഡിന്റെ സൈന്യം കാൺപൂരിലേയ്ക്കു് നീങ്ങി. അപ്പൊഴേയ്ക്കും ''ജനറൽ ഹാവ്‌ലോക്കി'' ന്റെ (General Havelock) കീഴിൽ വലിയൊരു സേനയും പീരങ്കിപ്പടയും സഹായത്തിനെത്തി. സംയുക്തസൈന്യം, ''മുഹമ്മദു് തുഗ്ലക്കി''നേയും ലജ്ജിപ്പിയ്ക്കുമാറു് ആസുരകൃത്യങ്ങൾ തുടർന്നുകൊണ്ടു് മുന്നോട്ടു നീങ്ങി!!

വിപ്ലവകാരികളും ബ്രിട്ടീഷ്പട്ടാളവും ജൂലായ് 12-ാംനു- ''ഫത്തഹ്പുരി''ൽവെച്ചു് ഏറ്റുമുട്ടി. അതിൽ ഇംഗ്ലീഷുകാർ വിജയംനേടി. ഫത്തഹ്പുർ അതിനുമുമ്പുതന്നെ സ്വതന്ത്രമായിരുന്നു. പക്ഷെ വിജയികളായ കമ്പനീക്കാർ ആദ്യം നഗരം മുഴുവൻ കൊള്ളയടിയ്ക്കുകയും പിന്നീടു് അതിനേയും തന്നിവാസികളേയും തീവച്ചു ചാമ്പലാക്കുകയും ചെയ്തു!!

കാൺപൂരിലെ "ക്രൂരം"

ഈ സമയത്തിൽ കാൺപൂരിലെ ''ബീബിഗഡിൽ'' ബന്ധനസ്ഥകളായിരുന്ന ചില ആംഗലേയ സ്ത്രീകളേയും കുട്ടികളേയും ക്രാന്തികാരികൾ കൊല്ലുകയും അവരുടെ ശവങ്ങളെ ഒരു കിണറിലിടുകയും ചെയ്തതായി

ചില ഇംഗ്ലീഷ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇം സംഭവത്തെ അടിസ്ഥാനപ്പെടുത്തി നാനാസാഹേബിനെ നിർദ്ദയനും ഘാതകനുമായി ചിത്രീകരിക്കുവാൻ അവർ മടിച്ചില്ല. നിരപരാധിനികളായ അബലകളെ, മാനഭംഗവും അംഗഭംഗവും ചെയ്തതിനു ശേഷമാണ് കൊന്നതെന്നും മറും ''ടിപ്പുണികഥ'' എഴുതിച്ചേർത്തിട്ടുണ്ട്!

''ബീബീഗറി''ലെ ഹത്യാകാണ്ഡം യഥാർത്ഥസംഭവമാണോ എന്നു് ഇനിയും തെളിഞ്ഞുകഴിഞ്ഞിട്ടില്ല. വാസ്തവത്തിൽ അങ്ങനെയൊരു സംഹാരം നടന്നിട്ടുണ്ടെങ്കിൽ അതു് സർവ്വഥാ നിന്ദനീയമാണ്. ''കല്ക്കത്തയിലെ ഇരുട്ടറ''യെപ്പോലെ ''കാൺപൂരിലെ ക്ലൂപ''വും കപോലകല്പിതം തന്നെയാവാം. അഥവാ വിജയഗർവ്വികളായ നീലിന്റേയും ഹേവലോക്കിന്റേയും മറും പൈശാചികകർമ്മങ്ങൾ അറിവായപ്പോൾ ക്ഷണികക്രോധത്തിനു് അധീനരായ ചില ഭടന്മാർ അങ്ങനെ ചെയ്തിരിയ്ക്കാം. ഏതായാലും നാനാസാഹേബോ മറു നേതാക്കന്മാരോ ഇതിനു് ഉത്തരവാദികളല്ല.

ഹേവലോക്കിന്റെ വിജയം

ജനറൽ ഹേവലോക്കിന്റേയും നാനാസാഹേബിന്റേയും സേനകൾ തമ്മിൽ കാൺപൂരിനു സമീപം ഏറുമുട്ടി. ഭയങ്കരമായ സമരം നടന്നു. ഹേവലോക്കിന്റെ സൈന്യം വിപുലമായിരുന്നതിനാൽ വിജയശ്രീ അവരെയാണ്

അനുഗ്രഹിച്ചയച്ചു. നാനാവിന്റെ സേന ബിഠൂരിലേയ്ക്കു മാറി. വിജയംകൊണ്ടു് ആനന്ദഭരിതരായ ഹേവലോക്കിന്റെ പെരുമ്പട ജൂലായി 17-ാംനു- കാൺപൂരിൽ പാദാപ്പണം ചെയ്തു.

കൊള്ളയും കൊലയും കഴുമരത്തിൽ കയറലും യഥേഷ്ടം തുടർന്നു. ബീബിഗറിലെ മണ്ണിൽ പറ്റിപ്പിടിച്ചിരുന്ന രക്തത്തെ, വിപ്ലവകാരികളെന്നു് സംശയം തോന്നിയ ചില കുലീനബ്രാഹ്മണരെക്കൊണ്ടു് നക്കിയ്ക്കുകയും പിന്നീടു് മൂലുകൊണ്ടു് അടിച്ചു് കഴുകിയ്ക്കുകയും അവസാനം അവരെ തൂക്കിക്കൊല്ലുകയും ചെയ്തുവത്രെ!! അന്യരുടെ മതവിശ്വാസങ്ങളെപ്പോലും മാനിയ്ക്കുവാൻ മടിയന്മാരായ ഇംഗ്ലീഷുകാർ മുതിരുകയുണ്ടായില്ല. കണ്ണടച്ചു് "പകവീട്ടാനും" പാരമ്പര്യമായ പൈശാചികമർദ്ദനം പുലർത്തിപ്പോരുവാനും മാത്രമേ ഹേവലോക്കിന്റെ സൈന്യം തയ്യാറായുള്ളൂ!!

പൈശാചിക-പ്രതിരോധം!!

* * * *

പിന്നീടു് ഹേവലോക്കു് സേനാസമേതം ലക്കു് നൌവിലേയ്ക്കു് (Lucknow) പോയി. ജനറൽ നീൽ കാൺപൂരിൽത്തന്നെ തങ്ങി. പ

നാനാസാഹേബു്

രാജിതനായ നാനാസാഹേബു് ഖജാനയും സൈനയുമായി "ഫത്തഹ്ഗറിലേയ്ക്കു്" നീങ്ങി.

ഫത്തഹ്ഗറിലേയ്ക്കു്

അദ്ദേഹത്തിന്റെ കൂടെ സഹോദരനും മരുമകനും സേനാപതിയായ താത്യാടോപ്പെയും അന്തഃപുരസ്ത്രീകളും ഉണ്ടായിരുന്നു.

* * * *

താത്യാടോപ്പെയുടെ സമരോദ്യമങ്ങൾ

സംഖ്യാബലംകൊണ്ടും സമരസാമഗ്രികളുടെ സവിശേഷതകൊണ്ടും ഹേവലോക്കിന്റെ സൈന്യം മുന്നിട്ടുനിൽക്കുമെന്നു് അറിഞ്ഞിട്ടും നാനാസാഹേബ്നിരാശനായില്ല. അദ്ദേഹം വീണ്ടും ആക്രമണോദ്യമങ്ങളിൽ ആമഗ്നനായി. ആദ്യമായി തന്റെ സേനാപതിയായ താത്യാടോപ്പെയെ 'ശിവരാജപുര'ത്തിലേയ്ക്കു് അയച്ചു.

ശിവരാജപുരത്തിൽ പ്രവേശിച്ച താത്യാടോപ്പെ 42-ാം നമ്പർ കമ്പനിപ്പട്ടാളത്തെ സ്വാധീനപ്പെടുത്തി. ആ സേനയുടെ സഹായത്തോടുകൂടി അദ്ദേഹം വീണ്ടും ബിഠൂർ കരസ്ഥമാക്കി. മാത്രമല്ല നാനാസാഹേബിനെ പരാജിതനാക്കിയ ഹേവലോക്കിന്റെ വിപുലസേനയെ ആക്രമിയ്ക്കുവാനും ധൈര്യപ്പെട്ടു. തന്നിമിത്തം ലക്ക്നൌവിലേയ്ക്കു് പുറപ്പെട്ടിരുന്ന ഹേവലോക്കു് തല്ക്കാലം യാത്ര നിർത്തിവെയ്ക്കുവാൻ നിർബ്ബന്ധനായി.

താത്യാടോപ്പെയോടു് പകരം വീട്ടുവാൻ വെമ്പിയിരുന്ന ഹേവലോക്കു് (Sir Henry Havelock) തന്റെ സൈന്യത്തെ ഒരുവിധം ധൈര്യപ്പെടുത്തി പെട്ടെന്നു്

ശത്രുസംഘത്തെ ആക്രമിച്ചു. അവിചാരിതമായ ആക്രമണം താത്യാതോപ്പിയുടെ പരാജയത്തിലാണ് കലാശിച്ചതു് താത്യാതോപ്പിക്കു് വീണ്ടും കാൺപൂർ (ബിഠൂർ) കൈവിടേണ്ടിവന്നു.

തദനന്തരം നാനാസാഹബിന്റെ അഭിപ്രായപ്രകാരം താത്യാതോപ്പി ഗ്വാളിയർ നാട്ടുരാജ്യത്തിൽചെന്നു് പ്രചാരണംതുടങ്ങി. അദ്ദേഹത്തിൽ നവംനവമായ ആശയം ആവേശവും അങ്കുരിച്ചു. ആംഗ്ലേയരെ ഭാരതത്തിൽനിന്നു് ആട്ടിയോടിക്കുവാൻ സാദ്ധ്യമാവുമെന്നു് അദ്ദേഹം വിശ്വസിച്ചു.

ഗ്വാളിയറിൽ പ്രചരണം

ഗ്വാളിയറിന്റെ സമീപമുണ്ടായിരുന്ന 'മുരാർ' പാളയത്തിൽ സിന്ധിയയുടെ വമ്പിച്ച സേന അധിവസിച്ചിരുന്നു. താത്യാതോപ്പി അവിടെച്ചെന്നു് ഭടന്മാരേയും ഉദ്യോഗസ്ഥന്മാരേയും സന്ദർശിച്ചു് സ്വാതന്ത്ര്യസന്ദേശം ഗ്രഹിപ്പിച്ചു. കമ്പനിക്കാരുടെ കിരാതവാഴ്ചയുടെ ഭീകരചരിത്രവർണ്ണനകൾകൊണ്ടു് വരച്ചുകാട്ടി. സ്വാതന്ത്ര്യസമരത്തിൽ സംബന്ധിക്കുവാൻ സർവ്വരേയും ആഹ്വാനംചെയ്തു. പ്രഭാവപൂർണ്ണമായ പ്രഗത്ഭഭാഷണംകൊണ്ടു് പാളയത്തിലെ പടയാളികളേയും നായകന്മാരേയും സംഘടനാപടുവായ താത്യാതോപ്പി വശപ്പെടുത്തി.

ആ സേനയോടുകൂടി താത്യാടോപ്പെ "കാല്പി" യിൽ പ്രവേശിച്ചു. കാൺപൂരിൽനിന്നു് 46 നാഴിക ദൂരെ യമുനാതീരത്തിൽ സ്ഥിതിചെയ്യുന്ന കാല്പിയിലെ കോട്ട സമരദൃഷ്ട്യാ മഹത്വപൂർണ്ണമായ സ്ഥലമാണെന്നു് താത്യാടോപ്പെ മനസ്സിലാക്കി. നവമ്പർ 9-ാംനു- അദ്ദേഹം കാല്പികോട്ടയെ കരസ്ഥമാക്കി.

കാല്പിവിജയം

തദനന്തരം നാനാസാഹേബു് കാല്പിയെ അനുയായികളായ വിപ്ലവകാരികളുടെ മുഖ്യകേന്ദ്രമാക്കിത്തീർത്തു. താത്യാടോപ്പെ വീണ്ടും കാൺപൂരിനെ ആക്രമിച്ചു ജനറൽ വിൻഡ്ഹമിന്റെ സൈന്യവുമായി ഏറ്റുമുട്ടി. അവസാനം താത്യാടോപ്പെ വിജയിയായി. കാൺപൂർ പിന്നെയും വിപ്ലവകാരികളുടെ അധീനത്തിൽപെട്ടു.

കാൺപൂർ വിജയം

കാൺപൂരിൽ ആംഗ്ലേയർക്കു് നേരിട്ടപരാജയം ഗ്രഹിച്ചു "സർ കോലിൻ കേമ്പുബെൽ" (Sir Colin-Campbell) ചിന്തിതനായി. അദ്ദേഹം ലക്നൌ നഗരം കീഴടക്കാനുള്ള ഉദ്യമത്തെ ഉപേക്ഷിച്ചു് ഉടനെ സൈന്യസമേതം കാൺപൂരിലേക്കു് കുതിച്ചു. അപ്പോഴേക്കും

കേമ്പുബെല്ലിന്റെ പരിഭ്രമം

നാനാസാഹേബും താത്യാടോപ്പെയെ സഹായിയ്ക്കാൻ സൈന്യസമേതം വന്നുചേർന്നു.

ഡിസമ്പർ ഒന്നാംതിയ്യതിമുതൽ ആറാംതിയ്യതി വരെ ഗംഗാതീരത്തിൽവെച്ച് ഇരുസൈന്യങ്ങളും തമ്മിൽ ഭയങ്കരയുദ്ധം നടന്നു. സേനാപതിക്ക് ആവശ്യമായ സർവ്വഗുണങ്ങളും താത്യാടോപ്പെയിൽ ഇണങ്ങിച്ചേർന്നിരുന്നുവെങ്കിലും ഗ്വാളിയർ സൈന്യം പരിഭ്രമിച്ച് പിൻമാറിയതിനാൽ ഒടുവിൽ ആംഗലേയർതന്നെ വിജയികളായി. അങ്ങനെ കാൺപൂർനഗരം വീണ്ടും കമ്പനിയുടെ കൈവശമായി. സർ കേമ്പ്ബെൽ കാൺപൂരിലെ രാജപ്രസാദങ്ങളെയെല്ലാം തകർത്തുകളഞ്ഞു !!

കാൺപൂർ വീണ്ടും കമ്പനിക്കാരുടെ കൈയിൽ

താത്യാടോപ്പെ അവശേഷിച്ച അനുയായികളോടുകൂടി കാല്പിയിലേയ്ക്ക് മടങ്ങി.....

6. ഒൽഹിയിലെ വിപ്ലവം

ഒൽഹി സ്വതന്ത്രമായ വിവരം ഗ്രഹിച്ചയുടനെ ഗവർണ്ണർ ജനറൽ കാനിങ്ങ് പ്രഭു, സർവ്വസൈന്യാധിപനായിരുന്ന "ജനറൽ ഐസന്സ"ന്റെ ഒില്ലിയേയും ചുവർത്തിയേയും വെല്ലുവാൻ കല്പനകൊടുത്തു. ഐൻസൺ 'സിംല' (Simla)യിൽനിന്ന് 'അംബാല' (അമ്പാല) യിലെത്തി യുദ്ധസന്നാഹംതുടങ്ങി. ഇന്ത്യൻ ജനതയുടെ നിസ്സഹകരണം അദ്ദേഹത്തിന്ന് അനുഭവമായി. അംബാലയിൽനിന്ന് ഒൽഹിയിലേയ്ക്കുള്ള മാർഗ്ഗത്തിലാണ് പട്ടിയാല, നാഭ, ജിന്ദ് എന്നീ നാട്ടുരാജ്യങ്ങൾ. അവിടത്തെ നരേശന്മാർ സ്വാതന്ത്ര്യസമരത്തിൽ (വിപ്ലവത്തിൽ) പങ്കുകൊണ്ടില്ല; പകരം ബ്രിട്ടീഷുകാരെ സഹായിച്ചു അങ്ങനെ ഇന്ത്യയുടെ അടിമത്വ ജീവിതത്തിന്ന് അവർ ദൈർഘ്യംകൂട്ടി. ആ നാട്ടുരാജാക്കന്മാർ നിഷ്പക്ഷത പാലിച്ചിരുന്നാലും മതിയായിരുന്നു. അതുംചെയ്തില്ല. പകരം അവർ ധനജനസാധനങ്ങളാൽ കമ്പനിക്കാരെ സഹായിച്ചു. അവർ വിപ്ലവകാരികളുടെ നേതൃത്വം വഹിച്ചിരുന്നുവെങ്കിൽ ഭാരതം അന്നുതന്നെ സ്വതന്ത്രമാകുമായിരുന്നു. പക്ഷെ അതുണ്ടായില്ല.

രാജാക്കന്മാരുടെ ദേശദ്രോഹം!

ജനറൽ ഐൻസൺ ഇംഗ്ലീഷ് സേനയോടും സിക്കുപട്ടാളത്തോടുംകൂടി, മെയ് 25-ാംനു- അംബാല

അംബാലയിൽനിന്നും ഡൽഹിയിലേയ്ക്കും

യിൽനിന്നും ഡൽഹിയിലേയ്ക്കു പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ കോളറബാധിച്ചു അദ്ദേഹം മൃതനായി. ''സർ ഹെൻറി ബർനാർഡ്'' സൈന്യാധിപത്യം ഏറ്റെടുത്തു.

കമ്പനിക്കാരുടെ പട്ടാളങ്ങൾ വഴിനീളെ കൊലയും കൊള്ളയുംനടത്തി ജനതയെ ഭയപ്പെടുത്തുവാൻ ശ്രമിച്ചു. അസംഖ്യം നിരപരാധികൾ ഉണ്ടകൾക്കും കുടുക്കുകൾക്കും ഇരയായി. ഗ്രാമീണരുടെ തലയിലെ രോമങ്ങൾ കാരോന്നായി പറിക്കുക, വായിൽ പശുമാംസം കുത്തിത്തിന്നിക്കുക മുതലായ നീചകൃത്യങ്ങളും വെള്ളക്കാർ തുടർന്നു. നീലിന്റെ ദ്രുതയാത്രയെ നിഷ്പ്രഭമാക്കിക്കൊണ്ടു ബർനാർഡിന്റെ സൈന്യം മുന്നോട്ടു നീങ്ങി!!

അവരുടെ മുന്നേറ്റം

ഡൽഹിയിലേയ്ക്കു കുതിച്ചുചെല്ലുന്ന കമ്പനിപ്പട്ടാളങ്ങളെ വിപ്ലവകാരികൾ മുന്നാട്ടുചെന്നു തടഞ്ഞുവെങ്കിലും ഉദ്യമം സഫലമായില്ല. വിപ്ലവകാരികളുടെ സേനാപതി ബഹാദൂർഷാഹ് ചക്രവർത്തിയുടെ പുത്രൻ ''മിർജാ മുഗൾ'' ആയിരുന്നു. ആയാൾക്കു് ആയോധനപരിചയം ഉണ്ടായിരുന്നില്ല. പ്രത്യുത ബ്രിട്ടീഷുകാർക്കു് സുയോഗ്യ സേനാപതികളും സിക്കുപട്ടാളത്തിന്റെയും ഗ്രൂർക്കപ്പടയാളികളുടേയും സമ്പൂർണ്ണസഹായവും സംപ്രാപ്തമായി. അവ

സാനം ഇംഗ്ലീഷ്സേനകൾ ഡൽഹിയുടെ മതിൽക്കെട്ടുവരെ വന്നുചേർന്നു.

ചക്രവർത്തിയുടെ വിളംബരങ്ങൾ

ഡില്ലീ നഗരത്തിനുള്ളിൽ സമരസന്നാഹങ്ങൾ മുറയ്ക്ക് നടന്നിരുന്നു. പല സ്ഥലങ്ങളിൽനിന്നും ഭടന്മാരും ധനവും വന്നുചേർന്നു. പീരങ്കികളും വെടിമരുന്നും മറ്റും ധാരാളം ഉണ്ടാക്കിത്തുടങ്ങി. ബഹാദുർഷാഹ് ചക്രവർത്തി ആനപ്പുറത്തുകയറി നഗരത്തിലെല്ലാം ചുറ്റിസ്സഞ്ചരിച്ച് ജനങ്ങളേയും പടയാളികളേയും പ്രോത്സാഹിപ്പിച്ചു. ചക്രവർത്തി ഒരു വിളംബരം പുറപ്പെടുവിച്ച് ഗോഹത്യ നിർത്തൽചെയ്തു. ഗോഹത്യകാരണം പലരും ആംഗ്ലേയരെ വെറുത്തിരുന്നു. ദേശത്തിന്റേയും ധർമ്മത്തിന്റേയും (മതത്തിന്റേയും) സ്വാതന്ത്ര്യം സുരക്ഷിതമാക്കാനുള്ള സമരത്തിലേയ്ക്ക്—വിപ്ലവത്തിലേയ്ക്ക്—ഹിന്ദുക്കളേയും മുസൽമാന്മാരേയും ആഹ്വാനം ചെയ്യുന്ന മറ്റൊരു വിളംബരവും അദ്ദേഹം പുറപ്പെടുവിച്ചു.

പ്ലാസിയുദ്ധത്തിന്റെ ശതാബ്ദദിനം

ഡൽഹിയുടെ പശ്ചിമഭാഗത്ത് ബ്രിട്ടീഷുകാർ പാളയമടിച്ച് താമസിച്ചു. അവർക്ക് നഗരത്തെ പെട്ടെന്ന് ആക്രമിയ്ക്കുവാൻ ധൈര്യമുണ്ടായില്ല. പഞ്ചാബിൽനിന്ന് പുതിയപട്ടാളം വന്നുചേരുംവരെ ആക്രമണത്തിന്നു

അവർ മതിന്നില്ല. വിപ്ലവകാരികൾ പകൽ നഗരത്തിന്നു് പുറത്തുവന്നു് കമ്പനിപ്പട്ടാളത്തെ ആക്രമിച്ചു് വമ്പിച്ച നാശംവരുത്തുകയും സന്ധ്യയായാൽ മടങ്ങുകയും പതിവായി. ജൂൺ 22-ാംനു പ്ലാസിയുദ്ധത്തിന്റെ ശതാബ്ദദിനമായിരുന്നു. അന്നു് വിപ്ലവകാരികൾ വമ്പിച്ചതോതിൽ പോർനടത്തി. പരിപൂർണ്ണവിജയം പ്രാപിയ്ക്കാറായി. അപ്പോഴേയ്ക്കും പഞ്ചാബിൽനിന്നു് ഒരു പുതിയസേന കമ്പനിക്കാരുടെ സാഹായ്യത്തിന്നെത്തി. അങ്ങനെ ഇംഗ്ലീഷുകാർ വിനാശത്തിന്റെ വക്ത്രത്തിൽനിന്നു് വിമുക്തരായി. അവസാനം ഇരുഭാഗക്കാരും സ്വന്തം പാളയത്തിലേയ്ക്കു് പിന്മാറി.

മുഹമ്മദ് ബഖത്ഖാൻ പുതിയ സേനാപതി

ജൂലായി 1-ാംനു- "മുഹമ്മദ് ബഖത്ഖാന്റെ" നേതൃത്വത്തിൽ രുഹേൽഖണ്ഡ സൈന്യം ദൽഹിയിലെത്തി. ചക്രവർത്തി സൂയോഗ്യനായ അദ്ദേഹത്തെ മിർജാമുഗളിന്നു പകരം സേനാപതിയായി നിശ്ചയിച്ചു. ദൽഹിയുടെ ഗവർണ്ണർസ്ഥാനവും അദ്ദേഹത്തിന്നു് നൽകി. പുതിയ ഉദ്യോഗം കൈയേറ്റ ഉടനെ മുഹമ്മദ് ബഖത്ഖാൻ ദില്ലിയിൽ സുവ്യവസ്ഥിതമായ സൈന്യസംഭരണം സ്ഥാപിച്ചു.

ദൽഹിനഗരത്തിന്റെ പശ്ചിമഭാഗത്തു് താവളമുറപ്പിച്ചിരുന്ന കമ്പനിക്കാരുടെ സംഘത്തിൽ പഞ്ചാബിൽനിന്നു് പിന്നെയും യുദ്ധനിപുണരായ സേനാ

നായകന്മാരും ഭടന്മാരും വന്നുചേർന്നു. എന്നിട്ടും അവർക്കു് നഗരത്തെ ആക്രമിക്കുവാൻ ധൈര്യമുണ്ടായില്ല. ഒരു സേനാപതി മൃതനായി. മറെറരാൾ 'ആരോഗ്യസിദ്ധ്യർത്ഥം' സർവ്വസൈന്യാധിപത്യം രാജിവെച്ചു് 'മല'കയറി. അവസാനം "ജനറൽ വിൽസൺ" ബ്രിട്ടീഷ്സൈന്യത്തിൻെറ നാലാമത്തെ സേനാപതിയായി നിയുക്തനായി.

ദില്ലീനഗരത്തിനു പുറത്തുവെച്ചു് ഇരുഭാഗക്കാരും തമ്മിൽ പലപ്പോഴും സമരം നടന്നുവെങ്കിലും നിർണ്ണായകയുദ്ധത്തിൽ ആരും ഏർപ്പെട്ടില്ല. ഇംഗ്ലീഷുകാക്കു് നഗരത്തിൽ പ്രവേശിക്കുവാൻ ധൈര്യമുണ്ടായില്ല. പൂർണ്ണശക്തിയോടുകൂടി പുറത്തുചെന്നു് ശത്രുസേനയെ ആട്ടിയോടിയ്ക്കുവാനുള്ള സന്നദ്ധത വിപ്ലവകാരികളും പ്രദർശിപ്പിച്ചില്ല.

നഗരത്തിനുള്ളിൽ ധാരാളം ഭടന്മാരുണ്ടായിരുന്നു. സ്വാതന്ത്ര്യസമരത്തിനു് സന്നദ്ധരായിവന്ന അവരെല്ലാം പാടവവും പഴക്കവും സുയോഗ്യനേതാവില്ല നേടിയ പടയാളികളായിരുന്നു. സംഘടനാബലത്തിനും കുറവുണ്ടായിരുന്നില്ല. പക്ഷെ അവരിൽ അധികപേരും രാജാക്കന്മാരുടേയോ രാജവംശജന്മാരുടേയോ പ്രഭുക്കന്മാരുടേയോ കുലീനന്മാരുടേയോ നേതൃത്വത്തിൽ ആയോധനംചെയ്യുവാൻ ശീലിച്ചവരായിരുന്നു. മുഹമ്മദ് ബഖത്ഖാൻ സുയോഗ്യനും സമർത്ഥനുമായിരുന്നുവെ

ങ്കിലും ''കുലീനവംശജ''നായിരുന്നില്ല; സാധാരണ സേനാപതിയായിരുന്നു. തന്നിമിത്തം, ദിനംപ്രതി പെരുകിവന്നിരുന്ന ദില്ലിയിലെ സൈന്യസംഘങ്ങളിൽ 'അച്ചടക്ക'വും ആജ്ഞാപാലനവും ശിഥിലമായിത്തീർന്നു. ഉന്നതകുലജാതനും യുദ്ധവിദ്യാപാരംഗതനുമായ ഒരു സുയോഗ്യനേതാവിന്റെ അഭാവം അപജയത്തിനും കാരണമാവുമെന്നും ബഹാദുർഷാഹ് ദീർഘദർശനംചെയ്തു. ചക്രവർത്തി വൃദ്ധനായിരുന്നു. രാജകുമാരന്മാക്കും പ്രാപ്തിയുണ്ടായിരുന്നില്ല.

നാടിനെ വഞ്ചിച്ച നരേശന്മാർ

നരേശന്മാരാരും വിപ്ലവകാരികളെ സഹായിയ്ക്കാൻ സന്നദ്ധരായില്ല. പ്രഭാവശാലിയായിരുന്ന സിന്ധിയാ മഹാരാജാവോ മറ്റോ ഒൽഹിയിൽചെന്നും നേതൃത്വം വഹിച്ചിരുന്നുവെങ്കിൽ അതോടുകൂടി ഭാരതം സ്വതന്ത്രമാകുമായിരുന്നു. വിവശനും വൃദ്ധനുമായ ചക്രവർത്തി വിറയ്ക്കുന്ന കൈകൊണ്ടു നിമന്ത്രണപത്രം എഴുതി ഭൂതന്മാർവഴിയായി മിയ്ക്ക രാജാക്കന്മാക്കും അയച്ചുകൊടുത്തു. ബ്രിട്ടീഷ്സിംഹത്തിന്റെ കരാളദംഷ്ട്രകളിൽനിന്നും ഭാരതഭൂമിയെ വിമോചിപ്പിയ്ക്കുവാൻവേണ്ടി നരേശന്മാർ വാളെടുക്കുവാൻ തയ്യാറാണെങ്കിൽ തന്റെ സകല അധികാരങ്ങളും അവകാശങ്ങളും നാട്ടുരാജാക്കന്മാർ തിരഞ്ഞെടുക്കുന്ന ഒരു 'സംഘ'ത്തിനും ഏല്പിച്ചുകൊടുക്കുന്നതും തനിയ്ക്കും സമ്മതമാണെ

ന്നു് ആ വിഖ്യാതപത്രത്തിൽ വൃദ്ധനായ സമ്രാട്ടു് വ്യക്തമാക്കിയിരുന്നു. ജയപുർ, ജോധപുർ, ബിക്കാനീർ മുതലായ നാട്ടുരാജ്യങ്ങളിലെ നരേശന്മാരേയും സ്വാതന്ത്ര്യസമരത്തിലേയ്ക്കും നേതൃത്വത്തിലേയ്ക്കും ചക്രവർത്തി ആത്മാർത്ഥമായി ക്ഷണിച്ചുവെങ്കിലും അവരാരും മുന്നോട്ടുവന്നില്ല. പലരും കമ്പനിക്കാരുടെ 'പാദാനു'പദമാണു് പരിപാവനമായിപ്പരിഗണിച്ചതു്. അവർ വിപദ്ഗ്രസ്തയായ മാതൃഭൂമിയെ വിസ്മരിച്ചു—വെടിഞ്ഞു—വിക്രയംചെയ്തു—വഞ്ചിച്ചു !!

രാജധാനിയിൽ വിഭീഷണൻ!

ഇംഗ്ലീഷുകാരുടെ സഹായത്തിനു് ജനറൽ നിക്കൽസന്റെ നേതൃത്വത്തിൽ പുതിയൊരു സൈന്യം പഞ്ചാബിൽനിന്നു് എത്തിച്ചേർന്നു. കമ്പനിക്കാരുടെ സേനയിൽ വലിയൊരു ഭാഗം സിക്കുകാരും, ഗ്രൂർക്കരും, പഞ്ചാബികളുമായിരുന്നുവെന്നതും സ്മർത്തവ്യമത്രെ. ഇതിനിടയിൽ ക്രാന്തികാരികളായ ഭടന്മാർക്കിടയിൽ കക്ഷിവഴക്കും പ്രതിസ്പർദ്ധയും കടന്നുകൂടി. സുവ്യക്തരണനീയനായ സുയോഗ്യനേതാവിന്റെ അഭാവത്താൽ മുന്നുതന്നെ ശിഥിലത ബാധിച്ചിരുന്നു. കമ്പനിക്കാരുടെ ചാരന്മാർ ചാതുര്യത്തോടുകൂടി രഹസ്യപ്രവർത്തനങ്ങൾ സമാരംഭിച്ചു. അവർ ദില്ലിനഗരത്തിനുള്ളിൽ കടന്നുകൂടി. ''വഞ്ചകന്മാ''രേയും ഒരുക്കിനിർത്തി. ബഹാദുർശാഹ് ചക്രവർത്തിയുടെ അടുത്ത ബന്ധുവും

സഹചരനമായിരുന്ന ''മിർജാ ഇലാഹിബഖ്ശ്'' ഇംഗ്ലീഷുകാരുടെ പ്രലോഭത്തിനും വാഗ്ദാനത്തിനും വശംവദനായി 'വിഭീഷണ'വേഷം കെട്ടി!! *f*

ആജ്ഞാലംഘനം

ആഗസ്ത് 25-ാംനു- മുഹമ്മദ് ബഖത്ഖാൻ സ വ്വശക്തികളുമുപയോഗിച്ച് നഗരത്തിനു പുറത്തു് താവളമുറപ്പിച്ചിരുന്ന കമ്പനിപ്പടയെ വീണ്ടും ആക്രമിച്ചു. സ്വാതന്ത്ര്യ സമരഭടന്മാർക്കിടയിൽ കടന്നുകൂടിയ കക്ഷിവഴക്കു കാരണം ഈ ശ്രമവും വിഫലമായി. ഒരു പ്രധാനകക്ഷി സേനാപതിയുടെ ആജ്ഞയെ അവഗണിച്ച് അവർ ധീരധീരം പോരാടി സ്വർഗ്ഗം പ്രാപിച്ചുവെങ്കിലും ഉദ്യമം സഫലമായില്ല. സേനാനായകന്റെ ആജ്ഞയെ അനുസരിയ്ക്കാതിരുന്നാൽ—അച്ചടക്കം പരിപാലിയ്ക്കാതിരുന്നാൽ—എത്ര വലിയ സേനയും അപജയഗർത്തത്തിൽ ആണ്ടുപോകും!! ആജ്ഞാപാലനമാണ് വിജയത്തിന്റെ ആധാരശില.

സപ്തമ്പർ 14-ാംനു- ഇംഗ്ലീഷുകാർ ഡൽഹി നഗരത്തിൽ കടക്കുവാനുള്ള അന്തിമോദ്യമത്തിൽ ഏർപ്പെ

---

f ഈയാളുടെ വംശജന്മാർക്ക് ഇന്ത്യ സ്വതന്ത്രയാകുംവരെ (1947) ബ്രിട്ടീഷ് ഗവർമ്മേണ്ടു് മാസംതോറും 1200 ഉറുപ്പിക പെൻഷൻ കൊടുത്തിരുന്നുവത്രെ!

നഗരപ്രവേശനം

ട്ടു. ജനറൽ വിൽസൺ കമ്പനിപ്പടയെ അഞ്ചായി ഭാഗിച്ചു. മൂന്നുസംഘങ്ങൾ ഏകോപിച്ചു് ജനറൽ നിക്കൽസന്റെ നേതൃത്വത്തിൽ ''കാശ്മീരദ്വാര''ത്തിൽ (കാശ്മീരി ഒർവാജയിൽ)ക്കൂടി നഗരത്തിൽ കടക്കുവാൻ തീവ്രസമരംചെയ്തു. നഗരഭിത്തി മുമ്പുതന്നെ ഉണ്ടകളേറു് അല്പം പിളർന്നിരുന്നു. വിപ്ലവകാരികളുടെ പീരങ്കിയുണ്ടകൾ പോരാഞ്ഞിട്ടെന്നപോലെ പൊഴിഞ്ഞുകൊണ്ടിരിയ്ക്കുമ്പോൾ, നിക്കൽസനും കൂട്ടുകാരും പ്രാണങ്ങളെ തൃണവൽഗണിച്ചു്, തകർന്ന ഭിത്തിമേൽ കോണിവെച്ചു് അതിൽ കയറി ഒരുവിധത്തിൽ നഗരത്തിനുള്ളിൽ കടന്നുകൂടി. മറ്റൊരു വിഭാഗം 'കാശ്മീരകവാട'ത്തെ റൊടിമരുന്നുകൊണ്ടു് അല്പം തകർത്തു് അതിൽക്കൂടി അകത്തു കടന്നു. ഈ ഉദ്യമങ്ങളിൽ വിപ്ലവകാരികളുടെ തീയുണ്ടകളേറു് അസംഖ്യം ശത്രുഭടന്മാർ മരണമടഞ്ഞു.

"വീരവീഥി"

ഇംഗ്ലീഷുകാർക്കു് നഗരത്തിലെ ഓരോ ഇഞ്ചു് ഇടത്തിനും ഓരോ വിടുപ്പിനുംവേണ്ടി അനുപദം അടരാടേണ്ടിവന്നു. അധീനമായ സ്ഥലത്തെല്ലാം അവർ 'യൂനിയൻ ജാക്ക്' നാട്ടി മുന്നോട്ടു നീങ്ങി. നിക്കൽസണും സംഘവും ഒരു തെരുവിൽക്കൂടി പോകുമ്പോൾ ഇരുഭാഗത്തുമുള്ള വീടുകളുടെ തട്ടിൻപുറത്തുനിന്നും ജനലുകൾ വഴിയായും ഇടവിടാതെ വെ

ടിയുണ്ടകഠം വഷ്ടിച്ചുതുടങ്ങി!! വീഥി രക്തപ്പുഴയായി ത്തീന്നു!! വാശി വഷ്ടിച്ച വെള്ളപ്പട്ടാളം ക്ലട്ടകാരുടെ ശവങ്ങളെ മെതിച്ചുകൊണ്ട് മുന്നോട്ട പോകുവാൻ മുതിന്നു. പക്ഷെ അവരുടെ യത്നം നിഷ്ഫലമായി വീ രസേനാനായകനായ നിക്കൽസൺ വീണ്ടും മുന്നോട്ട ചെന്നു; മുറിയേറു നിലത്തുവീണു. അങ്ങനെ വെള്ള ക്കാർക്ക് ആ ''വീരവീഥി''യെ വിജയിപ്പാൻ കഴി യാതെ ധൈര്യത്തോടുകൂടി പിന്മാറേണ്ടിവന്നു!!

''കർണൽ കേമ്പ്ബെല്ലി''ന്റെ കീഴിൽ ഒരു സൈനികസംഘം ''ജാമേ മസ്ജിദി''ന് (മുസ്ലിംപള്ളി യുടെ) നേരെ ചെന്നു. അവർ പള്ളിയെ ഭസ്മമാക്കാൻ ഉദ്ദേശിച്ചിരുന്നു. പക്ഷെ അ തിന്നുള്ളിൽ അനേകായിരം മുസൽമാന്മാരുണ്ടായിരു ന്നു. അവരുടെ കൈയിൽ തോക്കുകളുണ്ടായിരുന്നില്ല; വാളുകഠം മാത്രമെ ഉണ്ടായിരുന്നുള്ളു. എങ്കിലും അവർ പ്രാണങ്ങളെ തൃണവദ്ഗണിച്ച് ആരാധനാമന്ദിരത്തെ സംരക്ഷിപ്പാൻ നിശ്ചയം പുറത്തുവന്നു. ഭയങ്കരസമരം നടന്നു. ശത്രുക്കഠം പിന്മാറാൻ നിർബ്ബന്ധരായി!

ദൽഹിയെ വളഞ്ഞ് നാലുമാസം നിരാശതയിൽ നിമഗ്നരായി 'പടിവാതി'ലിന്നരികെ കെട്ടിക്കിടന്ന വെള്ളപ്പട്ടാളം അവസാനം രക്തപ്പുഴയൊഴുക്കി നഗര ത്തിൽ പാദമൂന്നി; പദേപദേ പോരാടി. എങ്കിലും സപ്തമ്പർ 19-ാംനു-ക്കുള്ളിൽ കമ്പനിക്കാർ നഗരത്തി ന്റെ മുക്കാൽഭാഗവും അധീനമാക്കി.

ഉൽഹി നഷ്ടപ്പെടുമെന്നു് തീച്ചയായി. ക്രാന്തികാരികളുടെ സേനാപതിയായിരുന്ന മുഹമ്മദു് ബഖത്തു് ഖാൻ നിരാശനായില്ല. ചക്രവർത്തിയോടുകൂടി ഉടനെ ഉ

മുഹമ്മദു് ബഖത്തു്

ഖാന്റെ അന്ത്യോദ്യമം ൽഹിനഗരം വിടുവാനും മറേതെങ്കിലും പ്രബലകേന്ദ്രത്തിൽ സ്ഥാനമുറപ്പിച്ചു് വിപ്ലവം തുടരാനും അദ്ദേഹം നിശ്ചയിച്ചു. ആ വിവരം സമ്രാട്ടിനെ അറിയിച്ചു ആദ്യം ബഹാദുർഷാഹു് തയ്യാറായി. പക്ഷെ കമ്പനിക്കാരുടെ ഗൂഢസഹായകനും ചക്രവർത്തിയുടെ ചാച്ചക്കാരനുമായ "മിർജാ ഇലാഹിബഖ്ശി"ന്റെ കുതന്ത്രങ്ങളും ഉപദേശങ്ങളും ബഹാദുർഷാഹിന്റെ ഹൃദയത്തെ വിചലിപ്പിച്ചു. അവസാനം അദ്ദേഹം ഉൽഹി വിടുന്നില്ലെന്നു് നിശ്ചയിച്ചു. മുഹമ്മദു് ബഖത്ഖാനോടു് അന്യത്ര ചെന്നു് സ്വാതന്ത്ര്യസമരം തുടരുവാനും ഭാരതത്തിന്റെ അഭിമാനത്തെ പുലർത്തുവാനും പറഞ്ഞു. സ്വാതന്ത്ര്യസമരത്തിന്റെ ഹൃദയവും മസ്തിഷ്കവുമായിരുന്ന ആ മഹാരഥൻ ഭഗ്നചിത്തനായി അവിടം വിട്ടു!! *

ഹുമയൂൺ ചക്രവർത്തിയുടെ സമാധിമന്ദിരത്തിൽവെച്ചാണു് ഈ സന്ദർശനവും സംഭാഷണവും നടന്നതു്

---

* ചക്രവർത്തിയുടെ അറസ്റ്റിനുശേഷം മുഹമ്മദു് ബഖത് ഖാൻ സൈന്യസമേതം യമുനകടന്നു് എവിടേയ്ക്കോ പോയി. പിന്നെ അവരെപ്പറ്റി യാതൊരു വിവരവും ലഭിച്ചിട്ടില്ല.

ബന്ധുവിന്റെ വഞ്ച നയും ബന്ധനവും

വഞ്ചകനായ മിർജാ ഇലാഹി ബഖ്ശ് കപടതന്ത്രങ്ങൾ അവലംബിച്ച് മുഹമ്മദ് ബഖ്ത്ഖാനെ അകറ്റിയശേഷം രഹസ്യമായി കമ്പനിക്കാർക്ക് വിവരംകൊടുത്തു. കേപ്റ്റൻ ഹഡ്സണും കുറച്ചു ഭടന്മാരും സ്ഥലത്തെത്തി. ചക്രവർത്തിയെ സംഹരിയ്ക്കണമെന്ന് ചില വെള്ളക്കാർ അഭിപ്രായപ്പെട്ടു. എങ്കിലും ദൂരദർശികളായ ഉദ്യോഗസ്ഥന്മാർ അതിനു വഴിപ്പെട്ടില്ല. അവർ ബഹാദുർഷാഹ് (ചക്രവർത്തി) ബേഗം ജീനത് മഹൽ (ചക്രവർത്തിനി), ജവാൻ ബഖ്ത് (രാജകുമാരൻ) എന്നിവരെ തൽക്ഷണം അറസ്റ്റ്ചെയ്ത് ചെങ്കോട്ടയിൽ ബന്ധനത്തിൽവെച്ചു. അങ്ങനെ ദൽഹിനഗരം, 134 ദിവസത്തെ ഭഗീരഥപ്രയത്നത്തിനും രക്തവർഷണത്തിനും ശേഷം, ബ്രിട്ടീഷുകാരുടെ അധീനത്തിലായി.

തിരുമുൽക്കാഴ്ച !!

മിർജാ ഇലാഹി ബഖ്ശിന്റെ വഞ്ചന കാരണം മൂന്നു രാജകുമാരന്മാർക്കൂടി ബന്ധനസ്ഥരായി. കേപ്റ്റൻ ഹഡ്സൺ അവരെ വെടിവെച്ചുകൊല്ലുകയും ശിരച്ഛേദം ചെയ്യുകയും മുണ്ഡിതയായ വൃദ്ധനായ സമ്രാട്ടിനു "തിരുമുൽക്കാഴ്ച" വെച്ചു് പൈശാചികഹാസം പൊഴിയ്ക്കുകയും ചെയ്തു!!

* * * *

ടിപ്പുവിജയത്തിനുശേഷം ബ്രിട്ടീഷുകാർ ആ നഗരത്തിൽ നടത്തിയ "പകവീട്ട"ലും പകൽക്കൊള്ളയും "നാദിർശാഹി"നെ കൊള്ളയും കൊലയും!! പ്പോലും നാണിപ്പിയ്ക്കുന്നതായിരുന്നു!! സ്വസംഹാരവും സ്വാപഹരണവും ശക്തിപൂവ്വം നടന്നു!! രോഗികളേയും മുറിയേറ്റവരേയും നിർദ്ദയം വെടിവെച്ച് കൊന്നു നഗരം ശവഭരിതമായി! കഴുകന്മാരും ശ്വാക്കളും തടിച്ചുകൊഴുത്തു!! അത്തറിന്റെ പരിമളത്തിൽ ആറാടിയിരുന്ന ടൽഹിനഗരം ചീഞ്ഞളിഞ്ഞ ശവങ്ങളിൽ നിന്ന് ഉയർന്നപരന്ന ദുർഗ്ഗന്ധംമൂലം 'നരക'പ്രായമായിത്തീർന്നു!!

തീയിലിട്ടുവറക്കുക, പൈനുകഷ്ണങ്ങൾ പഴുപ്പിച്ചു വെച്ച് ദേഹത്തെയെല്ലാം പൊള്ളിപ്പിയ്ക്കുക, മുസൽമാന്മാരെ പന്നിത്തോൽകൂപ്പായം ധരിപ്പിച്ച് പന്നിക്കൊഴുപ്പുതേച്ച് തിയ്യിലിടുക, മതാചാരങ്ങൾക്ക് വിരോധമായ രീതിയിൽ ഹിന്ദുക്കളെ ഹിംസിയ്ക്കുക മുതലായ ക്രൂരകർമ്മങ്ങൾ മുടക്കമെന്യെ മുറയ്ക്കു നടന്നു!! പള്ളിയും അമ്പലങ്ങളും പൊളിഞ്ഞുതകർന്നു. ടൽഹിയിലെ വലിയ മുസ്ലീംപള്ളി (ജാമേമസ്ജിദ്) സിക്കുസേനയുടെ ആവാസകേന്ദ്രവും മലമൂത്രവിസർജ്ജനസ്ഥലവുമായി രൂപാന്തരപ്പെട്ടു. അവിടെ പന്നിയെ വെട്ടുകയും മാംസം വേവിയ്ക്കുകയും പതിവാ

നരകയാതനകൾ!!

യിത്തീന്ന!! മാനഹാനിയും മഹായാതനയും ഭയന്നു് അനേകം മഹിളാമണികൾ കിണറ്റിൽ ചാടി "രക്ഷ" നേടി. ക്ഷപത്തിലെ ശവക്ഷുന്വാരത്തിന്റെ മീതെ പതിച്ചു; ഭയഭീതകളായ വനിതകളെ മൃത്യുഭേവത മുക ന്നില്ല. 'കരഷ്കുകയറുവാൻ' അവരേയും കാംക്ഷിച്ചതു മില്ല.

കമ്പനിപ്പട്ടാളത്തിനു് മൂന്നുദിവസം "കൊള്ള" യടിയ്ക്കുവാൻ സമ്മതം കിട്ടി. നഗരവാസികളുടെ അ വശേഷിച്ച വീട്ടുസാമാനങ്ങ

ശ്മശാനശ്രുന്യത!!

ളും മറ്റും "ലേലം" വിളി ച്ചു. കൂടുക്കിനും കൊലയ്ക്കും പാത്രമാവാതെ അവശേഷിച്ച പൌരന്മാരെ "വെറു ങ്കൈയോടെ" നഗരത്തിൽനിന്നു് ആട്ടിയോടിച്ചു. ദില്ലീനഗരം ശ്മശാനതുല്യമായിത്തീന്ന!!

* * * *

ഭാരതഭൂമിയിൽ പല സാമ്രാജ്യങ്ങളും വളരുകയും തളരുകയുമുണ്ടായി. അതോടൊപ്പം ദൽഹിനഗരവും പലവുരു നിർമ്മിതവും നഷ്ടശ്ര

തകർന്ന ദൽഹി

ഷ്ടവുമായി. വിജയമദോന്മത്ത രായ വെള്ളക്കാരുടെ ഭരണാ ധമനം കാരണമായി സുന്ദരവും സമ്പൽസമൃദ്ധവുമായ ദില്ലീനഗരി മണ്ണടിഞ്ഞു!! പിന്നീടു് അവർതന്നെ അതിനെ പുതുതായി കെട്ടിപ്പടുക്കുവാൻ പുറപ്പെട്ടു.

നിഷ്ക്രാസിതരായ പൌരന്മാർ വീണ്ടും മടങ്ങിവരുവാൻ ധൈര്യപ്പെട്ടില്ല. ഒരുകൊല്ലംവരെ മുസൽമാൻ പൌരന്മാക്കു് ദൽഹിയിൽ സ്ഥാനംതന്നെ ലഭിച്ചില്ല. ഇംഗ്ലീഷുകാരുടെ മർദ്ദനനയം മാറ്റമാന്നപ്പോൾ ജനാവലി മന്ദമന്ദം മടങ്ങിവന്നു. ക്രമേണ ദൽഹിനഗരം പുനരുത്ഥാനം പ്രാപിച്ചു

ദില്ലീഭൂത്തിൽ (ചെങ്കോട്ടയിൽ) അധിവസിച്ചിരുന്ന മുഗലവംശത്തിലെ മിക്ക രാജകുമാരന്മാരേയും കഴുമരത്തിലേറ്റി. വിപ്ലവത്തിൽ പങ്കില്ലാത്ത രോഗികളായ രാജകുടുംബാംഗങ്ങളെപ്പോലും സംഹാരത്തിൽനിന്നു് ഒഴിവാക്കിയില്ല. അവശേഷിച്ചവരിൽ പലരും ബന്ധനസ്ഥരായി കൊരടാവുകൊണ്ടുള്ള കഠിനപ്രഹരമേറും ധാന്യം പൊടിച്ചും നരകജീവിതം നയിച്ചു് അവർ അകാലമരണമടഞ്ഞു!!

മുഗൾവംശം മുടിഞ്ഞു!!

പലക്കും യാചനാവൃത്തിയെ അവലംബിയ്ക്കേണ്ടിവന്നു. ബഹാദൂർശാഹ് ചക്രവർത്തി, ജീനത്മഹൽ ചക്രവർത്തിനി, ജവാൻ ബഖത്ത് രാജകുമാരൻ എന്നിവരെ തടവുകാരാക്കി, റങ്കൂണിലേയ്ക്കയച്ചു. അവിടെവെച്ചു് 1863ൽ ബന്ധനസ്ഥനായ ബഹാദൂർശാഹ് ചക്രവർത്തി ദിവംഗതനായി. അതോടുകൂടി 'ദില്ലീരാജവംശം' നാമാവശേഷമായിത്തീർന്നു!!

7. രുധിരസാഗരമായ അവധപ്രദേശം !!

''അവധപ്രദേശം'' ഒൽഹൌസിയുടെ അപഹരണനയം കാരണമായി ഈസ്റ്റ് ഇൻഡ്യാ കമ്പനിക്കാരുടെ ഭരണത്തിനു് അധീനമായതു് അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അവിടത്തെ ജനതയും ഉദ്യോഗസ്ഥന്മാരും ജന്മികളും ഇടപ്രഭുക്കന്മാരും സന്നദ്ധരായി.

കമ്മീഷണറുടെ കുതന്ത്രങ്ങൾ

അവധത്തിലെ ചീഫ് കമ്മീഷണറായിരുന്നു. ''സർ ഹെൻറി ലോറൻസ്'' (Sir Henry Lowrance) മംഗലപാണ്ഡെയുടെ വധത്തെത്തുടർന്നു് അവധത്തിലെ ഇന്ത്യൻ ഭടന്മാർ ക്ഷുഭിതരായതു് അദ്ദേഹം അറിഞ്ഞു. ഭാരതീയസേനയിലെ ഹിന്ദുക്കളേയും മുസൽമാന്മാരേയും ''ഭിന്നിപ്പിച്ചു'' ഇംഗ്ലീഷുകാരുടെ കീഴിൽ അടക്കിനിർത്താൻ കമ്മീഷണർ പ്രസംഗങ്ങൾകൊണ്ടും പ്രലോഭനങ്ങൾകൊണ്ടും പ്രയത്നിച്ചു. മീററ്റിലെ വിപ്ലവം വിജയച്ചിത്രം ഒൽഹി സ്വതന്ത്രമായതും ഗ്രഹിച്ച ലോറൻസ് ലക്നൌ പട്ടണത്തിനടുത്തു് ''മച്ഛീഭവന''ത്തിലും 'റെസിഡൻസി'യിലും രക്ഷാവ്യൂഹങ്ങൾ വിരചിച്ചു. നേപ്പാളിന്റെ സഹായ്യം തേടി.

മെയ് 30-ാംനു പട്ടാളത്താവളങ്ങളിൽ വിപ്ലവം തുടങ്ങി. സർ ലോറൻസും ഇംഗ്ലീഷ് ഭടന്മാരും റസി

ഡൻസിയിൽ ശരണംപ്രാപിച്ചു. ഭാരതീയഭടന്മാർ ഹരിതപതാകയുമേന്തി സ്വാതന്ത്ര്യസമരം സമാരംഭിച്ചു. സീതാപൂർ, ഫത്രുഖാബാദ് മുതലായ സ്ഥലങ്ങളിലും വിപ്ലവവഹ്നി പരന്നുപിടിച്ചു. അനവധി ആംഗ്ലേയർ കൊല്ലപ്പെട്ടു. പലർക്കും നാട്ടുകാർതന്നെ അഭയം നൽകി.

മൌലവി അഹമ്മദ്ശാഹ്

''ഫൈജാബാദി''ലെ ഇടപ്രഭുക്കന്മാരേയും ജന്മികളേയും കമ്പനിക്കാർ അത്യധികം ദ്രോഹിച്ചിട്ടുണ്ടായിരുന്നു. അവരിൽ പലരും പടമ്പുതരായി കഷ്ടപ്പെട്ടു. ''മൌലവി അഹമ്മദ് ശാഹ്'' അങ്ങനെ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ഒരു വലിയ ജന്മിയായിരുന്നു. അദ്ദേഹം ഫൈജാബാദിലും ചുറ്റുപാടും വിപ്ലവകാഹളംമുഴക്കി. സുയോഗ്യനായ ആ നേതാവ് അവധത്തിൽ ചുറ്റിസ്സഞ്ചരിച്ച് പ്രചരണവും പ്രയത്നവും ഇടങ്ങി. ഇംഗ്ലീഷുകാർ അദ്ദേഹത്തെ അറസ്റ്റുചെയ്യ് ''ലഖ്നൗക്കുറ്റം'' ചുമത്തി വിചാരണനടത്തി. തൂക്കിലിടുവാനായിരുന്നു വിധി. വധദിവസംവരെ ബന്ധനത്തിലിടുവാൻ ഫൈജാബാദിലെ കാരാഗൃഹത്തിലേയ്ക്ക് കൊണ്ടുപോയി.

ഇതറിഞ്ഞപ്പോൾ ഫൈജാബാദിലെ ഇന്ത്യൻ പടയാളികളും ജനതയും പ്രക്ഷുബ്ധരായി. അവർ ഹരിതപതാകയേന്തി സ്വാതന്ത്ര്യസമരം സമാരംഭിച്ചു. ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാർ ബന്ധനസ്ഥരായി. വിപ്ലവകാരി

കഠ മൌലവി അഹമ്മദ് ശാഹിനെ വിമോചിപ്പിച്ചു. അദ്ദേഹം അവരുടെ നേതാവായി തീവ്രസമരം തുടർന്നു. ഫൈജാബാദ് പട്ടണത്തിൽ ആംഗലേയരെ കൊല്ലുകയുണ്ടായില്ല.

അവധപ്രദേശം സ്വതന്ത്രമായി

ജൂൺ 10-നു-ക്കുള്ളിൽ ''ലക്നൌ'' പട്ടണത്തിന്റെ ഒരു ഭാഗമൊഴികെ അവധരാജ്യം മുഴുവനും ക്രാന്തികാരികളുടെ അധീനത്തിലായി. അവധ നിവാസികഠ അധീനസ്ഥരായ ആംഗലേയരെ ഹിംസിയ്ക്കുയുണ്ടായില്ല. അവർക്ക് അഭയം ലഭിച്ചു. ആംഗലേയർ ''നവാബ് വാജിദ് അലിശാഹി''നെ പ്രജാദ്രോഹിയെന്നു് ദോഷാരോപണംചെയ്തു് പദച്യുതനാക്കിയിരുന്നുവല്ലോ. പക്ഷെ പത്തുദിവസത്തിനുള്ളിൽ അവധപ്രദേശം സ്വതന്ത്രമായതിൽനിന്നു് അവിടത്തെ ജനങ്ങളും പ്രഭുക്കന്മാരും നവാബിനെ എത്രത്തോളം സ്നേഹിച്ചിരുന്നുവെന്നതു് സുസ്പഷ്ടമാവുന്നുണ്ടു്.

ബേഗം അജരത്മഹൽ

അവധത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ആയിരക്കണക്കിൽ സ്വാതന്ത്ര്യഭടന്മാർ വിമോചനസമരത്തിനായി ലക്നൌവിൽ (Lucknow) എത്തിച്ചേർന്നു. അവരെല്ലാം ''ബേഗം ഹസ്രത്മഹലി''ന്റെ നേതൃത്വം അംഗീകരിച്ചു. ബേഗത്തിന്റെ കീഴിൽ അവധത്തിലെ അനവധി ധീരവ

നീതകം പുരുഷവേഷവും ആയുധവും ധരിച്ച് അടരാടുകയുണ്ടായി.

കാൺപൂർ സ്വതന്ത്രമായതിനെത്തുടർന്ന് ലക്ക്നൌവിൽവെച്ച് വിപ്ലവകാരികളും സർ ഹെൻറി ലോറൻസിന്റെ കീഴിലുള്ള സേനയും തമ്മിൽ വീണ്ടും ഭയങ്കരസമരം നടന്നു. അവസാനം പരാജിതരായ ആംഗ്ലേയർ ''റസിഡൻസി''യിൽ രക്ഷപ്രാപിച്ചു. അവരുടെ ഏകരക്ഷാസ്ഥലവും അധികാരകേന്ദ്രവും റസിഡൻസി മാത്രമായി. റസിഡൻസിയെ വിപ്ലവകാരികൾ വളഞ്ഞു. റസിഡൻസി ഒഴിച്ച് ബാക്കിയുള്ള ലക്ക്നൌപട്ടണവും അവധപ്രദേശം മുഴുവനും നിയന്ത്രിതനായ നവാബിന്റെ മകൻ ''ബിർജിസ് കദ്ര്''നുവേണ്ടി ബേഗം ഹസ്രത് മഹൽ (അമ്മറാണി) ഭരിച്ചുതുടങ്ങി.

അവധത്തിലെ ജനങ്ങളും ജന്മികളും പ്രധാനികളും പ്രഭുക്കന്മാരും ഒരുപോലെ ബേഗം ഹസ്രത് മഹലിനെ അധീശ്വരിയായി അംഗീകരിച്ചു. ബേഗം അവധം സ്വാതന്ത്ര്യം പ്രാപിച്ച ശുഭസന്ദേശത്തെ ബഹാദൂർഷാഹ് ചക്രവർത്തിയെ അറിയിച്ചു. പിന്നീട് രാജാ ബാലകൃഷ്ണസിംഹനെ പ്രധാനമന്ത്രിയായി നിയമിച്ചു. എല്ലാ വകുപ്പുകളിലും വീണ്ടും വ്യവസ്ഥകൾ ഏർപ്പെടുത്തി. അവധത്തിൽ സർവ്വത്ര ശാന്തിയും സമ്പൽസമൃദ്ധിയും പുനഃസ്ഥാപിച്ചു. ബേഗം സുയോഗ്യയും ശക്തി

ശാലീനിയും സ്വാതന്ത്ര്യസമരത്തിന്റെ സമരാധ്യയാ യ നായകിയുമായി സംരാഭിച്ചു.

കമ്പനിപ്പട്ടാളം ലക്ക്നൌവിലെ "റസിഡൻ സി"യിൽ (Residency), ബന്ധിതരെപ്പോലെ. ഭയഭീ തരായി കഴിഞ്ഞുകൂടി. വിപ്ലവകാരികൾ റസിഡൻസിയി യെ വളഞ്ഞിരുന്നു. ജൂലായി 20-ാംനു- അവർ റസിഡൻ സിയെ ആക്രമിച്ചു. റസിഡൻസിയിലെ സിക്കുപട്ടാ ളം ആംഗ്ലേയരെ സർവ്വാത്മനാ സഹായിച്ചു. നാട്ടുകാ രുടെ അത്ഥനയെ നിരസിച്ചു.

"റസിഡൻസി" അധീനമായില്ല

അവധത്തിലെ ചീഫ് കമ്മീഷണറായിരുന്ന "സർ ഹെൻറി ലോറൻസ്" വിപ്ലവകാരികളുടെ ഉണ്ട യേറു് മൂലനായി. അവസ്ഥാനം "ബ്രിഗേഡിയർ ഇംഗ ലിസ്" കമ്പനിപ്പട്ടാളത്തിന്റെ നേതൃത്വം കൈക്കൊ ണ്ടു. ആംഗ്ലേയർ കാൺപൂരിലേപ്പോലെ ഗ്രൂപ്പുതന്മാരെ അയച്ചു് സാഹായ്യമത്ഥിച്ചു. "ജനറൽ ഹേവ്ലോക്ക്" സൈന്യസമേതം സഹായത്തിനെത്തുമെന്നു് അറിവാ യപ്പോൾ റസിഡൻസിയിലുള്ളവർ സമാശ്വസിച്ചു. പക്ഷേ ഹേവ്ലോക്കിനു് ഉടനെ എത്തിച്ചേരുവാൻ കഴിഞ്ഞില്ല ഇങ്ങനെ അനുകൂല പരിത:സ്ഥിതിയുണ്ടാ യിട്ടും ക്രാന്തികാരികൾ റസിഡൻസിയെ കീഴടക്കു വാൻ ശക്തരായില്ല. ദൽഹിയിലെപ്പോലെ സുയോഗ്യ സേനാപതിയുടെ അഭാവം അവധത്തിലും ഉണ്ടായിരു

ന്നതു് ഈ അസഫലതയ്ക്കു് ഒരു കാരണമായിരുന്നു. പു
റമെനിന്നു് ഭക്ഷണം ലഭിയ്ക്കാതെയാവുകയും വിപ്ലവ
കാരികളുടെ വെടിയുണ്ടകൾ അസഹ്യമായിത്തീരുകയും
ചെയ്യുമ്പോൾ റസിഡൻസിയുടെ ഉള്ളിലുള്ളവർ സ
യം കീഴടങ്ങുമെന്നു് വിപ്ലവകാരികൾ വിശ്വസിച്ച
തും മറ്റൊരു കാരണമായിരുന്നു

ലക്ക്നൌവിലെ റസിഡൻസിയിൽ മൃത്യുവക്ത
ത്തിൽപ്പെട്ടുഴലുന്ന കമ്പനിക്കാരേയും കൂട്ടുകാരേയും
സഹായിയ്ക്കുവാൻ ജനറൽ
"ഹേവലോക്ക്" ഹേവലോക്ക് സേനാസമേതം
പിന്മാറി കാൺപൂരിൽനിന്നു് പുറപ്പെ
ട്ടു. അദ്ദേഹം ഉദ്ദേശിച്ചപോ
ലെ യാത്ര സുകരമായില്ല. സ്വാതന്ത്ര്യപ്രേമികളും സമര
വീരന്മാരുമായ അവധത്തിലെ ഗ്രാമീണജനത കൂട്ടം
കൂട്ടമായി സംഘടിച്ചു് ഹേവലോക്കിന്റെ പുരോഗമ
നത്തെ തടഞ്ഞു. ഒരടിയെങ്കിലും മുന്നോട്ടുനീങ്ങുവാൻ
ഭയങ്കരയുദ്ധംചെയ്യാതെ സാദ്ധ്യമല്ലെന്നു് അദ്ദേഹത്തി
നു് അനുഭവപ്പെട്ടു. "ഉന്നാവിൽ"വെച്ചു് ഏറ്റവും
ഭയാനകമായ സമരംനടന്നു. ഹേവലോക്കും അവശേ
ഷിച്ച സൈന്യവും പിന്മാറുവാൻ നിർബ്ബന്ധരായി.
ഹേവലോക്കു് വീണ്ടും മുന്നോട്ടുനീങ്ങുവാൻ മുതിർന്നു.
"വശീരത്ഗഞ്ചിൽ"വെച്ചു് ഗ്രാമീണസേനയുമായി
ഏറ്റുമുട്ടി; പരാജിതനായിപിന്മാറി. വീണ്ടും ശ്രമി
ച്ചു; വീണ്ടും പിന്മാറി.

ഇതിന്നിടയിൽ ''നാനാസാഹേബ്'' വീണ്ടും കാൺപൂരിനെ ആക്രമിച്ചു. ജനറൽ നീലിന്നു് കാൺപൂരിനെ രക്ഷിയ്ക്കുന്നതിനു സൈന്യബലം ഉണ്ടായിരുന്നില്ല. ഈ വിവരം ഗ്രഹിച്ച ജനറൽ ഹേവലോക്കു് ആഗസ്തു് 12-ാംനു- കാൺപൂരിലേയ്ക്കുതന്നെ മടങ്ങിപ്പോയി.

ഹേവലോക്കും സേനയും പിന്മാറിയതുകണ്ടപ്പോൾ ഉന്നാവിലെ ഗ്രാമീണരും മറ്റു് അവധവാസികളും ആനന്ദോത്സവംകൊണ്ടാടി. ഇംഗ്ലീഷുകാർ ഇനി ലക്നൌവിലേയ്ക്കു് വരികയില്ലെന്നും അവർ എന്നെന്നേയ്ക്കുമായി അവധം വെടിഞ്ഞിരിയ്ക്കുന്നുവെന്നും അവിടത്തുകാർ വിശ്വസിച്ചു. തന്നിമിത്തം സീമാപ്രദേശങ്ങളിലെ ജന്മികളും മറ്റും ഗ്രാമീണസേനകളെ ലക്നൌവിലേയ്ക്കു് അയച്ചു.

ബിഠൂരിൽവെച്ചു് നാനാസാഹേബിന്റേയും ഹേവലോക്കിന്റേയും സേനകൾതമ്മിൽ സംഘട്ടനമുണ്ടായി. ഇരുഭാഗക്കാർക്കും പിന്മാറേണ്ടിവന്നു. നാനാസാഹേബു് ''കാൽപി''യിൽ സ്ഥിതിചെയ്തു് യുദ്ധസന്നാഹം കൂട്ടിത്തുടങ്ങി. സപ്തമ്പർ 15-ാംനു- കല്ക്കത്തയിൽനിന്നു് ''സർ ജേൻസ് ഔട്റാം'' വലിയൊരു സൈന്യത്തോടുകൂടി ഹേവലോക്കിനെ സഹായിയ്ക്കുവാൻ കാൺപൂരിലെത്തി.

നവോത്സാഹഭരിതനായ ജനറൽ ഹേവലോക്കു് വിപുലസേനയോടുകൂടി വീണ്ടും ലക്നൌവിലേയ്ക്കു്

ഹേവലോക്കിന്റെ മുന്നേറ്റം

പുറപ്പെട്ടു. നീൽ, ഒടീറാം, ക്ലൂപ്പർ, ആയർ മുതലായ പ്രസിദ്ധ സേനാപതികളും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. ഉന്നാവ്, ബശീരത്ഗംജ് മുതലായ സ്ഥലങ്ങളിലെ പോർവീരന്മാർ മുഴുവനും ലക്ക്നൌവിലേക്ക് പോയിരുന്നതിനാൽ ഹേവലോക്കിനു് നിഷ്പ്രയാസം പുരോഗമനംചെയ്യാൻ സാദ്ധ്യമായി. ഗ്രാമീണജനത യഥാശക്തി ആംഗലേയരെ തടുത്തു. പക്ഷേ അവരുടെ യത്നം സഫലമായില്ല. ഹേവലോക്കും സൈന്യവും വഴിനീളെ കൂട്ടക്കൊലനടത്തിയും കൊള്ളയടിച്ചും ഗ്രാമങ്ങളെ ചുട്ടെരിച്ചും ചോരപ്പുഴയൊഴുക്കിയും മുന്നോട്ടു നീങ്ങി. സപ്തമ്പർ 23–ാം കമ്പനിപ്പട്ടാളം ലക്ക്നൌവിന്റെ സമീപത്തുള്ള ''ആലംബാഗിൽ'' എത്തിച്ചേർന്നു.

''ആലംബാഗ്'' ക്രാന്തികാരികളുടെ സുരക്ഷാകേന്ദ്രമായിരുന്നു. അവിടെവെച്ച് ഇരുഭാഗക്കാരും തമ്മിൽ ഭയങ്കരസമരംനടന്നു. ഈ ഘട്ടത്തിൽ ഒൽഹിയിൽ ആംഗലേയഭരണം പുനഃസ്ഥാപിതമായ വിവരം ഹേവലോക്കും കൂട്ടുകാരും ഗ്രഹിച്ചു. അവരുടെ ഉത്സാഹം വർദ്ധിച്ചു. എന്നാലും അവർക്ക് പിന്മാറേണ്ടിവന്നു. വീണ്ടും മറ്റൊരുവഴിക്ക് കമ്പനിപ്പട

ഹേവലോക്കും കൂട്ടുകാരും റസിഡൻസിയിൽ കടുങ്ങി

മുന്നോട്ടുനീങ്ങി. ''ചാർബാഗി''ലെ പാലത്തിന്മേൽ വെച്ചു് വിപ്ലവകാരികളും ഇംഗ്ലീഷുകാരും തമ്മിൽ ഭയങ്കരസമരംനടന്നു. ആ യുദ്ധത്തിൽ ജനറൽ നീൽ കൊല്ലപ്പെട്ടു. എങ്കിലും എതിരാളികളുടെ വെടിയുണ്ടകളെ വകവെയ്ക്കാതെ വെള്ളക്കാർ ഒരുവിധത്തിൽ റെസിഡൻസിയിൽ പടമൂന്നി.

വിപ്ലവകാരികൾ വീണ്ടും റസിഡൻസിയെ വളഞ്ഞു. ജനറൽ നേവുലോക്കും സൈന്യവും 'റസിഡൻസി'യുടെ ഉള്ളിൽകടന്നു. അങ്ങനെ റസിഡൻസിയിൽ ബന്ധനസ്ഥരായ ആംഗ്ലേയരുടെ സംഖ്യവർദ്ധിച്ചു.

കമ്പനിപ്പട്ടാളങ്ങളുടെയെല്ലാം പ്രധാന സേനാപതി (കമാണ്ടർ-ഇൻ-ചീഫ്) യായിരുന്ന ''സർ കാലിൻ കേമ്പ്ബെൽ'' വ

''കേമ്പ്ബെല്ലി''ന്റെ പടയൊരുക്കം

ന്വിച്ച സേനയോടും ആയുധങ്ങളോടുംകൂടി കല്ക്കത്തയിൽ നിന്നു് ലക്ക്നൌവിലേയ്ക്കു് യാത്രയാരംഭിച്ചു. സഹായത്തിനു് ഒരു കപ്പൽപ്പടയും പുറപ്പെട്ടു.

സർവ്വസൈന്യാധിപൻ (കേമ്പ്ബെൽ) സേനാസമേതം കാൺപൂരിലെത്തി. കപ്പൽപ്പടയും എത്തിച്ചേർന്നു. ക്രാന്തികാരികളുടെ കൂട്ടുകിൽനിന്നു് രക്ഷപ്പെട്ട ദില്ലിയിലെ വെള്ളപ്പട്ടാളം ''ജനറൽ ഗ്രെഡ്ഹെഡ്സ്''ന്റെ നേതൃത്വത്തിൽ, വഴിനീളെ, നരവേട്ടയും കൊള്ളിവെപ്പും നടത്തി, യുദ്ധനിയമങ്ങളേയും മനു

ഷ്യതപത്തെയും ചവിട്ടിമെതിച്ചു", കാൺപൂരിൽ വന്നു ചേർന്നു.

ജനറൽ ഗ്രാണ്ടിന്റെ കീഴിൽ ഒരു വിശാലസേന ലക്ക്നൌവിലെ "ആലംബാഗി"ൽ എത്തിച്ചേർന്നു. ജനറൽ കേമ്പ്ബെല്ലും വമ്പിച്ച ഒരു സൈന്യത്തോടുകൂടി നവമ്പർ 9-ാംനു- ആലംബാഗിൽ പ്രവേശിച്ചു. റസിഡൻസിയിൽനിന്നു ഹോവലോക്കും കൂട്ടുകാരും യുദ്ധം തുടങ്ങി. പുറമെനിന്നു കേമ്പ്ബെല്ലും വമ്പിച്ച സേനയും ആക്രമണം തുടങ്ങി. വിപ്ലവകാരികൾ മദ്ധ്യത്തിൽ പെട്ടു. കേമ്പ്ബെൽ, ഹോവലോക്ക്, ഔട്ട്റാം, ഹെഡ് മുതലായ യുദ്ധവിദ്യാവിശാരദന്മാരുടെ നേതൃത്വത്തിൽ ആംഗ്ലേയരും സിക്കുകാരും അടങ്ങിയ സുസംഘടിതമായ കമ്പനിപ്പട ഉള്ളിൽനിന്നും പുറത്തുനിന്നും ഒരേസമയം പോരാടി. ഭയങ്കരസമരം സമാരംഭിച്ചു!!

നവമ്പർ 14-ാംനു- കേമ്പ്ബെല്ലിന്റെ സൈന്യം "ദിൽഖുശാബാഗി"ൽ പ്രവേശിച്ചു. പിന്നീട് "സിക്കന്ദർബാഗി"ലേക്കു കുതിച്ചു.

സിക്കന്ദർബാഗിൽ രക്തപ്പുഴ!!

ഭയാനകമായ സമരം നടന്നു. ആംഗ്ലേയക്കു കാരോ ഇഞ്ചു് ഇടത്തിനുവേണ്ടി രുധിരപ്പുഴ ഒഴുക്കേണ്ടിവന്നു. സിക്കന്ദർബാഗ് വമ്പിച്ച രക്തപ്പുഴയായി രൂപാന്തരപ്പെട്ടു!! കണക്കറ വിപ്ലവകാരികൾ സ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ടി അവിടെ വെച്ചു് ആത്മബലിചെയ്തു.

സിക്കന്ദർഭാഗ് കൈവശം വന്നശേഷം കമ്പനിപ്പട്ടാളത്തിനു് വീണ്ടും സമരം തുടരേണ്ടിവന്നു.

നവമ്പർ 23-ാംനു- സർ കാറസിഡൻസി · ലിൻ കേമ്പ്ബെല്ലിന്റെ സ്വതന്ത്രമായി സൈന്യവും റസിഡൻസിയിൽ കുടുങ്ങിയിരുന്ന പ്ട്ടാളവും ഏകോപിച്ചു. അങ്ങനെ റസിഡൻസി സ്വതന്ത്രമായി. അവിടെവെച്ചു് ജനറൽ ഹേവലോക്കു് മൃതനായി.

അപ്പോഴേയ്ക്കും, താത്യാടോപ്പെയുടെ സേന കാൺപൂരിൽനിന്നു് കമ്പനിപ്പട്ടാളത്തെ അകറ്റിയ വിവരം ജനറൽ കേമ്പ്ബെൽ ഗ്രഹിച്ചു. 'ഔട്ട്റാ'മിന്റെ കീഴിൽ ലക്നൌവിൽ കരു സൈന്യത്തെ നിർത്തിയശേഷം ജനറൽ കേമ്പ്ബെൽ ഉടനെ കാൺപൂരിലേക്കു് തിരിച്ചു.

അങ്ങനെ വിപ്ലവത്തിന്റെ പ്രധാനകേന്ദ്രമായ ദൽഹി നഷ്ടപ്പെട്ടതിനെത്തുടർന്നു് രണ്ടാമത്തെ മുഖ്യ കേന്ദ്രമായ അവധപ്രദേശവും പതനോന്മുഖമായിത്തീർന്നു!

* * * * *

ദില്ലീപതനത്തെത്തുടർന്നു് വിപ്ലവകാരികളുടെ സൈന്യങ്ങൾ അധികവും അവധത്തിലും രുഹേൽഖണ്ഡത്തിലും തടിച്ചുകൂടി. വിപ്ലവത്തിന്റെ പ്രധാനരംഗം അങ്ങോട്ടനീങ്ങി. അവധത്തി

നാടുനീളെ നരവേട്ട!!

ന്നും ദൽഹിയ്ക്കും മദ്ധ്യത്തിലുള്ള പ്രദേശങ്ങളെ ആദ്യമായി കരസ്ഥമാക്കിയാൽ അവധവിജയം സുകരമാവുമെന്ന് ഇംഗ്ലീഷുകാർ മനസ്സിലാക്കി. തദർത്ഥം ദില്ലിയിൽനിന്നും കാൺപൂരിൽനിന്നും ആംഗലേയസേനാപതികൾ സൈന്യസമേതം പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ ജനതയെ മർദ്ദിച്ചും ഗ്രാമങ്ങളെ ചുട്ടെരിച്ചും ആ കിരാതസംഘങ്ങൾ ഭീമനചക്രമേന്തി മുന്നോട്ടുനീങ്ങി!

''ജനറൽ വാൽപോൾ'' പടയാളികളും പീരങ്കികളുമായി മുന്നേറുകയായിരുന്നു. ''ഇട്ടാവ''യുടെ സമീപം സ്ഥിതിചെയ്തിരുന്ന ഒരു ഭവനത്തിന്റെ തട്ടിൻപുറത്തും ഭിത്തികളുടെ സുഷിരങ്ങളിലും തോക്കുകൾ നിരത്തിവെച്ചിരുന്നു. ആ എടുപ്പിനുള്ളിൽ 24 വിപ്ലവകാരികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവർ നിർഭയം വാൽപോളിന്റെ വിശാലസേനയെ തടഞ്ഞു; അവരുടെ മീതെ തീയുണ്ടകൾ പൊരിഞ്ഞു!! വാൽപോൾ സന്ധിസംഭാഷണത്തിനു് സന്നദ്ധനായി. പക്ഷേ ക്രാന്തികാരികൾ തയ്യാറായില്ല. അവർ സ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ടി ആത്മാഹുതിചെയ്ത 'രക്തസാക്ഷി'കളാകുവാൻ മുതിർന്നു. പീരങ്കിയുണ്ടകൾ പൊഴിച്ചും ഉമിയും മറവും കത്തിച്ചു പുകച്ചും ഉള്ളിലുള്ളവരെ കൊല്ലുവാൻ കമ്പനിപ്പട്ടാളം പരിശ്രമിച്ചു; എല്ലാം നിഷ്ഫലമായി. അവസാനം ശത്രുക്കൾ കരിമരുന്നുപയോഗിച്ചു് ആ വീടി

ഇട്ടാവയിലെ രക്തസാക്ഷികൾ!

നെ ഭസ്മമാക്കുകയും അങ്ങനെ അതിനുള്ളിലുണ്ടായിരുന്ന വീരവിപ്ലവകാരികൾ രക്തസാക്ഷികളാവുകയും ചെയ്തു!!

വിപ്ലവാരംഭത്തോടുകൂടി "ഫത്രുക്കാബാദി"ലെ നവാബു് സ്വതന്ത്രനായിത്തീർന്നിട്ടുണ്ടായിരുന്നു. ഫത്രുക്കാബാദിന്റെ തലസ്ഥാനമായ ഫത്രുക്കാബാദിലെ നവാബ് "ഫത്തഹ് ഗറി"ൽ വെച്ചു് വിപ്ലവകാരികളും ആംഗ്ലേയരും തമ്മിൽ ഭയങ്കരയുദ്ധം നടന്നു. 1858 ജനവരി 14-ാംനു- ഇംഗ്ലീഷുകാർ വിജയികളായി. അവർ നവാബിനെ തൂക്കിക്കൊല്ലുന്നതിനുമുമ്പു് ദേഹമാസകലം പന്നിക്കൊഴുപ്പു പുരട്ടിയത്രെ!!

"ലക്ക്നൌ" (Lucknow) വിപ്ലവത്തിന്റെ പ്രധാനകേന്ദ്രമായിത്തീർന്നു. ജനറൽ കേമ്പ്ബെല്ലും സേനയും കാൺപൂരിൽനിന്നും നേപ്പാളികളുടേയും ആംഗ്ലേയരുടേയും സംയുക്തസേനയും അവധത്തിന്റെ പൂർവ്വഭാഗത്തുനിന്നു് ലക്നൌവിലേയ്ക്കു് കുതിച്ചു. മാർഗ്ഗമദ്ധ്യേ പല സമരങ്ങളും നടന്നു ഇരുഭാഗങ്ങളിൽക്കൂടെയും വന്നു ചേർന്ന കമ്പനിപ്പടകൾ ലക്ക്നൌവിന്റെ സമീപത്തുവെച്ചു് ഒന്നിച്ചുചേർന്നു. "ആലംബാഗിൽ" "സർജേമ്സ് ഔട്ട്റാമി"ന്റെ കീഴിൽ ഒരു സൈന്യം മുമ്പുതന്നെ താവളമുറപ്പിച്ചിരുന്നു.

ലക്ക്നൌവിലെ വിപ്ലവകാരികളുടെ സ്വയോഗ്യനേതാവു് "അഹമ്മദ് ശാഹ്" ആയിരുന്നു. ഒരു മ

അഹമ്മദ ശാഹ്

ഹാസമരത്തെ നയിക്കാനുള്ള സാമർത്ഥ്യം അദ്ദേഹത്തിനുണ്ടാ യിരുന്നു. പക്ഷേ ക്രമേണ വി പ്ലവകാരികളുടെ ഇടയിൽ അച്ചടക്കം കുറയുകയും ശി ഥിലത പെരുകുകയും ചെയ്തു. കിടമത്സരം കടന്നുകൂടി; ആജ്ഞാലംഘനം സാധാരണയായിത്തീർന്നു. ചിലരുടെ ഉപ്രേരണയ്ക്ക് വശംഗതയായിതീർന്ന 'ബേഗം ഹസ്രത്മഹൽ' അഹമ്മദ് ശാഹിനെ തടവിലാക്കി. പക്ഷേ ജനപ്രിയനായ ആ നേതാവിനെ ഉടനെ വിട്ടയക്കുവാൻ ബേഗം നിർബന്ധയായി.

അഹമ്മദ് ശാഹ് വീണ്ടും നേതൃത്വം ഏറ്റെടുത്തു. ആലംബാഗിലെ ആംഗ്ലേയസേനയെ പലവുരു ആക്രമിച്ചു. ബേഗംഹസ്രത്മഹൽപോലും യുദ്ധസന്നദ്ധയായി പോർക്കളത്തിൽ പ്രവേശിച്ചു.

ടൽഹിയുടെ ഉർദ്ദു ലക്ക്നൌവിനേയും ബാധിച്ചു. ക്രാന്തികാരികളുടെ ഇടയിൽ മത്സരവും ശിഥിലതയും വർദ്ധിച്ചു. എങ്കിലും

ലക്ക്നെ വീഥികൾ രക്തവാപികളായി!!

ഓരോ ഇഞ്ചു ഭൂമിയുടേയും രക്ഷയ്ക്കുവേണ്ടി സ്വാതന്ത്ര്യഭടന്മാർ ആത്മാഹുതിചെയ്തു.

ഭയങ്കരരക്തപാതം നടന്നു!! ലക്ക്നൌവിലെ വീഥികൾ വീണ്ടും രുധിരവാപികളായിത്തീർന്നു!! അവസാനം 1858 മാർച്ച് 14-ാംനു ലക്ക്നെ കമ്പനിക്കാരുടെ അധീനത്തിലായി.

ബേഗം ഹജ്രത്ത് മഹലും, നവാബ് ബിർജ്ജിസ് കദ്രുംമെഹലവി അഹമ്മദ് ശാഹും ലക്ക്നെയു നഗരത്തിൽ നിന്നു രക്ഷപ്രാപിച്ചു. അഹമ്മദ് ശാഹ്വീണ്ടും ഒരു ആക്രമണം നടത്തിനോക്കി. പക്ഷേ സഫലത കൈവന്നില്ല.

വിജയമദാന്ധരായ കമ്പനിക്കാരും കൂട്ടുകാരും നരവേട്ടയും കൊള്ളയും തീവെപ്പും മർദ്ദനവും നിർബ്ബാധം തുടർന്നു! പൈരിയെ ജീവനോടുകൂടി വറുക്കുക മുതലായ പൈശാചികകൃത്യങ്ങൾപോലും നടത്തുകയുണ്ടായി!! ബേഗം ആഗ്ലേയതടവുകാരോടു് സ്നേഹപൂർവ്വം പെരുമാറി. ആ വീരാംഗന ക്ഷുഭിതരായ വിപ്ലവകാരികളിൽനിന്നു് ആഗ്ലേയസ്ത്രീകളെ സംരക്ഷിച്ചു. പക്ഷേ വിജയഗർവ്വികളായ വെള്ളക്കാർ അന്തഃപുരത്തിലെ രാജവംശജാതകളെ (ബേഗങ്ങളെ) ഹിംസിക്കുകയും ബന്ധനത്തിലിടുകയും ചെയ്തു.

കിരാതവാഴ്ച!!

ലക്ക്നെയുവിന്റെ പതനത്തിനുശേഷം മെഹലവി അഹമ്മദ്ശാഹ് വീണ്ടും സ്വാതന്ത്ര്യസമരംതുടർന്നു. പല യുദ്ധക്ഷേത്രങ്ങളിലും വെച്ചു് ഇംഗ്ലീഷുകാരുമായി ഏറ്റുമുട്ടി. അവസാനം അഹമ്മദ്ശാഹും നാനാസാഹബും "ശാഹ്ജഹാൻപൂരിൽ" എത്തിച്ചേർന്നു. ഉടനെ കമ്പനിക്കാരുടെ സർവ്വസൈന്യാധിപൻ (സർ കാലിൻ

അഹമ്മദ് ശാഹിന്റെ അന്ത്യാഭിമുഖം

കേമ്പ്ബെൽ) ശാഹ്ജഹാൻ പൂരിനെ (ഷാജഹാൻ പൂരിനെ) നാലുഭാഗങ്ങളിൽ നിന്നും വളഞ്ഞു. പക്ഷെ ആ രണ്ടു വീരസിംഹങ്ങൾ അവരുടെ 'ജാല'ത്തിൽ കുടുങ്ങാതെ പുറത്തുകടന്നു.

ഇതിന്നിടയിൽ ''ഖാൻ ബഹാദ്ദൂർഖാൻ'' രു ഹേൽഖണ്ഡത്തിന്റെ തലസ്ഥാനമായ ''ബരേലി'' യെ സ്വതന്ത്രമാക്കിയിരുന്നു. നാനാസാഹബ് മൌല വി അഹമ്മദ് ശാഹ്, ബേഗം ഹജരത് മഹൽ മുതലായ വിപ്ലവനായകന്മാർ ബരേലിയിൽ എത്തിച്ചേർന്നു. സർ കാലിൻ ഉടനെ ബരേലിയെ ആക്രമിച്ചു. ഭയങ്കരയുദ്ധത്തിനുശേഷം 1858 മെയ് 7-ാംനു- ഖാൻ ബഹാദ്ദൂർഖാനും അനുവിപ്ലവനേതാക്കന്മാരും ബരേലി വിട്ടുപോയി. കേമ്പ്ബെൽ ബരേലിനെ അധീനപ്പെടുത്തിക്കൊണ്ടിരുന്നപ്പോൾ അഹമ്മദ് ശാഹ് വീണ്ടും ശാഹ്ജഹാൻപൂരിനെ ആക്രമിച്ചു. മുന്നുദിവസത്തെ ഭയങ്കരസമരത്തിനുശേഷം അഹമ്മദ് ശാഹിനും തൽസഹായത്തിനു് എത്തിച്ചേർന്നിരുന്ന ബേഗം ഹജരത് മഹൽ, നാനാസാഹബ് മുതലായവക്കും ശാഹ്ജഹാൻപൂരിനെ ത്യജിച്ചു് രക്ഷപ്പെടേണ്ടിവന്നു.

അനു് 1858 ജൂൺ 5-ാംനു- യായിരുന്നു. 'പവൻ' എന്ന ചെറിയ നാട്ടുരാജ്യത്തിലെ രാജാവായിരുന്ന ജഗന്നാഥസിംഹന്റെ ക്ഷണപ്രകാരം അഹമ്മദ് ശാഹ് അദ്ദേഹത്തെ സന്ദർശിയ്ക്കുവാൻ ചെന്നു. സംഭാഷ

അഹമ്മദ് ശാഹ് രക്തസാക്ഷിയായി!!

ണം നടന്നുകൊണ്ടിരിക്കുമ്പോൾ രാജാവിന്റെ സ
ഹോദരൻ അഹമ്മദ് ഷാഹിനെ വെടിവെച്ചുകൊന്നു.
രാജാജഗന്നാഥസിംഹ് അഹമ്മദ് ഷാഹിന്റെ ശിര
സ്സറുത്തു് ഇംഗ്ലീഷുകാർക്കു് അടിയറവെച്ചു് സമ്മാനം
നേടി! ഇങ്ങനെ ധനലോഭിയും ദേശദ്രോഹിയുമായ
"ജഗന്നാഥസിംഹ"ന്റെ വഞ്ചനയാൽ, ഇന്ത്യൻസ്വാ
തന്ത്ര്യസമരത്തിന്റെ സുയോഗ്യമഹാരഥനായിരുന്ന ആ
വീരദേശഭക്തൻ—മൌലവി അഹമ്മദ് ഷാഹ്—മ
റെരു 'രക്തസാക്ഷി'യായ്ത്തീർന്നു!!

കമ്പനിക്കാർ ആയുധംവെച്ചു് കീഴടങ്ങുന്നവർക്കു്
മാപ്പുകൊടുക്കുന്നതാണെന്നും പിടിച്ചടക്കിയ ഭൂസ്വ
ത്തും മറ്റും മടക്കിക്കൊടുക്കു
ന്നതാണെന്നും കാണിച്ചു് പ്രഭു
പരസ്യപ്പെടുത്തിയിരുന്നു. എ
ന്നിട്ടും വീരകേസരിയായ അ

വിപ്ലവകാരികൾ വീണ്ടും പ്രബലരായി

ഹമ്മദ് ഷാഹിനെ അവർ ചതിച്ചു് കൊല്ലിച്ചു!! ആ
നീചകർമ്മം അവധവാസികളെ പ്രക്ഷുബ്ധരാക്കി. വി
പ്ലവകാരികൾ പരാശ്രയാവുന്നതിനു പകരം നവോ
ന്മേഷഭരിതരായി. ജനത ആംഗ്ലേയരെ പൂർവ്വാധികം
വെറുത്തുതുടങ്ങി!!

അഹമ്മദ് ഷാഹിന്റെ വധം "അവധ"ത്തിൽ
ആളിക്കത്തിയിരുന്ന വിപ്ലവവഹ്നിയിൽ ഘൃതമൊഴി
ച്ചു. നിജാംഅലീഖാൻ, ബാൻബഹാദൂർഖാൻ, നാനാ
സാഹബ്, ബേഗംഹസ്രത്മഹൽ, ഫിറോജ് ഷാഹ്

രാജകുമാരൻ മുതലായവർ അവധത്തിൽ സ്ഥിതിചെ
യ്തു വിപ്ലവപ്രസ്ഥാനത്തെ വീണ്ടും ശക്തിപ്പെടുത്തി
ജനതയും ജന്മികളും പ്രഭുക്കന്മാരും പ്രബലന്മാരും
സ്വാതന്ത്ര്യസമരത്തിനു് സന്നദ്ധരായി മുന്നോട്ടുവന്നു.
വൃദ്ധനായ ബേണീമാധവരാജാവു് വീണ്ടും ലക്ക്നൌ
വിനെ ആക്രമിയ്ക്കാൻ വേണ്ടി യത്നങ്ങൾ തുടങ്ങി. വി
പ്ലവകാരികളുടെ സേനകൾ ലക്ക്നൌവിന്നടുത്തുള്ള
"നവാബു് ഗഞ്ചിൽ" ഒന്നിച്ചുചേർന്നു.

അവധവാസികൾ വീണ്ടും ആയുധമേന്തി ആ
യോധനത്തിനു് സന്നദ്ധരായതു് കണ്ടപ്പോൾ കമ്പനി
ക്കാർ അമ്പരന്നു. 1858 ജൂൺ 13-ാംനു- "ഹോപ്
ഗ്രാണ്ടി"ന്റെ നേതൃത്വത്തിൽ കമ്പനിപ്പട പെട്ടെ
ന്നു് വിപ്ലവകാരികളെ ആക്രമിച്ചു. നാടൊട്ടുകെ സമ
രം പൊട്ടിപ്പുറപ്പെട്ടു. 1858 ഒക്ടോബറിൽ സർ കാലിൻ
കേമ്പ്ബെൽ വിപ്ലവകാരികളെ അമർത്തുവാൻ നവോ
ദ്യമംതുടങ്ങി. ഓരോ ഇഞ്ചു ഭൂമിയ്ക്കുവേണ്ടിയും അവധ
വാസികൾ ഭയങ്കരസമരംചെയ്തു! അവധപ്രദേശം വീ
ണ്ടും രുധിരസാഗരമായിത്തീർന്നു!!

കമ്പനിയുടെ കളങ്കപൂർണ്ണമായ കിരാതഭരണം
ഉടനെ അവസാനിയ്ക്കുമെന്നു് വിപ്ലവവാരംഭത്തിൽതന്നെ
പലരും ദീർഘദർശനംചെയ്തി
രുന്നു. അതുപോലെത്തന്നെ
സംഭവിച്ചു. "വിക്ടോറിയ
റാണി"യുടെ വിളംബരത്തെത്തുടർന്നു് 1858 നവമ്പർ

1-ാംനൂ-മുതൽ ഈസ്റ്റ് ഇൻഡ്യാ കമ്പനി''യുടെ അധി
കാരത്തിൽനിന്നു് ഇന്ത്യ വിമുക്തയാവുകയും ബ്രിട്ടീഷ്
ചക്രവർത്തിനിയുടെ ഭരണത്തിൽകീഴിലാവുകയുംചെ
യ്ത വിളംബരപ്രകാരം രാജാക്കന്മാർക്കു് ഒത്തൊടുക്കുവാ
നുള്ള അധികാരം പുനഃസ്ഥാപിച്ചു. ഭാരതീയരുടെ മതകാ
ര്യങ്ങളിൽ ബ്രിട്ടീഷുകാർ ഇടപെടുകയില്ലെന്നു് ഉറപ്പു
കിട്ടി നാട്ടുരാജാക്കന്മാരുമായിചെയ്ത സന്ധികളിലെ
നിബന്ധനകൾ അക്ഷരംപ്രതി പാലിക്കുന്നതായിരിക്കു
മെന്നു് വാഗ്ദത്തംചെയ്തു.

വിക്ടോറിയാ മഹാറാണിയുടെ വിളംബരത്തി
ന്റെ അർത്ഥശൂന്യതയെ വ്യക്തമാക്കുകയും അതിൽ മയ
ങ്ങിപ്പോകാതിരിക്കുവാൻ അവധവാസികളെ ഉപദേ
ശിക്കുകയുംചെയ്തുകൊണ്ടുള്ള ഒരു വിളംബരം ബേഗം
ഹസ്രത്മഹലും പുറപ്പെടുവിക്കുകയുണ്ടായി.

വിക്ടോറിയാ വിളംബരം ജനഹൃദയത്തെ വ
ശീകരിക്കുവാൻ ശക്തമായില്ല. വീണ്ടും അഞ്ചാറുമാസ
ത്തോളം അവധത്തിൽ സ്വാ
തന്ത്ര്യസമരം തുടർന്നുപോന്നു.
1859 ഏപ്രിൽമാസമായപ്പോ
ഴേക്കും ക്രാന്തികാരികൾ നേപ്പാളിൽ പ്രവേശിക്കുവാൻ
നിർബ്ബന്ധരായി. നാനാസാഹേബും നേപ്പാൾ രാജാ
വായ മഹാരാജാ ജംഗ് ബഹാദൂറും തമ്മിൽ കത്തിട
പാടുകൾനടന്നു. പക്ഷേ വിപ്ലവകാരികൾക്കു് നേപ്പാ
ളിൽ അഭയം നൽകുവാൻപോലും ജംഗ് ബഹാദൂർ തയ്യാ

നേപ്പാളിലേയ്ക്കു്

റായില്ല. പ്രത്യുത ആംഗ്ലേയസേനയ്ക്ക് നേപ്പാളിൽ പ്രവേശിയ്ക്കുവാനും നിവ്വാസിതരായ ഭാരതീയവിപ്ലവകാരികളെ നിഗ്രഹം കൊണ്ടൊടുക്കുവാനും അദ്ദേഹം അനുമതി നൽകി!

അവസാനം നാനാസാഹേബും ജനറൽ ഹോപ് ഗ്രാണ്ടും തമ്മിൽ പത്രവ്യവഹാരം നടക്കുകയുണ്ടായി. അതിനുശേഷം നാനാസാഹേബിനെപ്പറ്റി യാതൊരു വിവരവും ലഭിയ്ക്കുകയുണ്ടായില്ല. * ഒടുവിൽ നേപ്പാൾ ദർബാർ ബേഗം ഹസ്രത് മഹലിനും അവരുടെ പുത്രനും (ബിർജിസ് കദ്ർ) അഭയം നൽകി.....

അങ്ങനെ അവധപ്രദേശമാകമാനം ഒന്നരക്കൊല്ലത്തോളം അത്യുഗ്രമായി പടർന്നുകത്തിയ വിപ്ലവാനലൻ തൽക്കാലം ശാന്തമായിത്തീർന്നു.

---

* "1858-ൽ നേപ്പാളിൽവെച്ച് മരിച്ചുപോയെന്നു് വിശ്വസിയ്ക്കപ്പെട്ട നാനാസാഹേബ് 102-ാംവയസ്സിൽ— 1926-ൽ—സീതാപ്പൂരിലൊരിടത്തുവെച്ചാണ് മരിച്ചത്." എന്നൊരു റിപ്പോർട്ട് 1953 ജൂൺ 30-ാംനു ഒത്ത "മാതൃഭൂമി"യിൽ കാണുകയുണ്ടായി.

8. ഝാൻസിയിലെ വിപ്ലവം

1857-ലെ മഹാവിപ്ലവത്തിൽ മഹനീയമായ നേതൃത്വംവഹിച്ച മഹിളാമണിയാണ് ഝാൻസിയിലെ മഹാറാണിയായ ലക്ഷ്മീബായി. ശസ്ത്രശാസ്ത്രവിശാരദയും ധൈര്യവനയുക്തയുമായ ആ ബാലാമണി ആത്മാഭിമാനത്തെയും ദേശസ്വാതന്ത്ര്യത്തെയും സംരക്ഷിയ്ക്കുവാൻവേണ്ടി അന്യംവരെ ആയോധനംചെയ്തു യശോധനവും വീരസ്വർഗ്ഗവുംനേടി!

ഝാൻസിരാജാവായിരുന്ന "ഗംഗാധരറാവു" വിന്നു സന്താനസൗഭ്യം സിദ്ധിച്ചില്ല. തന്നിമിത്തം അദ്ദേഹം "ദാമോദരറാവു" എന്ന ബാലകനെ, ശാസ്ത്രരീത്യാ, ദത്തുപുത്രനായി കൈക്കൊണ്ടു. രാജാവു 1854-ൽ മൃതനായി. ഉൽഹൌസി പ്രഭു ദത്തുപുത്രനെ രാജ്യാവകാശിയായി അംഗീകരിയ്ക്കുവാൻ ഒരുങ്ങിയില്ല. "അപഹരണ"നീതിയെ അനുസരിച്ചു ഝാൻസിരാജ്യത്തെ കമ്പനിയുടെ അധീനത്തിലാക്കി. ഗംഗാധരറാവുവിന്റെ രത്നധനാദികളും കമ്പനിയുടെ ഭണ്ഡാരത്തിൽ (ഖജാനയിൽ)ലയിച്ചു.

അപഹരണം!

കമ്പനിക്കാർ വിധവയായിത്തീർന്ന മഹാറാണി ലക്ഷ്മീബായിയുടെ പേരിൽ ആധാരരഹിതമായ അപരാധങ്ങളാരോപിച്ചു; ദുഷ്പ്രവാദങ്ങളാപരത്തി!! ആംഗലേയരുടെ ദുർന്യായങ്ങളും ദുർവ്യവഹാരങ്ങളും അസഹ്യമായ

പ്പോൾ പ്രജകളും രാജ്ഞിയും രോഷാലകരായിത്തീർന്നു! അവർ സ്വച്ഛന്ദാചാരികളായ വിദേശികളെ വെറുത്തു. ദേശമോചനത്തിനുള്ള ഉപായങ്ങൾ ആരാഞ്ഞുതുടങ്ങി.

വിപ്ലവാരംഭം

1857 ജൂൺ 4-ാംനു ഝാൻസിയിലെ ഭാരതീയ ഭടന്മാർ സ്വാതന്ത്ര്യസമരം സമാരംഭിച്ചു. അവർ ശസ്ത്ര ഭണ്ഡാരവും ഖജാനയും കൈക്കലാക്കി. അതിനുശേഷം 21 വയസ്സുമാത്രം പ്രായമായിരുന്ന ലക്ഷ്മീബായി ആയുധം കൈയിലേന്തി വിപ്ലവകാരികളുടെ നേതൃത്വം സ്വീകരിച്ചു ക്രാന്തികാരികൾ ഝാൻസിദുർഗ്ഗത്തെ കരസ്ഥമാക്കി. ബാലകനായിരുന്ന ദാമോദരറാവുവിന്റെ പ്രതിനിധിയെന്ന നിലയിൽ മഹാറാണി ലക്ഷ്മീബായി രാജ്യഭരണം കൈക്കൊണ്ടു. "ഭൂവനം ഭഗവാന്റെ; രാജ്യം ചക്രവർത്തിയുടെ; ഭരണം റാണി ലക്ഷ്മീബായിയുടെ!!" എന്ന വിളംബരത്തിന്റെ ധ്വനി ഝാൻസിരാജ്യം മുഴുവനും മുഴങ്ങി! രാജ്ഞിയുടെ ഭരണവും ആചരണവും പ്രജകളെ ആനന്ദഭരിതരാക്കി.

* * * *

യമുനാനദിയും വിന്ധ്യാചലത്തിനും മദ്ധ്യത്തിലുള്ള പ്രദേശങ്ങളിൽ ഏകദേശം ഒരു വർഷംവരെ വിപ്ലവകാരികളുടെ വെന്നിക്കൊടികൾ പാറിക്കളിച്ചു. ലക്ഷ്മീബായിയുടെ ഭുജബലവും ഭരണനിപുണതയും സ്വാതന്ത്ര്യസംരക്ഷണത്തിനു് സഹായകമായിത്തീർന്നു

1858 ജനവരി 6-ാംനു- ''സർ ഹ്യൂ റോസ്'' (Sir Hugh Rose) എന്ന സുപ്രസിദ്ധസേനാനിയുടെ കീഴിൽ ഒരു വമ്പിച്ച സൈന്യം, നഷ്ടപ്പെട്ട രാജ്യങ്ങളെ വീണ്ടെടുക്കുവാൻ വേണ്ടി ''മവു'' എന്ന പ്രദേശത്തിൽനിന്നു പുറപ്പെട്ടു. റായ്ഗർ, സാഗർ, ബാനാപൂർ, ചന്ദേരി മുതലായ പ്രദേശങ്ങളെ കൈവശപ്പെടുത്തിയ ശേഷം മാച്ച് 20-ാംനു റോസും സൈന്യവും ഝാൻസിക്കു സമീപം വ്യാപിച്ചു.

''സർ ഹ്യൂ റോസ്''

ബാനാപൂരിലെ രാജാവായിരുന്ന മർട്ടാൻസിംഹ'നും മറനേകം ഇടപ്രഭുക്കന്മാരും സേനാനായകന്മാരും ലക്ഷ്മീബായിയുടെ സഹായത്തിനു സന്നദ്ധരായി. കമ്പനിപ്പട്ടാളത്തിനു ഭക്ഷണസാമഗ്രികൾ അപ്രാപ്യമാകുവാൻവേണ്ടി റാണി ചില യത്നങ്ങൾ ചെയ്തു. പക്ഷെ സിന്ധിയാമഹാരാജാവും മറും വെള്ളക്കാർക്കു് ആവശ്യമായ ഭക്ഷണപദാർത്ഥങ്ങൾ ധാരാളം എത്തിച്ചുകൊടുക്കുകയാൽ ആ ഉദ്യമം സഫലമായില്ല.

കമ്പനിപ്പട്ടാളം ഝാൻസിയിലേക്കു് നീങ്ങിയപ്പോൾ റാണി ലക്ഷ്മീബായി വിപ്ലവകാരികളുടെ നേതൃത്വം സ്വീകരിച്ചു. സ്വാതന്ത്ര്യപ്രേമികളെ ശ്രദ്ധരിച്ചു് അവർക്കു് സൈനികപരിശീല

റാണിയുടെ നേതൃത്വം

നം നൽകി. യുദ്ധസാമഗ്രികം സംഭരിച്ചു. കോട്ടയുടെ കേടുപാടുകം തീർത്തു ഭിത്തികളിന്മേൽ പീരങ്കികം നിരത്തിവെച്ചു. സൈന്യവ്യൂഹങ്ങം വിരചിച്ചു. ഒരു ചെറിയ നാരീസേനയും ശ്രുപീകൃതമായി. പീരങ്കിപ്രയോഗംപോലും അവർ പരിശീലിച്ചു.

ആംഗ്ലേയരുടെ കുടിലതന്ത്രം കാരണം ഉർബ്ബുലതയും ഉത്ശ്രയും ഭാജനമായിത്തീർന്നിരുന്ന ത്സാൻസി, ലക്ഷ്മീബായിയുടെ അക്ഷീണപരിശ്രമവും നിപുണനിരീക്ഷണവും കൊണ്ടിയപ്പോം, നാതിവിലംബം ഒരു ശക്തികേന്ദ്രമായിത്തീർന്നു! റാണിയുടെ സംഘടനാപാടവവും രചനാചാതുര്യവും യുദ്ധകലാപ്രവീണതയും ബുദ്ധിബലവും അത്ഭുതാവഹമായിരുന്ന അനിഷേധ്യമായ ആജ്ഞാശക്തിയും അജയമായ ആത്മധൈയധനത്തെപുണിയും അക്ഷയമായ ആത്മബലവും അനുപമമായ ദേശപ്രേമവും ആ കുലനാരിയെ ജനതയുടെ ആരാധനാമൂർത്തിയാക്കിത്തീർത്തു!!

ത്സാൻസിയിൽ ബലശാലികളായ ബ്രിട്ടീഷുകാർ ഇല്ലെന്നും ഒരു ''അബല''യാണ് അവിടെ ഭരണം നടത്തുന്നതെന്നും അറിവായപ്പോം 'ഓർഛാ'രാജ്യത്തിലെ ദിവാനായ ''നത്ഥേഖാൻ'' വമ്പിച്ച സേനയുടെ സഹായത്തോടുകൂടി, ജനറൽ റോസ് വരുന്നതിനുമുമ്പ്, ത്സാൻസിദുർഗ്ഗത്തെ വളയുകയുണ്ടായി. പക്ഷേ

നത്ഥേഖാന്റെ മിഥ്യാഭ്രമം!

സപാർത്ഥബുദ്ധിയായ ആ മഹത്പാകാംക്ഷി അവസാനം അപജയവും അപമാനവും വരിച്ചു് പലായനം ചെയ്വാൻ നിർബ്ബന്ധനായി!! *f*

റോസിന്റെ ആക്രമണം

സർ ഹ്യൂ റോസിന്റെ സൈന്യം സ്സാൻസിയെ വളഞ്ഞു. മാർച്ചു് 24-൦൦നു- ഡാൻസിദുർഗ്ഗത്തിൽനിന്നു് വിശ്രുതമായ "ഫ്ലനഗ ഇജ്ജന"മെന്ന പീരങ്കി അഗ്നി വർഷണം തുടങ്ങി. അതോടുകൂടി സമരം സമാരംഭിച്ചു. എട്ടുദിവസംവരെയും യുദ്ധം തുടർന്നു. ലക്ഷ്മീബായി അശ്രാന്തയായി സർവ്വത്ര നിർഭയം സഞ്ചരിച്ചു് കോട്ടയിലുള്ള വീരയോദ്ധാക്കളെ പ്രോത്സാഹിപ്പിച്ചു. പീരങ്കിപ്രയോഗത്തിൽ നേതൃത്വം വഹിച്ചിരുന്നവരിൽ പ്രമുഖനായ "ഗുലാംഗൗസ്ഖൻ" പ്രദർശിപ്പിച്ച അസാധാരണധീരത വർണ്ണനാതീതമായിരുന്നു. റാണിയുടെ ആയുധധാരിണികളായ വിശ്വസ്തസഹചാരിണികളിൽ ചിലർ വീരാംഗനകളെപ്പോലെ വീരോചിതക്കൂടി വിട്ടൊഴിയാതെ സമരംചെയ്തു് വീരസ്വർഗ്ഗം പൂകി!!

---

f നത്ഥഖാൻ ആക്രമിക്കുന്നതിനുമുമ്പു് "സദാശിവറാവു നേവാൽക്കാർ" എന്നൊരാളും, ഡാൻസിസിംഹാസനത്തിന്റെ ശരിയായ അവകാശി താനാണെന്നു് വാദിക്കുകയും "കരേരാ കോട്ട"യെ ആക്രമിക്കുകയുമുണ്ടായി. പക്ഷേ സുധീരയായ റാണി ആയാളെ തോല്പിക്കുകയും അവസാനം ബന്ധനസ്ഥനാക്കുകയും ചെയ്തു.

ഇതിന്നിടയിൽ ലക്ഷ്മീബായിയെ സഹായിയ്ക്കാനാ
യി സുപ്രസിദ്ധ സേനാനായകനായ ''താത്യാടോപ്പെ''
ഒരു വമ്പിച്ച സേനയോടുകൂ
സാഹായ്യം നഷ്ടപ്പെട്ടു! ടി ''കാല്പി''യിൽനിന്നു പു
റപ്പെട്ടു. കമ്പനിപ്പട്ടാളം കൂ
ക്കിൽപെട്ടു. പക്ഷേ തന്ത്രശാലിയായ 'റോസി'ന്റെ
ബുദ്ധിബലംകാരണം താത്യാടോപ്പേയ്ക്കു പരാജിതനാ
യി പിന്മാറേണ്ടിവന്നു. അങ്ങനെ റാണിയ്ക്കു പുറമെനി
ന്നുള്ള സാഹായ്യവും നഷ്ടപ്പെട്ടു!!

ഇരുപുറത്തുനിന്നും ഇടവിടാതെ വെടിയുണ്ടകൾ
തീമഴപോലെ പൊഴിഞ്ഞുകൊണ്ടിരുന്നു. കാഹളധ്വ
നികളും യുദ്ധകോലാഹലവും അന്തരീക്ഷത്തെ അത്യനി
മിഷം മുഖരിതമാക്കി. ഒരാഴ്ചയിലധികം ഇടതടവി
ല്ലാതെ ഭയങ്കരസമരം നടന്നിട്ടും കമ്പനിപ്പട്ടാളത്തി
നു് കോട്ടയിലോ നഗരത്തിലോ കടന്നുകൂടുവാൻ കഴി
ഞ്ഞില്ല അവരുടെ ഭഗീരഥപ്രയത്നം വിഫലമായി.

ഗ്വാളിയോറിലെ ഒരു പ്രധാനിയായ പീരങ്കിപ്പടനാ
യകൻ 'രാജ്യദ്രോഹി'യായിപ്പരിണമിച്ചു. ആ വഞ്ചകൻ
വെള്ളക്കാരുടെ പ്രലോഭനത്തി
രാജ്യദ്രോഹം!! നു് വിധേയനായി അവർക്കു്
വഴി തുറന്നുകൊടുത്തു. പ്രാണ
ങ്ങളെ തൃണവൽഗണിച്ചു് വീരശിയും വിദേഷിയും വ
ളർന്നു് സമരംചെയ്തിരുന്ന ആംഗ്ലേയർ ദക്ഷിണകവാട
ത്തിൽക്കൂടെ നഗരത്തിൽ പ്രവേശിച്ചു് നിർദ്ദയം കൂട്ട

ക്കൊലതുടങ്ങി. കോട്ടയിൽനിന്നു് ഈ നരവേട്ട നോക്കിക്കാണുവാൻ റാണിയ്ക്കു് കഴിഞ്ഞില്ല. ആർദ്രഹൃദയയായ ആ പ്രജാവത്സല അല്പം അനുയായികളോടുകൂടി അതിവേഗം നഗരത്തിലേയ്ക്കു് കുതിച്ചു. ആ വീരാംഗന ദുർഗ്ഗാദേവിയെപ്പോലെ ശത്രുസംഹാരത്തിലേപ്പെട്ടു. വെള്ളക്കാർ പിൻതിരിയേണ്ടിവരുമെന്ന നിലയായി!

അപ്പോഴേയ്ക്കും ദുർഗ്ഗാദ്വാരരക്ഷകന്മാരിൽ പ്രധാനികളായ 'സർദാർ ഖുദാബക്ഷ്' പീരങ്കിപ്പടനായകനായ 'സർദാർ ഗുലാം ഗൗസ് ഖാൻ' മുതലായ ശൗര്യവാൻമാർ റാണിയറിഞ്ഞു. കോട്ടയും സുരക്ഷിതമല്ലാതായി. ഇനി പോരാടുന്നതു് വ്യർത്ഥമാണെന്നു് ആ വനിതാരത്നം ഗ്രഹിച്ചു. ഝാൻസി കൈവിടുവാനും ദൂരെയെങ്ങാനുംചെന്നു് സ്വാതന്ത്ര്യസമരം തുടരാനും ആ ദേശഭക്ത തീരുമാനിച്ചു. അന്നു രാത്രി, ദത്തുപുത്രനായ 'ദാമോദരറാവു'വിനെ അരയിൽ ചേർത്തുകെട്ടി, സശസ്ത്രയും പുരുഷവേഷധാരിണിയും അശ്വാരൂഢയുമായ ലക്ഷ്മീബായി അല്പം അനുയായികളോടുകൂടി ദുർഗ്ഗംവെടിഞ്ഞു. പലായനംചെയ്തു. അങ്ങനെ നഗരവും കോട്ടയും കമ്പനിക്കാരുടെ കീഴിലായി. വിജയികളായ ആംഗ്ലേയർ ഝാൻസിയിൽ ക്രൂരകൊലയും കൊള്ളയും കൊള്ളിവെപ്പും തുടങ്ങി! അവർചെയ്ത ആസുരകൃത്യങ്ങൾ അതിഭയങ്കരങ്ങളായിരുന്നു!!.....

റാണി ലക്ഷ്മീബായിയും കൂട്ടുകാരും 'കാല്പി'യിലേക്ക് വായുവേഗത്തിൽ യാത്രയായി. 'ലഫ്ടനൻറ് ബേക്കർ' അശ്വാരൂഢരായ അനുചരന്മാരോടുകൂടി അവരെ പിന്തുടർന്നു. ബേക്കർ റാണിയുടെ വെട്ടേറ്റ് നിലംപതിച്ചു. ലക്ഷ്മീബായിയും സംഘവും എങ്ങുമേതും വിശ്രമിയ്ക്കാതെ യാത്രതുടർന്നു. അവർ അർദ്ധരാത്രിയ്ക്ക് കാല്പിയിൽ എത്തിച്ചേർന്നു.

നാനാസാഹേബിന്റെ സഹോദരനായ റാവുസാഹേബും സേനാപതിയായ താത്യാടോപ്പെയും ബാന്ദാനവാബും മറ്റു ചില രാജാക്കന്മാരും സേനാസമേതം കാല്പിയിൽ ഒത്തുകൂടിയിരുന്നു. അവർ റാണിയേയും കൂട്ടുകാരേയും സ്വാഗതംചെയ്തു.

കാല്പിയിൽ പുണ്ണുമറ്റ വിപ്ലവകാരികൾ ഏകോപിച്ചിരുന്നു. പക്ഷെ അവരുടെ ഇടയിൽ, നേതൃത്വം വഹിയ്ക്കുവാനും അച്ചടക്കംപാലിയ്ക്കുവാനും കെല്പുള്ള ഒരു വ്യക്തിയും ഉണ്ടായിരുന്നില്ല. റാണി ലക്ഷ്മീബായി പരമയോഗ്യയും സമരകലാകോവിദയുമായിരുന്നുവെങ്കിലും ഇരുപത്തിരണ്ടുവയസ്സുമാത്രം പ്രായമുള്ള ഒരു ''നാരി''യായിരുന്നു. താത്യാടോപ്പെ വീരനും പരിശുദ്ധനുമായ സേനാപതിയായിരുന്നു; പക്ഷെ അദ്ദേഹം ജാതനായത്തു് ഒരു 'സാധാരണ'

വംശത്തിലായിരുന്നു. അക്കാലത്ത് അരച്ചന്മാരും ഇട പ്രഭുക്കന്മാരും മറ്റും വല്ല 'നരേശ'ന്മാരുടേയും അധീനത്തിൽ അടരാടുവാനേ തയ്യാറായിരുന്നുള്ളൂ. അവരുടെ 'ആഭിജാത്യം', വെറും 'സാധാരണ വ്യക്തി'യുടേയോ നാരിയുടേയോ നേതൃത്വം സ്വീകരിയ്ക്കുന്നതിനു് പ്രതിരോധമായിത്തീർന്നിരുന്നു. ഒൽഹിയിലും അവധത്തിലും ശാപമായിത്തീർന്ന ഈ ''കുലീനത'' കാല്പിയിലും തലപൊക്കി!!

എന്നാലും ലക്ഷ്മീബായി ചെറിയൊരു സേനയുടെ സഹായത്തോടുകൂടി പിന്തുടർന്നുവന്ന സർ ഹ്യൂ റോസിന്റെ സൈന്യത്തെ കാല്പിയ്ക്കു് സമീപംവെച്ചു് അതിധീരം നേരിട്ടു. മറ്റുള്ളവരിൽനിന്നു് ആത്മാർത്ഥമായ സഹായമോ സഹകരണമോ ആധീരവനിതയ്ക്കു് ലഭിയ്ക്കുകയുണ്ടായില്ല. ഭയങ്കരമായ സമരം നടന്നു. അവസാനം കമ്പനിപ്പട്ടാളം വിജയിച്ചു. കാല്പി ആംഗ്ലേയരുടെ അധീനത്തിലായി.

''കാല്പി'' നഷ്ടപ്പെട്ടതോടുകൂടി വിപ്ലവകാരികളുടെ ബലവും ഉത്സാഹവും ചുരുങ്ങി. എങ്കിലും ലക്ഷ്മീബായിയും താത്യാടോപ്പെയും ഹതാശരായില്ല. 'ഗ്വാളിയർ'നാട്ടരാജ്യത്തിൽചെന്നു് അവിടത്തെ പ്രജകളേയും സൈന്യത്തേയും പാട്ടിലാക്കി, ഗ്വാളിയറിലെ ദുർഗ്ഗം കൈവശപ്പെടുത്തി, ഒരു രക്ഷാകേന്ദ്രം സ്ഥാപിച്ചുകൊണ്ടു് വിജയിയ്ക്കാൻ വഴിയുള്ളതു

ഗ്വാളിയർ വിജയം

എന്നു് റാണി അഭിപ്രായപ്പെട്ടു. ഇത്തവണ റാവുസാഹേബും ബാന്ദാനവാബും ഒരു ''സ്ത്രീ''യുടെ ഉപദേശം കൈക്കൊള്ളുവാൻ സങ്കോചപ്പെട്ടില്ല!

ക്രാന്തികാരികൾ ഗ്വാളിയർ മഹാരാജാവായിരുന്ന ''ജയാജിറാവു് സിന്ധിയ''യോടു് സാഹായ്യവും മൈത്രിയും ആവശ്യപ്പെട്ടു. സിന്ധിയാ സഹകരണത്തിനുപകരം സംഹാരത്തിനാണു് സന്നദ്ധനായതു്. 1858 ജൂൺ 1-ാംനു അദ്ദേഹം വിപ്ലവകാരികളെ പീരങ്കികൾകൊണ്ടു് 'സ്വാഗതം'ചെയ്തു!! റാണി തന്റെ ചെറിയ കുതിരപ്പടയെ സധീരം മുന്നോട്ടു നയിച്ചു. സിന്ധിയാസൈന്യം വിപ്ലവകാരികളുടെ ഭാഗത്തുചേർന്നു. ജയാജിറാവുവും അദ്ദേഹത്തിന്റെ മന്ത്രിയും ആഗ്രയിലേയ്ക്കു് ഓടിപ്പോയി.

ഗ്വാളിയർനിവാസികൾ വിപ്ലവകാരികളെ സ്വാഗതം ചെയ്തു. വലിയൊരു ദർബാറിൽ(രാജസഭയിൽ) വെച്ചു് റാവുസാഹേബു് ''പേശവാ''പദത്തിൽ അഭിഷിക്തനായി. രാജപദവും രാജ്യവും ധനവും മാനവും ദുർഗ്ഗവും സേനയും സ്വായത്തമായതോടുകൂടി റാവുസാഹേബു് ''ആനന്ദോത്സവം'' കൊണ്ടാടുന്നതിൽ വ്യാപൃതനായി! സദ്യയും മദ്യവും വാദ്യവും നൃത്തവും ദാനവും ഗാനവും വിപ്ലവകാരികളുടെ ഇഷ്ടവിഷയങ്ങളായിത്തീർന്നു!! രാപ്പകൽ ഉത്സവംതന്നെ!! താല്ക്കാലികവിജയത്തിൽ സന്തുഷ്ടരാവാതെ

ആനന്ദോത്സവം!!

സൈന്യശക്തിയും സമരസാമഗ്രികളും സന്നുഷ്ടമാക്കുക യാണ് അടിയന്തരകൃത്യമെന്ന് ലക്ഷ്മീബായി റാവുസാഹബിനെ ഉപദേശിച്ചു. പക്ഷേ ''പേശവാ'' പദപ്രാപ്തിയാൽ മതിമറന്ന റാവുസാഹേബ് റാണീവചനങ്ങളെ അവഗണിച്ച് അഹർന്നിശം ആനന്ദമഹോത്സവത്തിൽ ആമഗ്നനായി!!

അന്ത്യസമരം

ഗ്വാളിയർ വേഗം വീണ്ടെടുക്കാത്തപക്ഷം വിപ്ലവകാരികളുടെ ശക്തിയും സന്നദ്ധതയും വിപുലമാകുമെന്നും താത്യാടോപ്പെയെപ്പോലുള്ള മഹാരഥന്മാരുടെ നേതൃത്വത്തിൽ ഭാരതത്തിൽ ഒരു ''മഹാരാഷ്ട്രവിപ്ലവം'' കൂടി വളർന്നുവരുമെന്നും മന്ത്രിമാനായ സർ ഹ്യൂ റോസ് മനസ്സിലാക്കി. നയജ്ഞനും നിപുണനുമായ അദ്ദേഹം ഗ്വാളിയർ അതിവേഗം അധീനമാക്കുവാനുള്ള ഒരുക്കങ്ങൾ കൂട്ടിത്തുടങ്ങി. റാവുസാഹബും കൂട്ടുകാരും മദിരയിലും മദിരാക്ഷികളിലും മനം മയങ്ങി സുവർണ്ണാവസരത്തെ പാഴാക്കി!!

സർ റോസ് പെട്ടെന്ന് ഗ്വാളിയറിനെ ആക്രമിച്ചു. സിന്ധിയായുടെ സൈന്യത്തെ വശത്താക്കുവാനുള്ള യത്നവും അദ്ദേഹം തുടങ്ങി. റാവുസാഹബും അനുയായികളും പരിഭ്രമിച്ച് റാണിയെ സമീപിച്ചു. പേശവയുടെ ബുദ്ധിഹീനതയും ഭോഗലാലസയും കണ്ട് മനംമടുത്ത് അകന്നുകഴിഞ്ഞിരുന്ന ലക്ഷ്മീബായി വീണ്ടും മുന്നോട്ടുവന്ന് സമരവ്യൂഹം വിരചിയ്ക്കുന്ന

തിൽ വ്യാപൃതയായി. ഗ്വാളിയർനഗരത്തിന്റെ പൂവ്വ ഗോപുരത്തിന്റെ രക്ഷാഭാരം മുഴുവനും മഹാറാണി കൈയേറ്റു.

ലക്ഷ്മീബായിയുടെ ക്ലടെ അശ്വാരൂഢകളായ രണ്ടു സഖികളും (മന്ദരയും കാശിയും) അതിധീരം പോരാടിയിരുന്നു. കമ്പനിപ്പട്ടാളത്തിന്റെ സപ്പ്ലയ സാങ്ങളും വിഫലമായി. പിറേറന്നു് സേനാപതിയായ സർ ഹ്യൂ റോസ്തന്നെ പൂർവ്വസമരാങ്കണത്തിലിറങ്ങി. പുരുഷവേഷധാരിയും ഹയാരൂഢയുമായ മഹാറാണി ഇരുകരങ്ങളിലും വാളേന്തി തുരുതുരെ ശത്രുസംഹാരം നടത്തി മിന്നൽപ്പിണർപോലെ സമരാങ്കണത്തിൽ പാഞ്ഞുകൊണ്ടിരുന്നു!!

സമരം ഭയങ്കരമായി. റാണിയുടെ ക്ഷീണകാരുടെ എണ്ണം ചുരുങ്ങി. രണ്ടുഭാഗത്തുനിന്നും കമ്പനിപ്പടയാളികൾ ഉർഗ്ഗാനുരയായ ധീരരാജ്ഞിയെ വളഞ്ഞു! ആ വീരാംഗന ശത്രുവ്യൂഹത്തെ വിഭേദിച്ചുകൊണ്ടു് വെളിയിൽ കടന്നു് വായുവേഗത്തിൽ മുന്നോട്ടു കുതിച്ചു. വഴിയിൽ ഒരു തോടുണ്ടായിരുന്നു. റാണിയുടെ പുതിയ കുതിര അതിനെ ചാടിക്കടക്കുന്നതിനു പകരം ഇക്കരയിൽ ചുറ്റിത്തിരിഞ്ഞു!!

ആത്മാഹുതി

ഇതിനിടയിൽ, പൃഷ്ഠകാകിനിയായ ലക്ഷ്മീബായിയെ ശത്രുഭടന്മാർ വളഞ്ഞു. ആ ധീരവനിത തെല്ലും ഭയപ്പെടാതെ ഒറ്റയ്ക്കു് അവരോടു് യുദ്ധംചെയ്തു. ഒരു

ആംഗലഭടൻ പിന്നിൽനിന്നു് റാണിയുടെ ശിരസ്സിനെ പിളന്നു. എന്നിട്ടും ആ ദേശസേവിക ശത്രുസംഹാരം ഉടന്നു. ഉടനെ മറെറാരു വെട്ടു് മാറിൽ തട്ടി രക്തം ധാരധാരയായി ഒഴുകിത്തുടങ്ങി. തന്നെ മുറിയേല്പിച്ച മറെറ ഭടനേയും ആ ഖഡ്ഗധാരിണി വെട്ടിവീഴ്ത്തി. അതോടുകൂടി ലക്ഷ്മീബായി അശക്തയായിത്തീന്നു!

"രാമചന്ദ്രറാവ്ദേശമുഖ്" എന്ന വിശ്വസ്തസേവകൻ ആ ദേശഭക്തയെ അടുത്തുണ്ടായിരുന്ന ഒരു ആശ്രമത്തിലെത്തിച്ചു. ബാബാഗംഗാദാസ് (സന്ന്യാസി) റാണിയുടെ കുടിയ്ക്കുവാൻ ഗംഗാജലം കൊടുത്തു. അല്പനിമിഷങ്ങൾക്കുള്ളിൽ ആ ദേവി ഗീതാമന്ത്രം ജപിച്ചുകൊണ്ടു് സ്വർഗ്ഗവാസിനിയായിത്തീന്നു.

ശത്രുക്കൾ തന്നെ സ്പർശിക്കരുതെന്നു് റാണി ഇച്ഛിച്ചിരുന്നു. രാമചന്ദ്രറാവുവും സന്ന്യാസിയും ഉടനെ ഒരു ചിത തയ്യാറാക്കി; നശ്വരമില്ലാത്ത ആ സതീരത്നത്തിന്റെ പഞ്ചഭൂതാത്മകദേഹം ഭൂതിപ്രായമായിത്തീന്നു.

ഈ ത്രയം ഇളംപ്രായത്തിൽ, ശത്രുക്കളുടെ പ്രശംസപോലും *f* സമാഹരിയ്ക്കത്തക്കവിധം അലൌകിക

---

f ഈ "ഇന്ത്യൻ ജോൺ ഓഫ് ആർക്ക്"നെ (Indian Joan of Arc) പ്പറ്റി ശത്രുസൈന്യാധിപനായിരുന്ന ജനറൽ സർ ഹ്യൂ റോസ് അഭിപ്രായപ്പെട്ടതു് ഇങ്ങനെയാണു്:—"റാണി സർവ്വശ്രേഷ്ഠയും സർവ്വോത്തമയുമായ വീരാംഗനയായിരുന്നു!!"

ധീരതയും അസാധാരണനൈപുണിയും പ്രദർശിപ്പിച്ച് സ്വാതന്ത്ര്യസമരം നയിച്ച മറെറാരു മഹിളാമണിയും മഹീതലത്തിൽ ജാതയായിട്ടില്ലെന്നു നമുക്കു അഭിമാനിയ്ക്കാം!! *

---

* ഈ വീരറാണിയെപ്പററി കൂടുതൽ വിവരങ്ങളും അറിയുവാൻ ലേഖകൻ എഴുതിയ ''ഝാൻസിയിലെ വീരറാണി'' എന്ന ഗ്രന്ഥം വായിയ്ക്കുക.

9. താത്യാടോപ്പേയുടെ അന്ത്യപരിശ്രമങ്ങൾ

താത്യാടോപ്പേയ്ക്കു് തന്റെ പ്രധാനക്കൂട്ടുകാരായിരുന്ന നാനാസാഹേബും ബാലസാഹേബും റാണി ലക്ഷ്മീബായിയും നഷ്ടപ്പെട്ടു അദ്ദേഹത്തിനു് സുശക്തമായ സൈന്യമോ സമരസാമഗ്രികളോ ഇല്ലാതായി. ഭാരതത്തിൽ ആംഗലാധിപത്യം വീണ്ടും ബലപ്പെട്ടു.

എന്നാലും ആ വീരസേനാപതി നിരാശനായില്ല. 1858 ജൂൺ 20-നു് അദ്ദേഹം ഗ്വാളിയർ വിട്ടു് നർമ്മദാനദിയുടെനേർക്കു് യാത്രയായി. കന്നിച്ചു് റാവുസാഹബും ബാന്ദാനവാബും അല്പം ഭടന്മാരും ഉണ്ടായിരുന്നു. നർമ്മദയെ തരണംചെയ്തു് ദക്ഷിണേന്ത്യയിൽ പ്രവേശിച്ചു് അവിടത്തെ രാജാക്കന്മാരേയും ജനതയേയും, പേശവയുടെ പേരിൽ, സ്വാതന്ത്ര്യസമരത്തിനു് സന്നദ്ധരാക്കണമെന്നായിരുന്നു ആ മഹാരഥന്റെ മനോരഥം.

ആംഗലസേന അദ്ദേഹത്തെ അനുധാവനംചെയ്തു. അവരുടെ കൂട്ടുകിൽനിന്നു് രക്ഷപ്രാപിച്ച താത്യാ എങ്ങിനെയെങ്കിലും നർമ്മദ കടക്കണമെന്നു് ദൃഢനിശ്ചയം ചെയ്തു. ഇംഗ്ലീഷുകാർ ആ ഉദ്യമത്തെ തടയുവാൻ ബദ്ധകങ്കണരായി!

ആ മഹാരാഷ്ട്രവീരൻ ''ഭാരതപ്പുര''ത്തിലേയ്ക്കു് നീങ്ങി. ആംഗലസേന അദ്ദേഹത്തെ കൂടുകുവാൻ ''ജ

യപുര"ത്തിലേയ്ക്ക് തിരിഞ്ഞു. ജയപുരത്തിലെ പ്രജകളും സൈന്യവും താത്യാടോപ്പയോട് സഹാനുഭൂതിയുള്ളവരായിരുന്നു.

ആ തന്ത്രകോവിദൻ ഉടനെ തെക്കോട്ടുതിരിച്ചു. "കർണൽ ഹോംസ്" സൈന്യസമേതം അദ്ദേഹത്തെ പിന്തുടർന്നു. ഉടനെ താത്യാ 'ടോങ്കി'ലേയ്ക്ക് മാറി. അവിടത്തെ നവാബ് അദ്ദേഹത്തിന്റെ സഹായത്തിനയച്ച സൈന്യത്തെ അയച്ചു. ആ സേനയിലുള്ളവർ സമരം ചെയ്യുന്നതിനുപകരം താത്യാടോപ്പയുടെ അനുയായികളായിത്തീർന്നു !!

പുതിയ സേനയോടും സാമഗ്രികളോടുംകൂടി ആ വീരകേസരി "ഇന്ദ്രഗാഡി"ലേയ്ക്ക് നീങ്ങി. ഘോരയുദ്ധം തുടങ്ങി. മുന്നിൽ "ചംബൽ"നദി പരിപുഷ്ടിയും അതിരൂക്ഷ്ണയുമായി പ്രവഹിക്കുന്നു !

വിപദ്ഗ്രസ്തൻ

പിന്നിൽനിന്നും കർണൽ ഹോംസും രാജപുത്താനയിൽനിന്നും "ജനറൽ റോബർട്ടസും" സൈന്യസമേതം താത്യയെ കുടുക്കുവാൻ വെമ്പിച്ചെല്ലുന്നു !!

വിപൽഗ്രസ്തനായ വിപ്ലവമഹാരഥി മറ്റൊരു മാർഗ്ഗത്തെ അവലംബിച്ചു. "ഭീൽവാഡാ" ഗ്രാമത്തിൽവെച്ച് 1858 ആഗസ്റ്റ് 7-ാംനു- ജനറൽ റോബർട്ട്സും താത്യാടോപ്പയും തമ്മിൽ ഏറ്റുമുട്ടി. ഭീകരമായ സമരംനടന്നു. രാത്രി അവിടെനിന്നും രക്ഷപ്പെട്ടു. മറ്റൊരിടത്തുവെച്ച് വീണ്ടും സംഘട്ടനമുണ്ടായി.

താത്യാടോപ്പേ വീണ്ടും ചംബൽനദിയെ സമീപിച്ചു. ശത്രുസൈന്യങ്ങൾ മുന്നഭാഗത്തുനിന്ന് അട്ടേറത്തെ വളഞ്ഞു. കൂടനീതിനിപുണനും കുശലസേനാപതിയുമായ താത്യാ അവരെയെല്ലാം കബളിപ്പിച്ച് ഒരുവിധം നദിയെ തരണംചെയ്തു. അട്ടേഹത്തിന്റെ കൈയിൽ ഭക്ഷണസാമഗ്രികളോ പീരങ്കികളോ ഉണ്ടായിരുന്നില്ല. തന്നിമിത്തം നേരെ "ഝാലരാപട്ട"നിലേയ്ക്ക് കുതിച്ചു. അവിടത്തെ രാജാവ് പടയും പീരങ്കികളുമായി സമരത്തിനുചെന്നു. പക്ഷെ ഝാലരാപട്ടനിലെ സൈന്യം മുഴുവനും താത്യാടോപ്പേയുടെ ഭാഗത്തുചേർന്നു. വിജയിയായ താത്യാ രാജാവിൽനിന്ന് യുദ്ധച്ചെലവിലേയ്ക്ക് പതിനഞ്ചു ലക്ഷം ഉറുപ്പിക വസൂലാക്കി. വിപുലമായ സേനയും പീരങ്കികളും സാമാനങ്ങളും ആ സേനാപതിയ്ക്ക് സ്വായത്തമായി. റാവുസാഹേബും ബാന്ദാനവാബും താത്യായെ അനുഗമിച്ചിരുന്നു. പിന്നീട് ആ മഹാരാഷ്ട്ര മഹാരഥൻ "ഇന്ദൊരി"ലേയ്ക്ക് യാത്രയായി.

റോബർട്ട്സ്, റോംസ്, പാക്ക് മുതലായ ആറു ആംഗലമഹാരഥന്മാർ നാനാഭാഗങ്ങളിൽനിന്നും താത്യാടോപ്പയെ വളയുവാ

മിന്നൽപ്പോരാട്ടം

നായി ഭഗീരഥയത്നംതുടങ്ങി. അട്ടേഹവും അനുയായികളും ഇടയ്ക്കിടയ്ക്ക് മിന്നൽപിണരുപോലെ പ്രത്യക്ഷപ്പെട്ടും

മറഞ്ഞും ആംഗലസൈന്യത്തെ വിഷമിപ്പിച്ചു! കരിയ്ക്കൽ ഒരു സംഘട്ടനവും നടന്നു.

തദനന്തരം ആ വീരകേസരി വടക്കോട്ടുനീങ്ങി. സിന്ധിയായുടെ ''ഇശ്ഗഢ്'' എന്ന നഗരത്തെ ആക്രമിച്ച് ഏട്ടു പീരങ്കികളും കരസ്ഥമാക്കി. അദ്ദേഹം നർമ്മദയെ തരണംചെയ്വാനുള്ള മാർഗ്ഗങ്ങളും ആരാഞ്ഞുതുടങ്ങി. ഇംഗ്ലീഷുകാരുടെ വിപുലസൈന്യം നാലുഭാഗത്തുനിന്നും അദ്ദേഹത്തെ തടയുവാനും കടക്കുവാനും തുനിഞ്ഞു.

*　　*　　*　　*

പിന്നീട് താത്യാ തന്റെ സൈന്യത്തെ രണ്ടായി ഭാഗിച്ചു. ഒരു വിഭാഗത്തെ റാവുസാഹബിനു് ഏല്പിച്ചുകൊടുത്തു. ബാക്കിയുള്ള ഭടന്മാരെ തന്റെകീഴിൽനിന്നി. തന്ത്രജ്ഞനായ താത്യാ മാർഗ്ഗമദ്ധ്യേ ശത്രുസൈന്യങ്ങളോട് സമരംനടത്തിക്കൊണ്ടു് രണ്ടു സംഘവും മുന്നോട്ടുനീങ്ങി. അവസാനം ''ലലിത്പൂരി''ൽവെച്ചു് പരസ്പരം യോജിച്ചു

അഞ്ചുദിക്കിൽനിന്നു് അഞ്ചു് ഇംഗ്ലീഷുസൈന്യങ്ങളും ഒരുമിച്ചു് താത്യാടോപ്പെയെ വളഞ്ഞു. ഉടനെ അദ്ദേഹം തെക്കോട്ടുള്ള യാത്ര നിർത്തിവെച്ചു് അതിവേഗം വടക്കോട്ടുകുതിച്ചു. വിവശനായ വിപ്ലവനേതാവു് ദക്ഷിണയാത്ര വേണ്ടെന്നുവെച്ചു് വടക്കോട്ടു് ഓടിയതാണെന്നു് ആംഗലേയർ അനുമാനിച്ചു. തന്നിമിത്തം അവരുടെ ജാഗ്രൂകതയും സന്നദ്ധതയും ശിഥിലമായി

ത്തീൻ. അവർ നിശ്ചിന്തിതരായി. ഈ സംഗതി രഹസ്യമായി അറിഞ്ഞ ഉടനെ തന്ത്രശാലിയായ താത്യാ അല്പംകൂടി വടക്കോട്ടു നീങ്ങിപ്പെട്ടെന്നു് പിൻതിരിഞ്ഞു് അതിശീഘ്രം ''ബേതവാ''നദി കടന്നു് യാത്രയായി.

നമ്മദാനദിയെ തരണം ചെയ്തു

കമ്പനിപ്പട്ടാളങ്ങൾ വീണ്ടും ആ വീരകേസരിയെ വളഞ്ഞു. യുദ്ധം തുടങ്ങി. അദ്ദേഹം അവിടെനിന്നു് രക്ഷപ്രാപിച്ചു് ശരംപോലെ തെക്കോട്ടു കുതിച്ചു. താന്ത്യായുടെ സൂത്രങ്ങളും അടവുകളും കാരണം പരിഭ്രാന്തരായ ആംഗ്ലസേനാപതികൾ നാനാഭാഗങ്ങളിൽക്കൂടെ അദ്ദേഹത്തിന്റെ നേർക്കു് ഓടിച്ചെന്നു. പേർകേട്ട പടനായകന്മാരുടെയെല്ലാം കൺകളിൽ പൊടിവാരിയിട്ടു് പരാക്രമശാലിയായ മഹാരാഷ്ട്രവീരൻ സൈന്യസമേതം നമ്മദാനദിയെ തരണംചെയ്തു!! അതായിരുന്നുവല്ലോ അദ്ദേഹത്തിന്റെ ആദിമധ്യേയം.

ആംഗ്ലേയർ അമ്പരന്നു!!

അങ്ങനെ 1858 ഒക്ടോബറിൽ താത്യാതോപ്പെയും കൂട്ടുകാരും ''നാഗ്പൂരി''നു് (Nagpur) സമീപമെത്തി. കാനിങ്പ്രഭുവും കമ്പനിമേധാവികളും അമ്പരന്നു!! കർണൽമാരും ജനറൽമാരും പരിഭ്രമിച്ചു! ''പേശവാ''യുടെ പടനായകൻ മഹാരാഷ്ട്രഭൂമിയിൽ പദമുന്നിക്കഴിഞ്ഞു.

സമരകലാചതുരനും നയകോവിദനും പ്രഭാവശാലിയും പ്രഭാഷണപടുവുമായ താത്യാടോപ്പേ മഹാരാഷ്ട്രരെ 'വിപ്ലവ'കാരികളായി മാറിയാൽ അതിനെത്തുടർന്ന് ദക്ഷിണഭാരതം മുഴുവനും സായുധാധ്യോധനത്തിനു സന്നദ്ധമാവുമെന്നു് ആംഗലേയർ ഭയപ്പെട്ടു. അവർ ചിന്താതുരരായി.

പക്ഷേ കാലം മാറിക്കഴിഞ്ഞിരുന്നു. ആളിക്കത്തിയ വിപ്ലവാനിലൻ ആറിത്തണുത്തിരുന്നു. ഉത്സാഹവും ആവേശവും ജനതയെ ഉപേക്ഷിച്ചിരുന്നു. തന്നിമിത്തം ആശിച്ചത്ര ആനുകൂല്യമോ സാഹായ്യമോ ആ മഹാരാഷ്ട്രനായകനു് സിദ്ധിച്ചില്ല.

ഇംഗ്ലീഷുകാർ തെക്കുനിന്നും വടക്കുനിന്നും താത്യയെ ആക്രമിച്ചു. നാഗ്പൂർ നിവാസികൾ യഥോചിതം സഹകരിച്ചില്ല. ഗത്യന്തരമില്ലാതായ സേനാപതി **ബൈറോടയിലേയ്ക്കു്** ''ബൈറോട'' (ബാരാമ്പ)യിലേയ്ക്കു് യാത്രയായി. നർമ്മദയുടെ കടവുകളിലെല്ലാം കമ്പനിപ്പട്ടാളങ്ങൾ കാവലുണ്ടായിരുന്നു. ഒടുവിൽ സമരം തുടങ്ങി താത്യായുടെ ആജ്ഞപ്രകാരം വിപ്ലവകാരികൾ പീരങ്കിയെല്ലാം വലിച്ചെറിഞ്ഞു് നർമ്മദയിലേയ്ക്കു് കുതിച്ചുചാടി. ഒരു നിമിഷത്തിനകം അവരെല്ലാം മറുകരയിലെത്തി. അവരുടെ വേഗതയും ധീരതയും കണ്ടു് ആംഗലേയർ അത്ഭുതപ്പെട്ടു.

താത്യാടോപ്പെയും റാവുസാഹേബും ''പ്രതാപഗഡ്ഡി''ലേയ്ക്കു് നീങ്ങി. മാഗ്ഗമദ്ധ്യേ ചില സംഘട്ടന

ങ്ങൾ നടന്നു. ഈ ഘട്ടത്തിൽ

ഇന്ദ്രഗസ്ഥിൽ ഏകോപിച്ചു

ഭൽഹിയിലെ രാജകുമാരനാ
യ ''ഫിരോജ് ശാഹ്'' അവ
ധത്തിലെ വിപ്ലവത്തിൽ പ
ങ്കെടുത്തശേഷം തന്റെ സേനയോടുകൂടി ഗംഗയും
യമുനയും കടന്ന് താത്യയെ സഹായിക്കുവാനായി വ
ന്നുകൊണ്ടിരുന്നു. 1859 ജനവരി 13-ാംനു ''ഇന്ദ്രഗ
സ്ഥി''ൽ വെച്ച് താത്യാടോപ്പെയും റാവുസാഹേബും
ഫിരോജ് ശാഹും ഏകോപിച്ചു. സിന്ധിയായുടെ ഒരു
പ്രധാന സേനാനായകനായിരുന്ന ''മാനസിംഹ''നും
ഇവരുടെ കൂട്ടത്തിൽ വന്നുചേർന്നു!

ത്രിമൂർത്തികൾ രക്ഷപ്രാപിച്ചു

സുപ്രസിദ്ധരായ ആംഗലേയസേനാപതികൾ ശ
സ്ത്രസന്നദ്ധന്നങ്ങളും സുശിക്ഷിതങ്ങളുമായ സൈന്യങ്ങളോ
ടുകൂടി നാനാഭാഗങ്ങളിൽനി
ന്നും ഒരേസമയത്തു് ആ മഹാ
രാഷ്ട്രവീരനെ വളയുവാൻവേ
ണ്ടി ത്വരിതഗതിയിൽ മുന്നോ
ട്ടുനീങ്ങി. താത്യായും കൂട്ടുകാരും ''ദേവാസി''ലെത്തി.
ഒരു ദിവസം രാവിലെ താത്യായും റാവുസാഹേബും
ഫിരോജ് ശാഹും ഒന്നിച്ചിരുന്നു് സംഭാഷണം ചെയ്യു
കയായിരുന്നു. പെട്ടെന്നു് ഒരു ആംഗലസൈനികോദ്യോ
ഗസ്ഥൻ താത്യാടോപ്പെയുടെ അരയിൽ കൈവെച്ചു.
കമ്പനിപ്പട്ടാളം മുവരേയും ആക്രമിച്ചു. വിപ്ലവമഹാര

ഥന്മാരായ ആ ത്രിമൂർത്തികൾ ആ അഗ്നിവലയത്തിൽ നിന്നും അത്ഭുതകരമായ രീതിയിൽ അപ്രത്യക്ഷരായി!!

കമ്പനിപ്പട്ടാളങ്ങൾ വിപ്ലവകാരികളെ വളയുവാനായി വീണ്ടും മുന്നോട്ടുനീങ്ങി. ഈരു ഭിക്കിൽവെച്ച് ഇരുഭാഗക്കാരും തമ്മിൽ അതി ഭയങ്കരസമരം!! ഭയങ്കരമായ സമരം നടന്നു. ഇരുഭാഗത്തും യുദ്ധവിദ്യാപാരം ഗതന്മാരായ സേനാനായകന്മാരുണ്ടായിരുന്നു. രണ്ടുഭാഗത്തുമുള്ള പടയാളികൾ ആവേശഭരിതരായിരുന്നു. സൈന്യവും സാമഗ്രികളും കുറവായിരുന്നെങ്കിലും ദേശഭക്തിപ്രേരിതരായ വിപ്ലവകാരികൾ വീറോടുകൂടി സമരംചെയ്തു. കമ്പനിപ്പട തളർന്നുതുടങ്ങി. അവരുടെ സേനാനായകന്മാർ പരിഭ്രമിച്ചു. എങ്കിലും അവർ പട്ടാളക്കാരെ പ്രോത്സാഹിപ്പിച്ചു. അത്യുഗ്രസമരം തുടർന്നു. താത്യാടോപ്പെയുടെ സന്തതസഹചാരിയായ ഒരു വിശ്വസ്തസഹായി മുറിയേറ്റു" നിലം പതിച്ചു. താത്യായുടെ ആശാകിരണങ്ങൾ നിഷ്പ്രഭങ്ങളായി. എങ്കിലും യുദ്ധം തുടർന്നു.

വിജയം അപ്രാപ്യമെന്നു് അറിവായപ്പോൾ താത്യാടോപ്പെ വീണ്ടും "മറ" വിലേയ്ക്കു് മാറി. ആ മഹാരാഷ്ട്രസേനാപതി അഭയം പൂകിയ മഹാരണ്യത്തിന്റെ മറ്റൊരു ഭാഗത്തു് 'മാനസിംഹൻ' മറഞ്ഞിരിയ്ക്കുന്നു

ഭയങ്കരസമരം!!

ദേശദ്രോഹിയായ മാനസിംഹൻ!

ണ്ടായിരുന്നു. സഹായിയും സുഹൃത്തും സ്വാതന്ത്ര്യസമരത്തിലെ സഹപ്രവർത്തകനുമായ മാനസിംഹനെ സന്ദർശിക്കുവാനും ഭാവിസമരത്തെപ്പറ്റി കൂടിയാലോചനകൾ നടത്തുവാനുംവേണ്ടി താത്യാടോപ്പെ പുറപ്പെട്ടു. സൈന്യത്തെ റാവുസാഹേബിനേയും ഫിറോജ് ഷാഹിനേയും ഏല്പിച്ചിരുന്നു. കൂടെ മൂന്നു പടയാളികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

മിത്രങ്ങളുടെ സന്ദർശനവും സംഭാഷണവും കഴിഞ്ഞു. അർദ്ധരാത്രി. താത്യാനിശ്ശങ്കം നിദ്രാവേദിയുടെ മടിത്തട്ടിൽ വിശ്രമിക്കുന്നു. സ്വതന്ത്രഭാരത്തിന്റെ സുന്ദരരൂപം സ്വപ്നലോകത്തിൽ ദർശിച്ച് അനുപമാനന്ദം അനുഭവിക്കുന്ന ആ സ്വതന്ത്രതാസാധകന്റെ സുധാംശുവദനം മധുരസന്തുഷ്ടിയാകുന്ന പൂനിലാവ് പൊഴിച്ചുകൊണ്ടിരുന്നു!!

* * * * *

വഞ്ചന! മഹാവഞ്ചന!! അതിനേക്കാളും കാളിമ കലരുന്ന കരളും കരവാളും വഹിച്ചിരുന്ന ''കമ്പനിക്കാർ''ന്, ഒരിക്കലുമണയാത്ത 'ഭാരതമണിദീപ'ത്തെ ദേശദ്രോഹിയായ മാനസിംഹൻ കാഴ്ചവെച്ച് 'കനക'വും നരകവും നേടി!! വിശ്വാസപാത്രമായിരുന്ന വ്യക്തിതന്നെ വ്യത്യസ്തരൂപം വരിച്ച് വിനാശത്തിലേയ്ക്ക് വലിച്ചിഴയ്ക്കുമെന്ന് ആ വീരകേസരി സ്വപ്നേപി വിചാരിച്ചിരുന്നില്ല. പണ

വും പദവിയും കൊതിച്ച മാനസിംഹൻ ഉറങ്ങിക്കിടന്നിരുന്ന താത്യാടോപ്പയെ ശത്രുക്കൾക്ക് ഏല്പിച്ചു കൊടുത്തു !! അങ്ങനെ 1859 ഏപ്രിൽ 7-ാംനു- ആ ''മിന്നൽപ്പടയാളിവീരൻ'' വെള്ളക്കാരുടെ അധീനത്തിലായി !!.....

1859 ഏപ്രിൽ 18-ാംനു- താത്യാടോപ്പയെ തൂക്കിലേറ്റി. ദൂരസ്ഥിതരായ ദേശവാസികൾ ആ വീരകേസരിയെ നമസ്കരിച്ചു. സ്മരണീയനായ ആ ക്രാന്തികാരി ഭാരതമാതാവിനെ മനസാ സ്മരിച്ച് സ്വയം കുടുക്കു കഴുത്തിലിട്ടു ! പലകനീങ്ങി !! അതോടുകൂടി ആ ഉജ്ജ്വലജീവിതനാടകത്തിന്റെ അന്ത്യയവനികയും വീണു !!

രക്തസാക്ഷി !!

* * * * *

ഭാരതത്തിന്റെ ഭാഗ്യഭാസ്കരൻ അസ്തമിച്ചു! സമയം സന്ധ്യയായി. ആംഗലഭർത്തൃകന്മാർ ആ മഹാരാഷ്ട്രവീരന്റെ മസ്തകത്തിൽനിന്നും രോമം മുറിച്ചെടുത്ത് സ്മൃതിചിഹ്നമായി സൂക്ഷിച്ചുവെയ്ക്കുവാൻ വെമ്പിത്തുടങ്ങി !!

* * * * *

റാവുസാഹബും ഫിരോജ്ഷാഹ് രാജകുമാരനും വീണ്ടും സധീരം സമരംചെയ്തു. പിന്നീട് അവർ പ്രച്ഛന്നവേഷംധരിച്ച് വനാന്തരങ്ങളിൽ സഞ്ചരിച്ചുതുടങ്ങി. മൂന്നുകൊല്ലങ്ങൾ കഴിഞ്ഞപ്പോൾ റാവുസാഹബ് ബന്ധനസ്ഥനായി. 1862 ആഗസ്ത് 20-ാംനു- ആ വി

പ്പുവനേതാവിനെ ആംഗലേയർ കാൺപൂരിൽവെച്ച് തൂക്കിക്കൊന്നു! 1866-ൽ ഫിരോജ്ശാഹ് ഒരു ഫക്കീറിന്റെ വേഷത്തിൽ, മറ്റു ചില നിർവാസിത വിപ്ലവകാരികളോടൊന്നിച്ച്, അറേബ്യയിൽ (അറബിൽ) പ്രത്യക്ഷപ്പെട്ടു.

* * * *

വിക്ടോറിയാറാണിയുടെ വിളംബരത്തെത്തുടന്ന് ബാന്ദാനവാബു് ആത്മസമർപ്പണംചെയ്തു. ഇംഗ്ലീഷുകാർ അദ്ദേഹത്തിനു് അഭയവും പെൻഷനും നല്കി.

10. വിപ്ലവത്തിന്റെ വ്യാപ്തി

1. ബീഹാർ:—

1857-ലെ മഹാവിപ്ലവത്തിന്റെ പ്രധാനകേന്ദ്രങ്ങൾ ദൽഹി, ലക്ക്നൌ, കാൺപൂർ, ഝാൻസി മുതലായവയായിരുന്നുവെങ്കിലും ഈ വിഷയത്തിൽ ബീഹാറും പ്രധാനമായ ഒരുപങ്കു വഹിക്കുകയുണ്ടായി. ''പട്ടന'' (Patna) സ്വാതന്ത്ര്യസമരത്തിന്റെ ഒരു സുവിശാലകേന്ദ്രമായിരുന്നു.

'പട്ടന'യെപ്പറ്റി കമ്പനിക്കാർക്ക് സന്ദേഹം ജനിച്ചു. അതോടുകൂടി ആംഗ്ലേയർ മറ്റുനയം കൈക്കൊണ്ടു. നേതാക്കന്മാരെന്നു് സംശയിക്കപ്പെട്ട ചിലരെ കുഴുമരത്തിലേറ്റി. ശക്തിശാലികളായ ചില ''മൌലവി''മാരെ വഞ്ചിച്ചു് ബന്ധനത്തിലാക്കി!!

ജൂലായി 3-ാംനു 'പട്ടന'യിൽ ചെറിയൊരു വിപ്ലവംനടന്നു. കമ്പനിക്കാർ സിക്കുപട്ടാളക്കാരുടെ സഹായത്തോടുകൂടി അതിനെ അടിച്ചമർത്തി. വിപ്ലവകാരികളുടെ പ്രധാനനേതാവായ ''പീർ അലി''യെ മൃഗീയമായനിലയിൽ മർദ്ദിക്കുകയും അവസാനം തൂക്കിക്കൊല്ലുകയുംചെയ്തു!!

ബീഹാറിലെ വിപ്ലവകാരികളുടെ പ്രമുഖനേതാവായിരുന്ന ''ജഗദീശ്പൂർ'' എന്ന ചെറിയ നാട്ടരാജ്യത്തിന്റെ അധിപനായിരുന്ന ''കുവർസിംഹ്''

"കുവർ സിംഹ"

(കുമാരസിംഹൻ). വിപ്ലവകാലത്തു് ആ രാജാവിനു് 80 വയസ്സു് പ്രായമായിരുന്നുവെങ്കിലും യുവസഹജമായ ശക്തിയും ശൌര്യവും അദ്ദേഹം പ്രദർശിപ്പിയ്ക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ആചാരവിചാരങ്ങൾ പരിപാവനങ്ങളായിരുന്നു. ദൽഹൌസി പ്രഭുവിന്റെ അപഹരണനീതിയ്ക്കു് പാത്രമായിത്തീർന്നതിനാൽ "ജഗദീശപുരം" കുവർസിംഹനു് മുമ്പുതന്നെ നഷ്ടപ്പെട്ടിരുന്നു.

ജൂലായ് 25-നു- "ദാനാപൂരി"ലെ ഇന്ത്യൻ പട്ടാളക്കാർ വിപ്ലവംതുടങ്ങി. അവർ ജഗദീശപുരത്തിലേയ്ക്കു് നീങ്ങി. വയോവൃദ്ധനായ കുവർസിംഹു് അവരുടെ നേതൃത്വം സ്വീകരിച്ചു. അവർ "ആരാ"പട്ടണം കരസ്ഥമാക്കുകയും അവിടത്തെ കോട്ടയെ വളയുകയുംചെയ്തു. കോട്ടയ്ക്കുള്ളിൽ വെള്ളക്കാരും സിക്കുകാരും ഉണ്ടായിരുന്നു. സിക്കുകാർ ക്രാന്തികാരികളെ അനുകൂലിച്ചില്ല.

ഒഴുത്തിൽകുടുങ്ങി ഒഴുതിപോകിയ ആംഗലേയരെ മോചിപ്പിയ്ക്കുവാനായി പുറമെനിന്നു് കമ്പനിപ്പട്ടാളം വന്നുചേർന്നു. കുവർസിംഹന്റെ സേനയും ശത്രുസൈന്യവും തമ്മിൽ ഭയങ്കരസമരം നടന്നു. അവസാനം വിപ്ലവകാരികൾ "ആര" കൈവിടുവാൻ നിർബ്ബന്ധരായി. അവർ "ജഗദീശപുര"ത്തിൽനിന്നു് രക്ഷപ്പെട്ടു.

വിപ്ലവകാരികളുടെ അനിഷേധ്യനേതാവായിരുന്ന കുവർസിംഹ് ബുദ്ധിശക്തിയും ബാഹുബലവും പ്രദർശിപ്പിച്ച് പല സമരങ്ങളും നടത്തി. ഒടുവിൽ ''ആജംഗഡ''നഗരം അദ്ദേഹം കീഴിലാക്കി.

കുവർസിംഹനും കൂട്ടുകാരും ''ബനാറസ്സി''ലേയ്ക്ക് കുതിച്ചു. നഗരത്തിനു് സമീപം 'മാക്കർപ്പട്ട'വിന്റെ സൈന്യവുമായി ഏറ്റുമുട്ടി. ഭീകരസമരം നടന്നു. വിപ്ലവകാരികൾ വിജയിച്ചു. ആംഗ്ലേയർ ആജംഗഡ് കോട്ടയിൽ അഭയം പ്രാപിച്ചു. നഗരം ക്രാന്തികാരികളുടെ അധീനത്തിലായിരുന്നു.

''ഗാജീപൂരി''ൽചെന്നു് ഗംഗാനദിയെ തരണം ചെയ്ത് ജഗദീശപുരത്തിൽ പ്രവേശിയ്ക്കുവാനും തന്റെ പൈതൃകരാജ്യത്തെ വീണ്ടെടുക്കുവാനും കുവർസിംഹ് ആശിച്ചു. ആ വീരകേസരി പദേപദേ പിന്തുടർന്നിരുന്ന കമ്പനിപ്പട്ടാളങ്ങളെ പല തന്ത്രങ്ങളും പ്രയോഗിച്ചു് പരാജയപ്പെടുത്തി.

സമയം രാത്രി. കുവർസിംഹിന്റെ സൈന്യം ശത്രുക്കളെ കബളിപ്പിച്ചു് തോണികളിൽ കയറി ഗംഗാനദിയുടെ മറുകരയിലെത്തി. ഒരു തോണിമാത്രം അക്കരയിലെത്തിയിട്ടില്ല. അതിൽ കുവർസിംഹ് സ്ഥിതിചെയ്തിരുന്നു. ഇതിനിടയിൽ നദീതീരത്തിലെത്തിയ ശത്രുസൈന്യത്തിലെ ഒരു ഭടൻ വെടിവെച്ചു. വെടിയുണ്ട ആ വൃദ്ധസേനാപതിയുടെ വലത്തെ മണിക്കണ്ടത്തിൽ തട്ടി. വെടിയേറ്റുകൊണ്ടു് ശരീരമാ

സകലം വിഷപങ്കിലമാവുമെന്നു് ഭയന്നു് ആ വീരഭൂപതി നിഷ്പ്രയോജനമായിത്തീർന്ന വലംകൈയിനെ, മുട്ടിനു താഴെ മുറിച്ചു്, ഗംഗയിലൊഴുക്കി!!

എട്ടുമാസത്തോളം ആംഗ്ലേയരുടെ അധീനത്തിലായിരുന്ന 'ജഗദീശപുര'ത്തെ ആ മഹാരഥൻ നിഷ്പ്രയാസം വീണ്ടെടുത്തു. അപ്പോഴേയ്ക്കും ആയുധശക്തിയും ആൾബലവും നാമമാത്രമായിത്തീർന്നു. ഭക്ഷിണകരം നഷ്ടപ്പെട്ടു! ഉദ്ദാഗ്രസ്ഥനായ ആ വൃദ്ധരാജാവിനു് നാതിവിളംബം ആക്രമണത്തിനു് എത്തിച്ചേർന്ന വമ്പിച്ച കമ്പനിപ്പടയോടു് നേരിടേണ്ടിവന്നു. കൈയിലെ വ്രണം അധികരിക്കുകയാൽ ഏപ്രിൽ 26-ാംനു-, സ്വതന്ത്രനായ ആ ദേശോദ്ധാരകന്റെ ഹരിതപതാകയുടെ ശീതളച്ഛായയിൽ നിത്യശാന്തി നകർന്നു!!

കുവർസിംഹൻ മൃതനായതിനു ശേഷം അദ്ദേഹത്തിന്റെ അനുജനായിരുന്ന അമരസിംഹന്റെ (അമർസിംഹ്) ജഗദീശപുരത്തിലെ രാജാവായി. അദ്ദേഹം സൈന്യശക്തിയെ വിപുലമാക്കുകയും "ആര"യെ ആക്രമിക്കുകയും ചെയ്തു. ജ്യേഷ്ഠനെപ്പോലെത്തന്നെ അനുജനും ആയോധനകലയിൽ അതിനിപുണനായിരുന്നു. ആംഗ്ലേയരുടെ പ്രത്യാക്രമണോദ്യമങ്ങളെല്ലാം വിഫലമായി.

"അമർസിംഹ"

അവസാനം "ജനറൽ ഡഗ്ലസ്" ഏഴു വിപുലസൈന്യത്തെ ശേഖരിച്ചു് ഏഴുഭാഗങ്ങളിൽക്കൂടി ജഗ

ദീശപുരത്തെ വളഞ്ഞു. അമർസിംഹ് അല്പം അന്ത യാത്രികളോടുകൂടി ശത്രുസേനയെ ഭേദിച്ച് ഒരുവിധം രക്ഷപ്പെട്ടു. അങ്ങനെ ജഗദീശ്പുർ വീണ്ടും കമ്പനി ക്കാരുടെ കീഴിലായി.

ആംഗലേയസേന അമരസിംഹനെ പിന്തുടർന്നു. പലപ്പോഴും ശത്രുക്കളുടെ കൂട്ടക്കിൽ പെട്ടുവെങ്കിലും തന്ത്രശാലിയായ അദ്ദേഹം അവിടെനിന്നെല്ലാം രക്ഷ പ്രാപിച്ചു. പിന്നീട് അമർസിംഹ് രാജാവിനെപ്പറ്റി യാതൊരു വിവരവും കിട്ടുകയുണ്ടായില്ല.

*　　*　　*　　*

ജഗദീശപുരം (ജഗദീശ്പുർ) വീണ്ടും വെള്ള ക്കാരുടെ അധീനത്തിലായപ്പോൾ അവിടത്തെ അന്ത: പുരനാരികൾ ശത്രുകരങ്ങളിൽ പെടാതിരിക്കുവാൻ വേണ്ടി സ്വയം പീരങ്കിപ്രയോഗം ചെയ്ത് മൃത്യുദേവ തയെപ്പുൽകി സംതൃപ്തകളായി!!

*　　*　　*　　*　　*

2. മദ്ധ്യസംസ്ഥാനവും ദക്ഷിണേന്ത്യയും:—

1857-ലെ മഹാവിപ്ലവം ഉത്തരഭാരതത്തിലെന്ന പോലെ മദ്ധ്യഭാരതത്തിലും ദക്ഷിണേന്ത്യയിലും വ്യാ പിക്കുകയുണ്ടായില്ല. അങ്ങനെ സർവ്വത്ര വ്യാപ്തമായിരു ന്നുവെങ്കിൽ മദ്രാസിലേയും ബോംബെയിലേയും ആം ഗലസൈനികർ വടക്കെ ഇന്ത്യയിലെ വിപ്ലവകാരിക ളെ അമർത്തുവാൻവേണ്ടി നിയുക്തരാകുമായിരുന്നില്ല.

ഉത്തരഭാരതത്തിലെ വിപ്ലവപ്രചാരകന്മാർ ദക്ഷി
ണേന്ത്യയിൽ പ്രവേശിച്ചു് പ്രചരണം നടത്തുകയുണ്ടാ
യി. പക്ഷെ ഇംഗ്ലീഷുകാക്കു് അവിടങ്ങളിലെ സ്ഥിതി
ങ്ങളെ 'മുളയി'ൽത്തന്നെ നിർദ്ദയം നുള്ളിക്കളയുവാൻ
കഴിഞ്ഞു.

ലണ്ടനിൽനിന്നു് മടങ്ങിയെത്തിയ ''രംഗോ
ബാപുജി'' സത്താറയിൽ സ്ഥിതിചെയ്തു് നാനാസാ
ഹേബുമായി കത്തിടപാടുകൾ

രംഗോ ബാപുജി

നടത്തിയ വിവരം ആദ്യം പ്ര
സ്താവിച്ചിട്ടുണ്ടല്ലൊ. അദ്ദേ
ഹം ദക്ഷിണേന്ത്യയിലെ രാജാക്കന്മാരേയും പ്രഭുക്കന്മാ
രേയും മറ്റും സ്വാതന്ത്ര്യസമരത്തിൽ സംബന്ധിതരാ
ക്കുവാൻ സർവ്വഥാ യത്നംചെയ്തു 1857 ജൂലായ്
13-ാംനു- ''കോൽഹാപൂരി''ലെ ഇന്ത്യൻപട്ടാളം വി
പ്ലവം തുടങ്ങിയെങ്കിലും ആംഗലേയർ അതിനെ അതി
വേഗം അടിച്ചമർത്തി. ഡിസമ്പറിൽ അവിടെ വീണ്ടും
സ്വാതന്ത്ര്യസമരം സമാരംഭിച്ചുവെങ്കിലും ഇത്തവണയും
കമ്പനിക്കാർ വിജയിച്ചു. അവർ ദാനവസഹജമായ
ദമനം തുടങ്ങി. അസംഖ്യം കോൽഹാപുർ നിവാസിക
ളെ പീരങ്കികൊഴലിന്റെ മുമ്പിൽ നിർത്തി ഭസ്മമാക്കി!!

ആഗസ്തിൽ ''ബെൽഗാവി''ലെ ഭാരതീയഭടന്മാ
രും വിപ്ലവത്തിനു മുതിർന്നു. പക്ഷെ ആംഗലേയർ
ആരംഭത്തിൽത്തന്നെ ആ സംരംഭത്തെ, ആസുരമർദ്ദനം
അംഗീകരിച്ചു്, അസഫലമാക്കി. രംഗോബാപുജിയു

ടെ ടങ്ങരു മകനെ തൂക്കിലേറ്റി. ബാപൂജിയെ ബന്ധനസ്ഥനാക്കാനുള്ള കമ്പനിക്കാരുടെ കുതന്ത്രങ്ങൾ പരാജയപ്പെട്ടു.

ബോംബേയിലെ ഇന്ത്യൻപട്ടാളക്കാർ വിപ്ലവത്തിലേപ്പെട്ടുവാനും ആദ്യം ബോംബേനഗരത്തെയും പിന്നീട് 'പൂന'യെയും (Poona) കരസ്ഥമാക്കി നാനാസാഹേബിനെ ''പേശ്വ''യാക്കുവാനും ഗൂഢാലോചനകൾ നടത്തുകയുണ്ടായി. എന്നാൽ ആ 'രഹസ്യം' ഗ്രഹിച്ച കമ്പനിക്കാർ കുറെ പട്ടാളക്കാരെ കഴുമരത്തിലേറുകയും ചിലരെ നാടുകടത്തുകയും ചെയ്തു. അങ്ങനെ ആ 'വിപ്ലവാരംഭം' ആളിക്കത്തുന്നതിനു മുമ്പുതന്നെ ആറിത്തണുത്തു. 'നാഗ്പൂരി'ലെ വിപ്ലവോദ്യമവും അപൂർണ്ണതയിൽ അവസാനിച്ചു!

"ജബൽപൂർ" സംസ്ഥാനത്തിലെ "ശങ്കർസിംഹ"" (ശങ്കരസിംഹൻ) എന്ന രാജാവും, അദ്ദേഹത്തിന്റെ പുത്രനും ഭാരതീയഭടന്മാരെ സ്വാധീനപ്പെടുത്തി വിപ്ലവത്തിനു് സന്നദ്ധരായി. പക്ഷെ ചില 'വിഭീഷണ'ന്മാരുടെ സാഹായ്യത്താൽ ആംഗ്ലേയർ അവരെ ബന്ധനസ്ഥരാക്കുകയും 1857 സപ്തമ്പർ 18-ാംനു പീരങ്കിയുണ്ടകൾക്കു് ഇരയാക്കുകയും ചെയ്തു. അങ്ങനെ കമ്പനിക്കാർ കുതന്ത്രങ്ങളും ക്രൂരമർദ്ദനവും കൈക്കൊണ്ടു് പല വിപ്ലവസംരംഭങ്ങളേയും വിഫലമാക്കി!!

* * * *

3. ഹൈദരബാദ്:—

ജനസംഖ്യകൊണ്ടും ധനസമൃദ്ധികൊണ്ടും പ്രഥമ സ്ഥാനം വഹിയ്ക്കുന്ന ഒരു നാട്ടുരാജ്യമാണ് ഹൈദരബാദ്. അവിടത്തെ പ്രജകളിൽ ഭൂരിഭാഗം ഹിന്ദുക്കളാണെങ്കിലും ഭരണാധികാരി ''നിജാം'' (നൈസാം) എന്ന സ്ഥാനപ്പേരിലറിയപ്പെടുന്ന മുസൽമാൻരാജാവാണ്. വിപ്ലവകാലത്ത് അവിടത്തെ നൈസാം ''അഫ്സലുദ്ദൗലാ''യും മന്ത്രി ''സർ സാലാർ ജംഗ്''ആയിരുന്നു, അവർ ഇരുപേരും 1857ലെ സ്വാതന്ത്ര്യസമരത്തിൽ പങ്കുകൊണ്ടിരുന്നുവെങ്കിൽ ദക്ഷിണഭാരത്തിലെ ആംഗലശക്തി അസ്തംഗമിയ്ക്കുമായിരുന്നു. പക്ഷേ നൈസാമും മന്ത്രിയും ദേശത്തെ വഞ്ചിയ്ക്കുകയും വിദേശ്രികളെ സഹായിയ്ക്കുകയുമാണ് ചെയ്തത്!! ജനത വിപ്ലവത്തിനു് അനുകൂലമായിരുന്നു. അവക്കിടയിൽ ചില സമരോദ്യമങ്ങൾ നടന്നുവെങ്കിലും നേതാക്കന്മാരെന്ന സംശയം തോന്നിയവരെയെല്ലാം നൈസാം ബന്ധനസ്ഥരാക്കി ഇംഗ്ലീഷുകാരെ രക്ഷിച്ചു. കമ്പനിപ്പട്ടാളത്തിന്റെ സഹായത്തോടുകൂടി വിപ്ലവകാരികളെ വേട്ടയാടിപ്പിടിച്ചു കൊല്ലുവാനും നൈസാം മടിച്ചില്ല. വിപ്ലവകാലത്ത് തങ്ങളെ സഹായിച്ചതിനു പകരമായി ഉസ്മാനാബാദ്, രായ്പൂർ എന്നീ ജില്ലകൾ കമ്പനിക്കാർ നൈസാമിനു് മടക്കിക്കൊടുത്തു.

* * * *

4. ജോരാപുർ:—

ഹൈദരാബാദിനു് സമീപമുണ്ടായിരുന്ന മറെറാരു ചെറുനാട്ടുരാജ്യമായിരുന്നു ‘‘ജോരാപുർ.’’ അവിടത്തെ രാജാവിനു് അനു് ഇളംപ്രായമായിരുന്നു. എങ്കിലും ആ ‘‘കുട്ടിരാജാവു്’’ വിപ്ലവവാദിയായിരുന്നു. അദ്ദേഹം സ്വാതന്ത്ര്യസമരത്തിനു് സന്നദ്ധനായി. ആ ‘‘ബാലഭ്രപാലൻ’’ ഹൈദരബാദിൽ ചെന്നപ്പോൾ സർ സാലാർ ജംഗു് (നൈസാമിന്റെ മന്ത്രി) അദ്ദേഹത്തെ ബന്ധനസ്ഥനാക്കി കമ്പനിക്കാർക്കു് ‘‘തിരുമുൽക്കാഴ്ച’’വെച്ചു!! കുട്ടിക്കിൽപെട്ട ആ വീരസിംഹം പ്രദർശിപ്പിച്ച ധൈര്യവും സ്ഥൈര്യവും പ്രശംസാർഹമായിരുന്നു. അന്യവിപ്ലവനേതാക്കന്മാരുടെ പേരുകൾ പറഞ്ഞുകൊടുക്കുന്നപക്ഷം അദ്ദേഹത്തെ വിമുക്തനാക്കാമെന്നു് ആംഗലേയർ വാഗ്ദത്തംചെയ്തു. പക്ഷേ ആ ദേശഭക്തൻ അതിനു വഴിപ്പെട്ടില്ല. ആ ധീരൻ പറഞ്ഞു:—‘‘പീരങ്കിയോ, തൂക്കുമരമോ, ബന്ധനമോ വഞ്ചനയെപ്പോലെ ഭയങ്കരമല്ല!’’ അദ്ദേഹത്തെ കാരാഗൃഹത്തിലേക്കു് നയിക്കുകയായിരുന്നു. ബന്ധനത്തേക്കാൾ മരണത്തെ പ്രിയപ്പെട്ടിരുന്ന ആ ആത്മാഭിമാനി ആംഗലഭടന്റെ കൈത്തോക്കു് കൈവശപ്പെടുത്തി സ്വയം വെടിവെച്ചു് വീരസ്വർഗ്ഗം പൂകി!!

* * * *

5. നാരഗ്രണ്ടു്:—

''നാരഗ്രണ്ടു്'' നാട്ടരാജ്യത്തിലെ രാജാവായിരുന്ന ''ഭാസ്കരറാവു് ബാബാ സാഹേബു്'' ജോരാപുർ രാജാവിന്റെ സഖാവായിരുന്നു. ബാബാസാഹേബിന്റെ ധൈര്യപ്രതാപവും ദേശപ്രേമത്തിന്റേയും ആകരമായിരുന്നു. ആ റാണിയുടെ നിരന്തരപ്രേരണകാരണം അവസാനം ബാബാസാഹേബു് വിപ്ലവത്തിന്നൊരുങ്ങി. കമ്പനിപ്പട്ടാളത്തെ അദ്ദേഹം നിഷ്പ്രയാസം തോല്പിച്ചുവെങ്കിലും സഹോദരൻതന്നെ ''വിഭീഷണ''നായിത്തീർന്നതിനാൽ അനന്തരം അപജയവും ബന്ധനവും വരിയ്ക്കേണ്ടിവന്നു. 1858 ജൂൺ 12-ാംനു കമ്പനിക്കാർ ആ ദേശഭക്തനെ തൂക്കുമരത്തിലേറ്റി!!

* * * * *

അന്ത്യഘട്ടത്തിൽ റങ്കൂൺ, ബർമ്മ എന്നിവിടങ്ങളിലും വിപ്ലവാനലൻ കത്തിപ്പിടിച്ചുവെങ്കിലും അതിവേഗം കെട്ടടങ്ങി.

* * * * *

6. പഞ്ചാബു്:—

1857ലെ മഹാക്രാന്തിയുടെ കേന്ദ്രസ്ഥലം ഡൽഹിയിലായിരുന്നു. ബഹാദുർഷാഹു് ചക്രവർത്തിയുടെ പേരിലാണു് സ്വാതന്ത്ര്യസമരം സമാരംഭിച്ചതു്. വിപ്ലവകാരികളുടെ ആശാകേന്ദ്രമായിരുന്ന ബഹാദുർഷാഹു്. ക്രാന്തികാരികളുടേയും കമ്പനിക്കാരുടേയും കണ്ണിൽ

കഠം കരുപോലെ ദില്ലിമേൽ പതിഞ്ഞു. ദേശഭക്തന്മാരുടെ സേനയും ധനവും ദൽഹിയിലേയ്ക്ക് ഒഴുകിത്തുടങ്ങി. വിപ്ലവവഹനി തലസ്ഥാനനഗരിയിൽ ആളിക്കത്തി!!

മേലിൽ അന്യരുടെ ധാർമ്മികവിഷയങ്ങളിൽ കമ്പനിക്കാർ കൈയിടുന്നതല്ലെന്നും ഇന്ത്യൻപട്ടാളക്കാർക്ക് ആവശ്യമായ വെടിയുണ്ടകഠം അവർതന്നെ ഉണ്ടാക്കാമെന്നും ആംഗലേയരുടെ ചോറതിനന്നതിനു ഭാരതീയഭടന്മാർ കൂറുകാണിക്കേണ്ടതാണെന്നും മറും ഗവർണ്ണർജനറാളായിരുന്ന കാനിങ്പ്രഭു വിളംബരപ്പെടുത്തി പക്ഷെ അതുകൊണ്ട് യാതൊരു ഫലവുമുണ്ടായില്ല.

കാനിങ്പ്രഭു മദ്രാസ്, കല്ക്കത്ത, റങ്കൂൺ എന്നിവിടങ്ങളിൽനിന്ന് സേനകളെ സംഭരിച്ച് ജനറൽ നീലിന്റെ നേതൃത്വത്തിൽ ബനാറസ്സിലേയ്ക്കും അല്ലഹാബാദിലേയ്ക്കും അയച്ചു. പ്രധാനസേനാപതിയായിരുന്ന ജനറൽ ഹ്യൂൻസൺ അപ്പോഠം സിംലയിലായിരുന്നു. പഞ്ചാബിൽനിന്ന് സൈന്യത്തെ സംഭരിച്ച് ദൽഹിയെ ആക്രമിക്കുവാനായി അദ്ദേഹം നിയുക്തനായി.

ദൽഹി വീണ്ടും കരസ്ഥമാക്കേണമെങ്കിൽ പഞ്ചാബിൽനിന്നു മാത്രമേ സൈന്യസഹായം ലഭിക്കുകയുള്ളുവെന്നും പുനരാക്രമണത്തിന് പഞ്ചാബിനെ പശ്ചാത്തലമാക്കുന്നത് ഉത്തമമായിരിക്കുമെന്നും ജനറൽ ഹ്യൂൻസൺ ഗ്രഹിച്ചു. പഞ്ചാബിലെ ചീഫ്

കമ്മീഷണറായിരുന്ന സർ ജോൺ ലോറൻസ് പഞ്ചാ
ബികളെ—പ്രത്യേകിച്ച് സിക്കുകാരെ (ശിഖരെ)—
വശത്താക്കുവാനായി നാനാവിധനയങ്ങൾ കൈ
ക്കൊണ്ടു.

ഔരംഗസേബിനെപ്പോലെയുള്ള മുസൽമാൻ ച
ക്രവർത്തികൾ ശിഖമതത്തെയും സിക്കുകാരേയും നിര
ന്തരം ദ്രോഹിച്ചുപോന്നതും സിക്കുകാരുടെ വന്ദ്യഗുരു
വായിരുന്ന ''തേഗ് ബഹാദ്ദരി''ന്റെ ശിരസ്സ് അറു
ത്തുകളഞ്ഞതും മറവും അവരുടെ സ്മരണയിൽ കൊണ്ടു
വന്നു. തങ്ങളുടെ ഗുരുവിന്റെയും മതത്തിന്റെയും വി
രോധികളോട് പകരം ചോദിയ്ക്കുവാനുള്ള സുവർണ്ണാവ
സരത്തെ പാഴാക്കാതെ കമ്പനിക്കാരെ സഹായിയ്ക്കുവാ
നും അങ്ങനെ ശത്രുക്കളോടുള്ള പകവീട്ടി സംതൃപ്തരാ
കുവാനും സർ ജോൺ സിക്കുകാരോട് ഉപദേശിച്ചു.
''സിക്കുകാരെ സംഹരിയ്ക്കുവിൻ'' എന്നാണ് ബഹാ
ദ്ദർശാഹ് ചക്രവർത്തി പുറപ്പെടുവിച്ച പ്രഥമാജ്ഞ
യെന്നു വെളിപ്പെടുത്തുന്ന ഒരു വ്യാജവിളംബരം സ
മ്രാട്ടിന്റെ പേരുംവെച്ച് തെരുവുതോറും തൂക്കിയിരു
ന്നതു് അക്കാലത്തു് കാണാമായിരുന്നു!!

ആംഗ്ലേയരുടെ കുപ്രചരണവും കുതന്ത്രവും കാര
ണമായി സിക്കുകാർ വിപ്ലവവിരോധികളായിത്തീർന്നു.
ബഹാദ്ദർശാഹ് ചക്രവർത്തിയും ആദ്യവിപ്ലവനേ
താക്കന്മാരും സിക്കുകാരേയും സിക്കുരാജാക്കന്മാരേയും
സഹായത്തമാക്കുവാൻ സവ്വാത്മനാ യത്നിച്ചു. ചക്രവ

ത്തിയാൽ നിയുക്തനായ ''താജ്ജുദ്ദീൻ'' എന്ന രാജ്ഞിതൻ പട്ടാള, നാഭാ, ഝിന്ദ മുതലായ നാട്ടരാജ്യങ്ങളിലെ നരേശന്മാരേയും അന്യശിഖപ്രമാണികളേയും സമീപിച്ചു'' ''സ്വാതന്ത്ര്യസമരസന്ദേശം'' അറിയിച്ചു. തദനന്തരം ചക്രവർത്തി അശ്വാരൂഢരായ ചില ദൂതന്മാരെ മേല്പറഞ്ഞ രാജാക്കന്മാരുടെ അടുക്കലേയ്ക്കു വീണ്ടും അയച്ചു. ആംഗലേയക്കു് വശംഗതനായിരുന്ന ആ ഭൂപാലന്മാർ സമ്രാട്ടിന്റെ നിമന്ത്രണത്തേയും സന്ദേശത്തേയും തിരസ്കരിക്കുകയും സന്ദേശവാഹകന്മാരെ സംഹരിക്കുകയും ചെയ്തു.

പഞ്ചാബികളെ സ്വപക്ഷത്തിൽ ചേർക്കുവാൻ സർജോൺ ലോറൻസു് പല ഉപായങ്ങളും കൈക്കൊണ്ടു. പഞ്ചാബിലെ ജനങ്ങളിൽനിന്നു് കമ്പനിക്കാർ ആറുശതമാനം പലിശയ്ക്കു് പണം കടം വാങ്ങിത്തുടങ്ങി ഈ സംഖ്യ ഇംഗ്ലീഷുകാർക്കു് വിഷമഘട്ടത്തിൽ ഉപയുക്തമായി. മാത്രമല്ല കടംകൊടുത്തവർ കമ്പനിയുടെ ഭരണത്തിൻകീഴിൽ കഴിയുന്നതാണു് കാര്യമെന്നു കരുതുവാനും തുടങ്ങി.

ലക്നൌവിലെ വിപ്ലവകാരികൾ കാബൂളിലെ അമീറായിരുന്ന ദോസ്തുമുഹമ്മദുഖാനുമായി കത്തിടപാടുകൾ നടത്തിയതു് ഇംഗ്ലീഷുകാർ ഗ്രഹിച്ചു. അതിർത്തിപ്രദേശത്തിലെ മുസൽമാന്മാരെ അധീനത്തിൽ നിർത്തുവാനായി കണക്കറ ധനം കോരിച്ചൊരിഞ്ഞു; അനേകം മുല്ലമാരെ പ്രചാരകന്മാരായി നിശ്ചയിച്ചു.

പഞ്ചാബിലെ ഹിന്ദുക്കളും മുസൽമാന്മാരുമായ പട്ടാളക്കാരും അവിടത്തെ ഹിന്ദുമുസ്ലീം ജനതയും സ്വാതന്ത്ര്യസമരത്തിനോടു് സഹാനുഭൂതിയുള്ളവരായിരുന്നു. ലാഹോറിന്റെ സമീപത്തുള്ള ''മിയാംമീറി'' ലായിരുന്നു പഞ്ചാബിലെ പ്രധാന പട്ടാളപ്പാളയം സ്ഥിതിചെയ്തിരുന്നതു്. മിയാംമീറിലെ ഭാരത്തീയഭടന്മാർ ആദ്യമായി ലാഹോർകോട്ടയെ കീഴടക്കുവാനും തദനന്തരം പേഷാവാർ, അമൃതസർ, ജാലന്ധർ എന്നിവിടങ്ങളിലെ ഇന്ത്യൻപട്ടാളക്കാർ (സിക്കുകാരൊഴികെ) ഒരേസമയം വിപ്ലവം തുടങ്ങുവാനും പഞ്ചാബിൽ ഗൂഢാലോചനകൾ നടക്കുകയുണ്ടായി

മിയാംമീറിലെ പട്ടാളക്കാർ റോബർട്ടു് മാണ്ഡ്ഗുമറിയുടെ അധീനത്തിലായിരുന്നു. മീററ്റിൽ വിപ്ലവം പൊട്ടിപ്പുറപ്പെട്ട ഉടനെ ബുദ്ധിമാനായ ആ സേനാപതി പീരങ്കിയുടേയും വെള്ളപ്പട്ടാളത്തിന്റേയും അഭിമുഖ്യത്തിൽ അവിടത്തെ ഇന്ത്യൻപട്ടാളക്കാരെക്കൊണ്ടു് ആയുധം വെപ്പിച്ചു. ലാഹോർകോട്ടയിലുണ്ടായിരുന്ന ഭാരതീയഭടന്മാരേയും നിരായുധരാക്കി. അവരുടെ സ്ഥാനത്തു് വെള്ളപ്പട്ടാളക്കാർ നിയുക്തരായി.

''പേഷാവറി''ലെ ഇന്ത്യൻപട്ടാളക്കാർ വിപ്ലവത്തിനു് ഒരുങ്ങിയിരുന്നു. മിയാംമീറിലെ സംഭവത്തെത്തുടർന്നു് പേഷാവറിലെ ഭാരതീയഭടന്മാരെക്കൊണ്ടു് ആയുധം വെപ്പിച്ചു ഭയം വളർത്തുവാനായി അവരിൽ പലരേയും തൂക്കിലേറ്റിയും പീരങ്കിയുടെ മുന്നിൽ നി

ത്തിയും സംഹരിച്ചു. സന്ദേഹത്തെ അടിസ്ഥാനമാക്കി നിർദ്ദോഷികളായ ഭാരതീയഭടന്മാരെക്കൊണ്ടും ആയുധം വെപ്പിച്ചു. എത്രയോ വീരയോദ്ധാക്കളെ നിർദ്ദയം മർദ്ദിക്കുകയും വധിയ്ക്കുകയും ചെയ്തു. ഭാരതീയഭടന്മാരെ പീരങ്കിയുടെ മുമ്പിൽ നിർത്തി ഭസ്മമാക്കുക എന്ന ബീഭത്സകൃത്യം അന്നു് സുസാധാരണമായിരുന്നു!! ഭടന്മാരെ തോണികളിൽ കയറ്റി സിന്ധുനദിയുടെ തീവ്രപ്രവാഹത്തിൽ ഒഴുക്കിവിട്ടിരുന്നു! നിരപരാധികളായ പല പ്രമുഖവ്യക്തികളേയും ബലപൂർവ്വകം നാടുകടത്തുകയുണ്ടായി!!

* * * * *

''ഫിരോജ്പൂരി''ലെ ഇന്ത്യൻപട്ടാളം വിപ്ലവത്തിലേപ്പെട്ടുകയും വിജയലാഭത്തിനു ശേഷം ഡൽഹിയിലേയ്ക്കു് യാത്രയാവുകയും ചെയ്തു. ജാലന്ധർ, ഫിലൗർ എന്നിവിടങ്ങളിലെ ഭാരതീയഭടന്മാർ സ്വാതന്ത്ര്യസമരം സമാരംഭിച്ചു. വിജയികളായ അവർ ഫുകോപിച്ചു് ''ലുധിയാന''യിലേയ്ക്കു് പുറപ്പെട്ടു. അവർ ''സത്ലജ്'' നദിയുടെ തീരത്തിലെത്തി. വെള്ളപ്പട്ടാളവും സിക്കുകാരും നാഭാനരേശന്റെ സൈന്യവും മറുകരയിൽ മാർഗ്ഗരോധംചെയ്യാൻ വന്നുചേർന്നു. ഒടുവിൽ ഇരുസംഘക്കാരും തമ്മിൽ സമരം നടന്നു. വിപ്ലവകാരികൾ വിജയശ്രീലാളിതരും ആനന്ദഭരിതരുമായി 'ലുധിയാന'യിലെത്തി.

പഞ്ചാബിലെ ക്രാന്തികാരികളുടെ മഹത്പപൂർണ്ണ മായ കേന്ദ്രമായിരുന്ന ലുധിയാന. തന്നിവാസികൾ ആഗതരെ സ്വാഗതംചെയ്ത നഗരത്തിൽമുഴുവനും വി പ്ലവവഹനി ആളിക്കത്തി. ഒടുവിൽ ജാലന്ധർ, ഫി ലൊർ, ലുധിയാനാ എന്നിവിടങ്ങളിലെ ഇന്ത്യൻ പ ട്ടാളക്കാർ പരസ്പരം ആശ്ലേഷിക്കുകയും സ്വാതന്ത്ര്യസമ രത്തിൽ പങ്കുകൊള്ളുവാനായി വിജയഗീതം മുഴക്കി ഡൽഹിയിലേക്ക് യാത്രയാവുകയും ചെയ്തു!

*　　*　　*　　*　　*

7. സംക്ഷേപം:—

1857ൽ സമാരംഭിച്ച സ്വാതന്ത്ര്യസമരത്തിന്റെ— മഹാവിപ്ലവത്തിന്റെ—ഒരു ലഘുവിവരണം വായന ക്കാക്ക് ലഭ്യമായിരിക്കുമല്ലൊ. ഭാരതത്തിൽ 1857ൽ നടന്നത് നിസ്സാരമായ ഒരു "ശിപ്പായിലഹള"യല്ല; പ്രതൃുത തങ്ങളുടെ ജന്മാവകാശമായ സ്വാതന്ത്ര്യം പുനഃ സ്ഥാപിക്കുവാൻവേണ്ടി ഇന്ത്യൻജനതയും സേനയും ഏകോപിച്ചു നടത്തിയ വീരോചിതവും വിപുലവു മായ ഒരു സുശക്തസമരമായിരുന്നു—സശസ്ത്രവിപ്ലവ മായിരുന്നു—!!

മദ്രാസ്സൈന്യവും ഭാരതീയഭടന്മാരൊഴികെ ബാക്കിയുള്ള ബോംബേസൈന്യവും ഭാഗഭാക്കുകളായി ല്ലെങ്കിലും വിപുലമായ ബങ്കാൾസൈന്യംവിപ്ലവത്തിൽ പ്രധാനപങ്കു വഹിക്കുകയുണ്ടായി. ഡൽഹി, മീറത്ത്,

രോഹിൽഖണ്ഡം, ആഗ്ര, ബനാറസ്, അല്ലഹബാദ്, പട്ടന, ഛോട്ടാനാഗ്പൂർ, അജ്മേർ എന്നിവിടങ്ങളിൽ ''മാർഷൽലാ'' (Martial Law: പട്ടാളനിയമം) നടപ്പാക്കി. പഞ്ചാബിലും അവധത്തിലും പട്ടാളഭരണം പ്രഖ്യാപിച്ചപോലെയാണ് ഭരണാധികാരികൾ പ്രവർത്തിച്ചത്. ഡൽഹിയും, അവധവും, രോഹിൽഖണ്ഡവും ബുന്ദേൽഖണ്ഡവും വിദേശാധിപത്യത്തിൽനിന്ന് അതിവേഗം മുക്തിനേടി. വിപ്ലവം തുടങ്ങിയ ഉടനെ ഇറലിയിൽനിന്ന് ഇന്ത്യയിലേയ്ക്ക് കുതിച്ചെത്തിയ ''സർ റിച്ചാർഡ് ടെമ്പൾ'' (Sir Richard Temple) പഞ്ചാബിലേയ്ക്കുള്ള മാർഗ്ഗങ്ങളെല്ലാം അടഞ്ഞുകണ്ടു!! പേർസ്യയിൽനിന്നു മടങ്ങിയെത്തിയ ''ജനറൽ ഹോവലോക്കി''ന്ന് കരവഴിയായി ഡൽഹിയിലേയ്ക്ക് ചെല്ലുവാൻ സാദ്ധ്യമായില്ല; കടൽവഴിയായി കല്ക്കത്തയ്ക്ക് തിരിയ്ക്കേണ്ടിവന്നു!! കല്ക്കത്തയിലെ കമ്പനിഗവർമ്മേണ്ടിന്ന് അവരുടെ സൈന്യാധിപന്മാരിൽനിന്ന് ഒരു സന്ദേശവും കുറച്ചുകാലത്തോളം ലഭിയ്ക്കുകയുണ്ടായില്ല; ലാഹോർ, ബോംബേ മുതലായ സ്ഥലങ്ങളിലൂടെ വളഞ്ഞുതിരിഞ്ഞാണ് യുദ്ധവൃത്താന്തങ്ങൾ കല്ക്കത്തയിലെത്തിയിരുന്നത്!!

മിയ്ക്കസ്ഥലങ്ങളിലും വിപ്ലവത്തിൽ പട്ടാളക്കാരോടൊപ്പം (ശിപ്പായികളോടൊപ്പം) ജനതയും ക്ഷുഭിതമായി പങ്കുകൊണ്ടു. നാട്ടുകാരും പട്ടാളവും ഒരുസമയത്തു് ബ്രിട്ടീഷ് ഭരണത്തെ എതിർത്തുപോരാടി.

ഒരുത്തള്ളി ഇന്ത്യൻരക്തമെങ്കിലും ചിന്താതെയാണ് രോഹിൽഖണ്ഡത്തിലെ പട്ടാളക്കാരും പോലീസ്സുകാരും പൌരന്മാരും ഏകോപിച്ച് ഒരു ദിവസംകൊണ്ടു് ഇംഗ്ലീഷുകാരെ 'നാടുകടത്തി'യത്രേ! അവധത്തിൽ സൈന്യമാണു് മുന്നിട്ടനിന്നു് പ്രവർത്തിച്ചതു്. അവധത്തിലെ ബ്രിട്ടീഷുഭരണം പത്തുദിവസംകൊണ്ടു് അവസാനിച്ചു. അവധത്തിൽ അല്പദിവസങ്ങൾക്കുള്ളിൽ പട്ടാളക്കാർക്കു പുറമെ ലക്ഷക്കണക്കിൽ ജനങ്ങൾ സ്വാതന്ത്ര്യഭടന്മാരായിച്ചേർന്നു് പോരാടി. മിക്ക ഗ്രാമങ്ങളും കോട്ടകളായി രൂപാന്തരപ്പെട്ടു. ഗ്രാമീണരാകട്ടെ സൈനികരേക്കാൾ ശക്തിയോടും സമർത്ഥതയോടുംകൂടി സമരംചെയ്തു!!

ദൽഹി (ദില്ലി) കരസ്ഥമായതോടുകൂടി ക്രാന്തികാരികളുടെ അന്തസ്സു് വർദ്ധിച്ചു. അവർക്കു് ഒരു ഉത്തമനേതാവും (ചക്രവർത്തി) പതാകയും മഹാലക്ഷ്യവും കൈവന്നു. ലഹള മഹാവിപ്ലവമായി രൂപാന്തരപ്പെട്ടു. മാത്രമല്ല ദില്ലിയിലെ ശസ്ത്രഭണ്ഡാരം (ആയുധപ്പുര) കരഗതമായതിനാൽ അവരുടെ ആയുധശക്തിയും അധികമായി!!

ജനത വെള്ളക്കാരെ വെറുപ്പോടുകൂടിയാണു് വീക്ഷിച്ചിരുന്നതു്! അവധത്തിൽ ക്രാന്തികാരികൾ ഭക്ഷണസാമഗ്രികളില്ലാതെ മുന്നേറിയിരുന്നു. അവർക്കു് ആവശ്യമായ ആഹാരം ജനങ്ങളിൽനിന്നു് ലഭിച്ചിരുന്നു. മിക്ക സ്ഥലങ്ങളിലും പട്ടാളക്കാർക്കു് പുറമെ പോ

ലീസ്സുകാരും മറ്റു് ഇന്ത്യൻ ഉദ്യോഗസ്ഥന്മാരും വിപ്ല വത്തിൽ സംബന്ധിയ്ക്കയുണ്ടായി.

ബ്രിട്ടീഷുകാരോടു ബന്ധം പുലർത്തിയ ധനിക വർഗ്ഗം സംശയഗ്രസ്തരായിത്തീർന്നു! ആംഗലശക്തി അസ്തംഗമിയ്ക്കുമെന്നു് അവർ ഭയന്നു. വെള്ളക്കാർക്കു് ബലക്ഷയം നേരിടാതിരുന്ന പഞ്ചാബിൽനിന്നുപോലും അവർക്കു് ആവശ്യമായ കടം ലഭിയ്ക്കയുണ്ടായില്ല. വിപ്ലവംകാരണം കമ്പനിഗവർമ്മേണ്ടിന്റെ വരുമാനത്തിൽ 15,000,00 കോടി പവൻ കുറയുകയുണ്ടായി. സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്തുവാൻ കോടിക്കണക്കിൽ പവൻ ചെലവഴിയ്ക്കേണ്ടിവന്നു. തന്മൂലം ഇന്ത്യയുടെ പൊതുക്കടം പൂർവ്വാധികം പെരുകി. വ്യാപാരത്തിനും വമ്പിച്ച ഉടവുതട്ടി!!

വിപ്ലവത്തിന്റെ പ്രഥമവർഷത്തിൽത്തന്നെ 30,000 ഭാരതീയഭടന്മാരും 10,000 സായുധരായ സാധാരണ ജനങ്ങളും ബ്രിട്ടീഷുകാരോടു് സമരംചെയ്തു് വീരസ്വർഗ്ഗം പ്രാപിച്ചു. വെള്ളക്കാരുടെ ''ഭമനചക്ര''ത്തിനു് —പകവീട്ടലിനു്— പാത്രമായി മരണമണഞ്ഞവരുടെ സംഖ്യ ''ഭയപ്രദ''മാകുമാറു് അത്രയും വമ്പിച്ചതായിരുന്നു!!

ഇറവലിയോളം വിസ്തീർണ്ണമുള്ള ഭൂഭാഗം ക്രാന്തികാരികളുടെ അധീനതയിൽ വന്നുചേർന്നു. 100,000 ചതുരശ്രനാഴിക വിസ്താരമുള്ള ഭൂമിയും 38,000,000 ജനങ്ങളും അവരുടെ കീഴിൽ ഉൾപ്പെടുകയുണ്ടായി!

* * * * *

ഇത്രയും വ്യാപ്തവും സുശക്തവുമായ സംസ്കൃവി പ്പുവിനെ വെറും ''ശിപ്പായിലഹള''യായി ചിത്രീക രിച്ചവരുടെ ഉദ്ദേശ്യശുദ്ധി ചോദ്യം ചെയ്യത്തക്ക താണു.

* * * * *

11. അപജയകാരണങ്ങൾ

വിദേശികളുടെ അധീനതയിൽനിന്നു് മാതൃഭൂമിയെ വിമുക്തയാക്കുവാൻവേണ്ടി 1857ൽ സമാരംഭിച്ച സമരം സ്വാർത്ഥബുദ്ധികളായ ദേശദ്രോഹികളുടെ നീചകൃത്യങ്ങൾകാരണം വിഫലമായി. ആംഗലാധികാരം ഭാരതഭൂമിയിൽ ബലപ്പെട്ടു. തൊണ്ണൂറുവർഷങ്ങൾകൂടി ഭാരതവാസികൾ അടിമത്തമാകുന്ന തിക്തഫലം അനുഭവിക്കുവാൻ നിർബ്ബന്ധരായി!!

1857ലെ മഹാവിപ്ലവം അപജയത്തിൽ കലാശിച്ചതിന്റെ കാരണങ്ങൾകൂടി ആരായുന്നതു് അവസരോചിതമായിരിക്കും. അതിപ്രധാനങ്ങളായ ചില കാരണങ്ങൾ താഴെ വിവരിയ്ക്കാം.

1. ആദ്യനിശ്ചയത്തിനനുസരിച്ചു് 1857 മെയ് 31-ാംനു- ഒരേസമയത്തു് സർവ്വത്ര സ്വാതന്ത്ര്യസമരം സമാരംഭിച്ചിരുന്നുവെങ്കിൽ ആംഗലേയർക്കു് ഇന്ത്യയെ വീണ്ടും കരഗതമാക്കുവാൻ കഴിയുമായിരുന്നില്ല. പക്ഷെ ഭാഗ്യഹീനത ഹേതുവായി ''മീററ്റി''ലും മറ്റും നിശ്ചിതസമയത്തിനു മുമ്പുതന്നെ വിപ്ലവാനലൻ പടർന്നുപിടിച്ചു.

2. ഇന്ത്യയിലെ ''സിക്കു''കാരും ''ഗ്രൂർക്ക''രും (ശിഖരും ഗോരഖരും) ദേശദ്രോഹികളും ശത്രുസഹായികളുമായി വർത്തിച്ചതാണു് അപജയത്തിന്റെ മറ്റൊരു മുഖ്യകാരണം. പഞ്ചാബികളായ ''സിക്കു''കാരുടെ

സഹായത്താൽ ദൽഹിയും നേപ്പാളികളായ ''ഗ്രൂക്ക്''രുടെ വന്തുണകാരണം അവധവും ആംഗലേയക്കു പിനല്കിച്ചു. കമ്പനിക്കാർ വിജയശ്രീലാളിതരാകുവാൻ വേണ്ടി ഭാരതീയരേയാശ്രയിക്കുകയാണു്-സിക്കുകാരും ഗ്രൂക്കുമാണു്--വെള്ളക്കാരോടൊരുമിച്ചു് മുന്നണിയിൽ നിന്നു് ഏറ്റവുമധികം പോരാടിയതു്. അവരുടെ സഹായവും സഹകരണവുമുണ്ടായിരുന്നെങ്കിൽ ആംഗലേയവാഴ്ച 1857ൽ തന്നെ അവസാനിയ്ക്കുമായിരുന്നു. പട്യാല, നാഭാ, ജിന്ദ് മുതലായ നാട്ടുരാജ്യങ്ങളിലെ നരേശന്മാർ, വിപ്ലവം വിപുലവും പ്രബലവുമാവുകയും വെള്ളക്കാർ വിഹ്വലരും വിനാശോന്മുഖരുമാവുകയും ചെയ്തവേളയിൽ, ക്രാന്തികാരികളെ നയിയ്ക്കുന്നതിനു പകരം, കമ്പനിക്കാരെ സർവ്വഥാ സഹായിച്ചു. അവർ ''നിഷ്പക്ഷത'' പാലിച്ചിരുന്നാലും സ്വാതന്ത്ര്യസമരം സഫലമാകുമായിരുന്നു.

3. രാഷ്ട്രത്തിന്റെ നാനാഭാഗങ്ങളിൽനിന്നും സ്വാതന്ത്ര്യസമരത്തിനു് ഖഡ്ഗകങ്കണരായി വന്നുചേർന്ന വിവിധസേനകളെ ''ഒരു ചരടിലിണക്കിക്കോർത്തു്'' അനുശാസനവിധേയങ്ങളാക്കുവാനും അനായാസം നയിയ്ക്കുവാനും കഴിവുള്ള സുയോഗ്യനേതാവിന്റെ അഭാവം ദൽഹിയുടേയും ലക്നൌവിന്റെയും പതനത്തിനു് പ്രധാനകാരണമായിത്തീർന്നു. കുലീനകുലജാതനും യുദ്ധകലാകോവിദനുമായ ഒരു അനിഷേധ്യനേതാവിന്റെ അനുപസ്ഥിതികാരണം വിപുലസേനാമദ്ധ്യേ

അവ്യവസ്ഥയും ആജ്ഞാലംഘനവും കക്ഷിവഴക്കും കലഹവും കടന്നുകൂടുകയുണ്ടായി.

4. ഗ്വാളിയോർ, ഇന്തോർ, രജപുത്താനാ എന്നിവിടങ്ങളിലെ രാജാക്കന്മാർ, വിജയത്തെപ്പറ്റി സംശയിക്കുകയാൽ, സ്വാതന്ത്ര്യസമരത്തിൽ സമ്മിലിതരായില്ല. ഗ്വാളിയോർ മഹാരാജാവായിരുന്ന ജയാജിറാവുവോ, മറേറതെങ്കിലും പ്രസിദ്ധരാജപുത്രരാജാവോ സൈന്യസമേതം ഉൽഹിയിൽചെന്നു് സമരനേതൃത്വം ഏറെറടുത്തിരുന്നുവെങ്കിൽ, 1942ൽ മഹാത്മാഗാന്ധിയ്ക്കു് ഇംഗ്ലീഷുകാരോടു് "ഇന്ത്യവിടുവിൻ" (Quit India) എന്നു പറയേണ്ടിവരുമായിരുന്നില്ല. ബഹാദുർഷാഹു് ചക്രവർത്തി ഈ നരേശന്മാരെ വിപ്ലവത്തിലേയ്ക്കു് ആനയിയ്ക്കുവാൻ ഭഗീരഥപ്രയത്നം ചെയ്തുയുണ്ടായി. തന്റെ ചക്രവർത്തിപദവും അവകാശങ്ങളും ത്യജിയ്ക്കുവാൻ പോലും തയ്യാറായി. പക്ഷെ ആ പരിശ്രമം നിഷ്ഫലമായി!

വിപ്ലവം—പ്രത്യേകിച്ചു് അകാലവിപ്ലവം—വിജയിയ്ക്കണമെങ്കിൽ അതു സർവ്വവ്യാപകമാവണം; ഒരേ സമയത്തു് സർവ്വത്ര സമാരംഭിയ്ക്കണം. 1857-ലെ വിപ്ലവം വിപുലമായ തോതിൽ പടർന്നുപിടിയ്ക്കാതിരിയ്ക്കുവാനും ബ്രിട്ടീഷുകാർ മുൻകരുതലെടുത്തു. "ഗ്വാളിയോർ മഹാരാജാവു് വിപ്ലവത്തിൽ ഭാഗഭാക്കായാൽ എനിയ്ക്കു നാളെത്തന്നെ നാട്ടിലേയ്ക്കു് കെട്ടുകെട്ടേണ്ടിവരും" എന്നു് കാനിങ്ങ്പ്രഭു പറയുകയുണ്ടായി. ഹൈ

ദരാബാദ്, ഗ്വാളിയോർ മുതലായ നാട്ടുരാജ്യങ്ങളിലെ പ്രധാനമന്ത്രിമാരെ കമ്പനിഗവർമ്മേണ്ടാണ് തിരഞ്ഞെടുത്തിരുന്നത്. ബ്രിട്ടീഷ് ഭക്തരായ അവർ രാജാക്കന്മാരെ തെറ്റിദ്ധരിപ്പിച്ചു. മാത്രമല്ല കാനിങ്ങ് പ്രഭു നാട്ടുരാജാക്കന്മാരോടും രഹസ്യമായ ചില വാഗ്ദാനങ്ങളും ചെയ്തായുണ്ടായി.

ഭാരതമാതാവിന്റെ സൌഭാഗ്യചിഹ്നമായ "താലി"യാണ് ദില്ലി (ദൽഹി). അതു നഷ്ടപ്പെട്ടതോടുകൂടി "അമംഗലലക്ഷണങ്ങൾ" സർവ്വത്ര പ്രത്യക്ഷപ്പെട്ടു.

5. വിന്ധ്യാചലത്തിനു് വടക്കുഭാഗത്തു് വിപ്ലവം വിപുലമായതോതിൽ വളരുകയുണ്ടായി. പക്ഷേ തെക്കുഭാഗത്തു് പറയത്തക്ക സമരയത്നങ്ങളൊന്നും നടക്കുകയുണ്ടായില്ല. മദ്രാസ്, ബോംബെ, മഹാരാഷ്ട്രം മുതലായ ദക്ഷിണൈന്ത്യാപ്രദേശങ്ങളിൽ, ഉത്തരഭാരതത്തിൽ സമാരംഭിച്ചസമയത്തു് അതുപോലെ വ്യാപ്തിയും ശക്തിയുമായ വിപ്ലവം തുടങ്ങിയിരുന്നുവെങ്കിൽ അവിടങ്ങളിൽനിന്നു് കമ്പനിപ്പട്ടാളങ്ങൾ വടക്കോട്ടു നീങ്ങുമായിരുന്നില്ല; ജനറൽ നീൽ, ജനറൽ ഹേവ്ലോക്ക് മുതലായവർ ബനാറസ്, അല്ലാഹബാദ്, കാൺപൂർ, ലഖ്നൌ മുതലായ മർമ്മസ്ഥാനങ്ങൾ വീണ്ടെടുക്കുമായിരുന്നില്ല.

* * * * *

6. 1857-നുമുമ്പുതന്നെ "ക്രിമിയൻ യുദ്ധ"വും "ചൈനാസമര"വും (Crimean War & Chinese War)

അവസാനിച്ചതിനാൽ ബ്രിട്ടീഷുകാർക്ക് അവരുടെ സൈനികശക്തി മുഴുവനും പ്രയോഗിച്ച് ഇന്ത്യൻ വിപ്ലവത്തെ വിഫലമാക്കുവാൻ സൌകര്യം ലഭിച്ചു. വിപ്ലവത്തിനു് അല്പംമുമ്പ് ഇംഗ്ലീഷുകാർ പേർസ്യയെ തോല്പിക്കുകയും അഫ്ഘാൻകാരുമായി സന്ധിയിലേർപ്പെടുകയും ചെയ്തിരുന്നു തന്നിമിത്തം ബോലൻ, കൈബർ മുതലായ ചുരങ്ങൾവഴിയായി പ്രതികൂലശക്തികൾ വന്നുചേരുമെന്ന ആശങ്കയും വഴിയില്ലാതായി.

7. വടക്കുപടിഞ്ഞാറൻ ചുരങ്ങൾ മാത്രമല്ല ജലമാർഗ്ഗങ്ങളും കമ്പനിക്കാരുടെ അധികാരപരിധിയിൽ ഉൾപ്പെട്ടിരുന്നു. പഞ്ചാബും തുറമുഖപട്ടണങ്ങളും സുരക്ഷിതങ്ങളായാൽ വിപ്ലവത്തെ വിഫലമാക്കാമെന്നു് ഇംഗ്ലീഷുകാർ മനസ്സിലാക്കി. പഞ്ചാബു് നഷ്ടപ്പെടാതിരുന്നാൽ ഇന്ത്യയെ വീണ്ടും ആക്രമിച്ചു് കരസ്ഥമാക്കാമെന്നു് അവർ ദീർഘദർശനംചെയ്തു. കടൽ അവരുടെ നിയന്ത്രണത്തിലായിരുന്നതിനാൽ ബ്രിട്ടീഷ്പട്ടാളത്തേയും മറ്റും ഇന്ത്യയിൽ ഇറക്കിവിടുവാൻ അവർക്കു സൌകര്യംലഭിച്ചു. ബ്രിട്ടീഷ്സൈന്യത്തിന്റെ പകുതിഭാഗവും (1,12,000 പട്ടാളക്കാർ) ഇന്ത്യയിൽ വന്നുചേർന്നു. ഇന്ത്യയിൽനിന്നു് 3,10,000 [illegible] സൈന്യത്തിലേയ്ക്കു് വിട്ടുകൊടുക്കുകയുംചെയ്തു. ബ്രിട്ടീഷ് സൈന്യത്തിനു് പരിഷ്കൃതായുധങ്ങളും (Enfield rifle) മുതലായവ ധാരാളമുണ്ടായിരുന്നു. കമ്പിത്തപ്പാൽ മുതലായ നവീന കണ്ടുപിടുത്തങ്ങളും അവർക്കു് ഉപകാരമായിത്തീർന്നു. വിപ്ലവകാരികൾക്കു് ഇതിൽ [illegible] ആനുകൂല്യങ്ങളുണ്ടായിരുന്നില്ല.

8. വില്യം ബെണ്ടിക്ക്പ്രഭു (Lord William Bentick) ബങ്കാളിൽ നടപ്പാക്കിയ പുതിയ ഭൂവ്യവസ്ഥയും (Permanent Settlement) പല ന്യൂനതകളും ഉണ്ടായിരുന്നു. തന്മൂലം കമ്പനിക്കാർക്കു നികുതിനഷ്ടം പോലും നേരിട്ടു. പക്ഷെ ആംഗ്ലേയരെ ആശ്രയിക്കുന്ന കുറെ ജന്മികളുടെ സൃഷ്ടിക്കു അതു കാരണമായിത്തീർന്നു; അവരുടെ നന്മക്കും നിലനില്പിനും ബ്രിട്ടീഷുകാരുടെ ഭരണം അനിവാര്യമായിരുന്നു. തന്നിമിത്തം കർഷകജനതയുടെ മേൽ ആധിപത്യമുണ്ടായിരുന്ന ആ പുതിയ ജന്മിവർഗ്ഗം സ്വാർത്ഥസിദ്ധിക്കുവേണ്ടി കമ്പനിക്കാരെ സ്വാത്മനാ സഹായിച്ചു. ക്രാന്തികാരികളാകട്ടെ കൃഷകവർഗ്ഗത്തെ ഉണർത്തുവാനോ അവരെ സ്വാതന്ത്ര്യസമരത്തിനു് അണിനിരത്തുവാനോ സന്നദ്ധരായതുമില്ല.

9. 1857-ലെ വിപ്ലവത്തിനു് "ഫ്യൂഡൽ (Feudal) ഛായ"യുണ്ടായിരുന്നു. പ്രഭുക്കന്മാരുടേയും ജന്മികളുടേയും അവകാശാധികാരങ്ങൾ സുരക്ഷിതങ്ങളാക്കുവാനുതകുന്ന സമരമാണു് അതു് നടന്നതു്. വിപ്ലവനായകന്മാർ വിളംബരങ്ങൾവഴിയായി ജന്മികൾ, വ്യാപാരികൾ, ഗവർമ്മേണ്ടു് ഉദ്യോഗസ്ഥന്മാർ, ശില്പികൾ, പുരോഹിതന്മാർ മുതലായവരോടു് പല വാഗ്ദാനങ്ങളും ചെയ്തിരുന്നു. എന്നാൽ കർഷകന്മാരെ ആകർഷിക്കുവാൻ അവർ ഒരുങ്ങിയില്ല. രാഷ്ട്രത്തിന്റെ നട്ടെല്ലായ കൃഷകവർഗ്ഗത്തെ അവർ വിസ്മരിച്ചു. അധഃ

ക്കുതരേയും അവർ അവഗണിച്ചു. എന്നാലും അവധത്തിലും രോഹിൽഖണ്ഡത്തിലും മറ്റും സാധാരണജനതയുടെ സഹായസഹകരണങ്ങൾ ലഭിയ്ക്കുകയുണ്ടായി. കാരണം അവിടങ്ങളിലെ ഇന്ത്യൻപട്ടാളക്കാർ അധികവും കർഷകകുടുംബങ്ങളുമായി ബന്ധപ്പെട്ടവരായിരുന്നു.

10. ബോംബേ, മദ്രാസ് എന്നിവിടങ്ങളിലെ ഇന്ത്യൻപട്ടാളക്കാർ വിപ്ലവവിഷയത്തിൽ ശ്രദ്ധാലുക്കളായിരുന്നില്ല. അവരിൽ ഭൂരിപക്ഷം അധഃകൃതവർഗ്ഗത്തിൽപെട്ടവരായിരുന്നു. ബങ്കാൾ സൈന്യത്തിൽ (ഉത്തരേന്ത്യൻ സേനയിൽ) അധികപേരും സവർണ്ണരായ ബ്രാഹ്മണർ, രാജപുത്രന്മാർ മുതലായവരായിരുന്നു. മിയ്ക്കജന്മികളും അതേ വർഗ്ഗത്തിൽപെട്ടവരായിരുന്നു. ഈ അനുഭവം കാരണമായി ഉന്നതവംശജന്മാരെ പട്ടാളത്തിൽ ചേർക്കുന്നതിനു പകരം അധഃകൃതരെ ചേർക്കുന്നതായിരിക്കും ഉചിതമെന്നു് ആംഗലമേധാവികൾ തീരുമാനിയ്ക്കാനിടവന്നു.

ചുരുക്കത്തിൽ, വിപ്ലവനേതാക്കന്മാർ കഷ്ടകരേയും അധഃകൃതരേയും തങ്ങളുടെ കൊടിക്കീഴിൽ യഥോചിതം അണിനിരത്താതിരുന്നതു് അവരുടെ അപജയത്തിനു് ഒരു പ്രധാനകാരണമായിത്തീർന്നു. സാമന്തയുഗത്തിൽ അങ്ങനെയല്ലാതെ സംഭവിയ്ക്കാനിടയില്ലല്ലോ.

12. അനന്തരഫലങ്ങൾ

1860–ന്നുള്ളിൽ ''ആദ്യത്തെ സ്വാതന്ത്ര്യസമരം'' അടിച്ചമത്തപ്പെട്ടു! വിപ്ലവവഹ്നി നിശ്ശേഷം ആറിത്തണുത്തു!! വെള്ളക്കാരും ഇന്ത്യക്കാരും തമ്മിലുള്ള ബന്ധം ശിഥിലമായി. വിജയഗർവ്വികളായ ആംഗ്ലേയർ ഭാരതീയരെ നികൃഷ്ടരെന്നു് കരുതുവാനും വെറുക്കുവാനും തുടങ്ങി. ''തൂക്കി''നേക്കാൾ തീവ്രവും ക്രൂരവുമായ ''തോക്കി''ന്നു് നാട്ടാർ പാത്രങ്ങളായിത്തീർന്നു!! അതെ, ഏറ്റവും ജുഗുപ്സയോടുകൂടിയാണു് ഇംഗ്ലീഷുകാർ ഇന്ത്യക്കാരെ വീക്ഷിച്ചതു്!!

വിപ്ലവം അപജയത്തിൽ കലാശിച്ചതോടുകൂടി ഹിന്ദുക്കളുടേയും മുസൽമാന്മാരുടേയും ഇടയിൽ പരസ്പരം ചില തെറ്റിദ്ധാരണകൾ വളർന്നുതുടങ്ങി. പ്രഥമസ്വാതന്ത്ര്യസമരത്തിൽ ഹിന്ദുക്കളും മുസൽമാന്മാരും ഒരുപോലെ പങ്കുകൊള്ളുകയുണ്ടായി. പക്ഷെ ഹിന്ദുക്കളേക്കാൾ മുസൽമാന്മാരാണു് ബ്രിട്ടീഷുകാരോടു കൂടുതൽ വിരോധം പുലർത്തിയതു്. വെള്ളക്കാർ ഹിന്ദുക്കളേക്കാൾ അധികം ഭയപ്പെട്ടിരുന്നതു് മുസ്ലീംസമുദായത്തെയായിരുന്നു. തന്നിമിത്തം ക്രൂരമായ ബ്രിട്ടീഷ് മർദ്ദനത്തിനു് അധികം പാത്രമായിത്തീർന്നതു് മുസൽമാന്മാരായിരുന്നു. ഇരുപത്തിനാലു മുഗൾരാജകുമാരന്മാരെ ഒരേദിവസം ദൽഹിയിൽവെച്ചു് തൂക്കിക്കൊന്നു! മുസൽമാന്മാരുടെ സ്വത്തുക്കൾ കൂടുതൽ പിടിച്ചടക്കി.

ആംഗലേയർ ഭൽഹിയെ വീണ്ടെടുത്തതിനു ശേഷം ഹിന്ദുക്കളെ അങ്ങോട്ട് മടങ്ങിച്ചെല്ലുവാൻ അനുവദിച്ചു. പക്ഷെ 1859വരെ മുസൽമാന്മാർക്ക് പുനഃപ്രവേശനം ലഭിയ്ക്കുയുണ്ടായില്ല!!

വെള്ളക്കാരുടെ തീവ്രകോപത്തിനു് അധികം ഭാജനമായതു് മുസ്ലീംജനതയാണു്. വിപ്ലവത്തിൽ വലിയ പങ്കുവഹിയ്ക്കുകയും കഷ്ടനഷ്ടങ്ങൾ സഹിയ്ക്കുകയും ചെയ്ത മുസൽമാന്മാർ അത്രവേഗമൊന്നും പരാജയം സ്വീകരിയ്ക്കുകയോ ഇംഗ്ലീഷുകാരോടു് ഇണങ്ങുകയോ ചെയ്തില്ല. ചിലദിക്കിൽ അവരുടെ എതിർപ്പു് വീണ്ടും നിലനിന്നു. അവർ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു് പ്രതിക്കൂലികളായി വർത്തിച്ചു. ഹിന്ദുക്കളാകട്ടെ പാശ്ചാത്യചിന്താഗതികളും നവീനവിദ്യാഭ്യാസവുമായി ക്കൂടുതൽ ഇണങ്ങിത്തുടങ്ങുകയും തദ്വാരാ ഗവർമ്മേണ്ടു് ഉദ്യോഗങ്ങളിലും അധികാരസ്ഥാനങ്ങളിലും അതിവേഗം കടന്നുകൂടുകയുംചെയ്തു. മുസൽമാന്മാരാവട്ടെ പുതിയ സിദ്ധാന്തങ്ങളിൽനിന്നും പരിവർത്തനങ്ങളിൽനിന്നു അകന്നു് ജീവിയ്ക്കുകയാണുണ്ടായതു്. അവർ പഴയ വിശ്വാസങ്ങളും മാമൂലുകളേയും മുറുകെപ്പിടിച്ചു. വിപ്ലവത്തിനു മുമ്പുണ്ടായിരുന്ന അവരുടെ സാംസ്കാരികോത്ഥാനത്തിനു് തദനന്തരം വമ്പിച്ച കോട്ടംതട്ടി അങ്ങനെ, നിർഭാഗ്യവശാൽ, വിപ്ലവാനന്തരം ഹിന്ദുക്കളുടേയും മുസൽമാന്മാരുടേയും ഇടയിൽ ഒരുതരം വിടവു് ഏർപ്പെടുകയും ക്രമേണ അതു് അകൽച്ച, തന്ത്രശാ

ലികളായ ഇംഗ്ലീഷുകാരുടെ ''ഭിന്നിപ്പിച്ചുഭരിയ്ക്കുക'' എന്ന നയത്താൽ, വർദ്ധിയ്ക്കുകയും ചെയ്തു!! ഭാരതത്തിന്റെ ഹൃദയത്തിൽ വളർന്നുവന്ന അസുഖകരമായ ആ വ്രണം മഹാത്മാഗാന്ധിയുടെ സതതശ്രശ്രൂഷകൊണ്ടു പോലും ഉണങ്ങുകയുണ്ടായില്ല. അവസാനം അതു് ''ശസ്ത്രക്രിയ''യിൽ—ഭാരതവിഭജനത്തിൽ—പര്യവസാനിയ്ക്കുകയാണുണ്ടായതു്!!

*　　*　　*　　*　　*

ക്രിസ്താബ്ദം 1600ൽ, എലിസബത്തു് രാജ്ഞിയുടെ കാലത്തു്, ''ഈസ്റ്റ് ഇൻഡ്യാകമ്പനി'' സംസ്ഥാപിതമായി. പിന്നീടു് ഇരുപതുവർഷങ്ങൾ കഴിയുമ്പോൾ ഇംഗ്ലണ്ടിലെ ''പാർലിമെണ്ടു്'' പുതിയ ''ചാർട്ടർ''ക്കു'' പാസ്സാക്കുകയും ഈസ്റ്റ് ഇൻഡ്യാകമ്പനിയുടെ അധികാരാവകാശങ്ങളെ സുദൃഢമാക്കുകയും ചെയ്തുപോന്നു. ''കമ്പനി'' പാർലിമെണ്ടിന്റെ വെറുമൊരു ''ഏജന്റു'' മാത്രമായിരുന്നു.

ക്രപ്രസിദ്ധനായ ക്ലൈവിന്റെ കാലംവരെ കമ്പനിയുടെ കാര്യപരിധിയിൽ വാണിജ്യം മാത്രമെ ഉൾപ്പെട്ടിരുന്നുള്ളൂ. ക്ലൈവാണു് രണവും അപഹരണവും സംഭരണവും ഭരണവും സമാരംഭിച്ചതു്. ''വാറൻഹേസ്റ്റിങ്ങ്സ്'' ആദ്യത്തെ ഗവർണ്ണർ ജനറാളായി ഇന്ത്യയിൽ വന്നു. അക്കാലത്തു്, ഭാരതത്തിൽ കമ്പനിക്കാരുടെ കൈവശമുണ്ടായിരുന്ന പ്രദേശങ്ങളെ ബ്രിട്ടീഷ് രാജാവിന്റേയും പാർലിമെണ്ടിന്റേയും ഭരണത്തിൻ കീഴിൽ കൊണ്ടുവരുവാനുള്ള പരിശ്രമം നടക്കുകയു

ണ്ടായി. മുതലാളികളായ ''പ്രഭുസഭ''ക്കാരുടെ പ്രതിക്ഷേതയാൽ ആ പ്രയത്നം പരാജയപ്പെട്ടു.

1784 മുതൽ 1858വരെ, ഇംഗ്ലണ്ടിലെ മന്ത്രിസഭയുടെ കീഴിൽ സ്ഥാപിതമായ ''ബോർഡ് ഓഫ് കൺട്രോൾ'' എന്നൊരു വിഭാഗത്തിന്റെ നിയന്ത്രണത്തിലാണ് ഭാരതത്തിന്റെ കമ്പനിഭരണം തുടർന്നുപോന്നത്. വാസ്തവത്തിൽ കമ്പനിക്കാരുടെ അധീനത്തിലായിരുന്ന ഇന്ത്യൻപ്രദേശങ്ങളുടെ ഭരണത്തിന്റെ കടിഞ്ഞാൺ പിടിച്ചിരുന്നത് ബ്രിട്ടീഷ് രാജാവും പാർലിമെണ്ടുമായിരുന്നു.

1813ൽ ഇന്ത്യയുമായി കച്ചവടം ചെയ്യാനുള്ള അധികാരം ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ കുത്തകയല്ലാതായിത്തീർന്നു. കാരോ ഇംഗ്ലീഷുകമ്പനിക്കും ഭാരതവുമായി വ്യാപാരം നടത്തുവാനുള്ള അവകാശം ലഭിച്ചു. അതോടുകൂടി ഇന്ത്യയിലെ പുരാതനവ്യവസായങ്ങൾ നാശോന്മുഖമാവുകയും ദാരിദ്ര്യം വളർന്നുവരികയും ചെയ്തു.

1853ൽ ''ചാർട്ടർ ആക്ട്'' പുതുക്കിയപ്പോഴേക്കും ഇന്ത്യയിൽ കമ്പനിക്കാരുടെ അധികാരാതൃത്തി വിസ്തൃതമായിത്തീർന്നിരുന്നു. ഭാരതത്തിൽനിന്ന് യഥാശക്തി ധനം മൂഷണംചെയ്ത് ഇംഗ്ലണ്ടിനെ സമ്പന്നമാക്കുക; ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസവും ക്രിസ്തുമതവും പ്രചരിപ്പിക്കുക; തദ്വാരാ ഭാരതീയരുടെ രാഷ്ട്രീയബോധത്തെ ഇല്ലാതാക്കുക; അങ്ങനെ ഭാരതീയരെ

ആംഗലജാതിയുടെ അടിമകളാക്കി അടക്കിനിർത്തുക—ഇതെല്ലാമായിരുന്നു 'കമ്പനിക്കാരു'ടെ മഹോദ്യങ്ങൾ.

ഇന്ത്യയിൽ വ്യാപാരവും ഭരണവും പുഷ്ടണവും കൊള്ളയടിയും നടത്തുവാനുള്ള പരമാവകാശം തങ്ങളുടെ 'കുത്തക'യായിത്തീരണമെന്നു് ഈസ്റ്റ് ഇൻഡ്യാ കമ്പനിക്കാർ ആശിച്ചു. കമ്പനിയുടെ സമ്പൽസമൃദ്ധിയും സൌഭാഗ്യവും കണ്ടു് ലോഭം മൂത്ത മറ്റു പല ആംഗലേയരും ഈ ''അതിലാഭം'' എല്ലാ ഇംഗ്ലീഷുകാർക്കും ലഭിക്കുമാറാവണമെന്നു് ആഗ്രഹിച്ചു. ''കമ്പനി''യെ പിരിച്ചുവിടണമെന്നും ഇംഗ്ലീഷുകാർക്കു് ചേർന്ന ഇന്ത്യൻപ്രദേശങ്ങളെ ബ്രിട്ടീഷ് രാജാവും പാർല്ലിമെണ്ടും നേരിട്ടു ഭരിയ്ക്കണമെന്നും പ്രതിയോഗികൾ പ്രക്ഷോഭണം തുടങ്ങി.

1857ലെ മഹാവിപ്ലവം പ്രക്ഷോഭണകാരികൾക്കു് പ്രോത്സാഹനമായിത്തീർന്നു. 1858ൽത്തന്നെ പാർല്ലിമെൻറ് ''ഈസ്റ്റ് ഇൻഡ്യാകമ്പനി''യെ പിരിച്ചുവിട്ടു് ബ്രിട്ടീഷ് ഇന്ത്യയുടെ ഭരണം സ്വയം ഏറ്റെടുത്തു.

വാസ്തവത്തിൽ ഈ ഭരണപരിവർത്തനം ഭാരതീയക്കു് അത്രയൊന്നും ബാധകമായിരുന്നില്ല. ''കുഞ്ഞൻറ്'' ഭരിച്ചാലും ''മുതലാളി''കാര്യം നോക്കിയാലും 'അധികാരാവകാശങ്ങൾ' നഷ്ടപ്പെട്ടു് 'അടിമ'കളായിത്തീർന്ന ഇന്ത്യക്കാർക്കു് ഒരുപോലെത്തന്നെയായിരുന്നു. ഈ ''കൈമാറ്റം''കൊണ്ടു്, ഇന്ത്യയെ ''ഉപനിവേശ''മാക്കി (കോളനിയാക്കി) ഇവിടെ 'തോട്ട'ങ്ങളും

«കമ്പനി'കളും സ്ഥാപിച്ച് ഭാരതീയരെ 'സേവിക്കുന്ന' ആംഗലേയകുബേരന്മാർക്കും മറ്റു വെള്ളക്കാർക്കുമായിരുന്ന നന്മയും മേന്മയും.

ഈ 'പരിവർത്തനം', പരാധീനതയെ തുരത്തുവാനായി സായുധവിപ്ലവം നടത്തിയിരുന്ന ഭാരതവാസികളെ സംതൃപ്തരാക്കുമെന്നും ആംഗലേയമേധാവികൾ വ്യാമോഹിച്ചു. അധികാരക്കൈമാറ്റത്തിനുടനും വിക്ടോറിയാമഹാറാണി 'മധുരമായ' ഭാഷയിൽ മനോമോഹകമായ ഒരു ''വിളംബര''വും പുറത്തിറക്കി. ഭാരതവാസികൾ ബ്രിട്ടീഷ് രാജാക്കന്മാരോടും അവരുടെ പ്രതിനിധികളോടും ക്രൂരം അനാസരണവുമുള്ളവരായിരിയ്ക്കുണം; അവരുടെ മതകാര്യങ്ങളിൽ ഇംഗ്ലീഷുകാർ കൈയിടുകയില്ല; ഇന്ത്യയിലെ നാട്ടരാജാക്കന്മാരുമായി കമ്പനിക്കാർചെയ്ത സന്ധികളെല്ലാം സുരക്ഷിതമായിരിയ്ക്കും; വിപ്ലവത്തെ അടിച്ചമർത്തുവാൻ ജനത സഹായിയ്ക്കുണം; ഭാരതത്തിൽ ശാന്തി സംസ്ഥാപിതമായാൽ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തും; സാധാരണക്കാരുടെ നന്മയ്ക്കുവേണ്ടി പല സൽക്കാര്യങ്ങളും ചെയ്യും; പ്രജകളുടെ ആനന്ദത്തിലും അഭിവൃദ്ധിയിലുമാണ്" തന്റെ (രാജ്ഞിയുടെ) ബലം അവലംബിതമായിരിയ്ക്കുന്നതു്; അവരുടെ സന്തോഷത്തിലാണു് തന്റെ മംഗലം കുടികൊള്ളുന്നതു്; അവരുടെ (പ്രജകളുടെ) കൃതജ്ഞതയാണു് തന്റെ പാരിതോഷികം-റാണി തന്റെ വിളംബരത്തെ ഏവംവിധത്തിലുള്ള മധുരവാഗ്ദാനങ്ങളാൽ 'ആകർഷക'മാക്കിയിരുന്നു.

ഈ ''രാജ്ഞൈതികകാപട്യ''ത്തെ—വശീകരണഘോഷണത്തെ—ശ്രദ്ധാഹൃദയരായ പല ഭാരതീയരും വേദവാക്യത്തെയെന്നപോലെ വിശ്വസിച്ചു! തങ്ങളുടെ രക്തത്തെ മൂഷണംചെയ്തിരുന്ന ആംഗലേയരുടെ അധീനതയിൽ അവർ ''സ്വർഗ്ഗരാജ്യ''ത്തെ സ്വപ്നംകണ്ടു!!

* * * *

വിപ്ലവത്തിനും വിളംബരത്തിനുംശേഷം ഒൽഹൌസിയുടെ ''അപഹരണനീതി''യെ ആംഗലാധികൃതന്മാർ അനുസരിയ്ക്കാൻ ഒരുങ്ങിയില്ലെങ്കിലും നാട്ടുരാജാക്കന്മാരുടെ അധികാരാവകാശങ്ങളിൽ കയ്യിടുവാനും അവരെ ദുർബ്ബലന്മാരും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭക്തന്മാരുമാക്കി നിലനിർത്തുവാനും അനവരതം യത്നിച്ചു.

* * * *

ഭാരതഭൂമിയെ ബ്രിട്ടീഷുകാരുടെ ഒരു ''കോളനി''യാക്കിത്തീർക്കാൻ ഇംഗ്ലണ്ടിൽ ആദ്യമായി ആലോചനനടന്നപ്പോൾ പലരും അതിന് എതിരായിരുന്നു. 1857-ലെ വിപ്ലവത്തിനുശേഷം ആംഗലഭരണാധികാരികൾ അതിന് അനുകൂലികളായിത്തീർന്നു. ഇന്ത്യയിൽ ഇംഗ്ലീഷുകാർ കുടിയേറിപ്പാർക്കുന്നതും കൃഷി, വ്യവസായം, വാണിജ്യം എന്നിവയിൽ ഏർപ്പെടുന്നതും രത്നഗർഭയായ ഭാരതഭൂമിയെ മൂഷണംചെയ്യാൻ ഇംഗ്ലണ്ടിനെ സമ്പൽസമൃദ്ധമാക്കാൻ മാത്രമല്ല, ബ്രിട്ടീഷ് സാമ്രാജ്യത്തെ സുദൃഢമാക്കുവാനും ഉപയുക്തമാണെന്നു

ബുദ്ധിമാന്മാരായ അവർ മനസ്സിലാക്കി. ആസ്സാം, കുമായൂൻ മുതലായ പ്രദേശങ്ങളിൽ ചായത്തോട്ടങ്ങൾ വെച്ചുപിടിപ്പിയ്ക്കുവാനും മറ്റും വെള്ളക്കാരെ, ഇന്ത്യൻ ഖജാനയിലെ പണം വാരിവിതച്ചു, പ്രോത്സാഹിപ്പിയ്ക്കുകയും സഹായിയ്ക്കുകയുംചെയ്തു. ഇന്ത്യൻ തൊഴിലാളികളെ അവരുടെ ''കൂലി''കളും അടിമകളുമാക്കുവാൻ അനുകൂലമായ നിയമങ്ങൾ നിർമ്മിച്ചു. ഖനികൾ, വ്യവസായശാലകൾ മുതലായവ സംസ്ഥാപിയ്ക്കുവാനും ബ്രിട്ടീഷ് ഇന്ത്യാ ഗവർമ്മേണ്ടു്. ഇന്നാട്ടിലെ നികുതിദായകന്മാരുടെ ധനത്തെ ധ്വംസനംചെയ്തു, വെള്ളക്കാരെ സഹായിച്ചു; അവരെ കുബേരന്മാരും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ നെടുംതൂണുകളുമാക്കിത്തീർത്തു!

* * * *

ഇന്ത്യയിൽ ക്രിസ്തുമതവും ഇംഗ്ലീഷ് വിദ്യാഭ്യാസവും പ്രചരിപ്പിച്ചു് ഭാരതീയരുടെ രാഷ്ട്രീയഭാവനയെ ഭഗ്നമാക്കുവാനും, വിപ്ലവകാരികളെ വിശ്വസ്തസേവകന്മാരുമാക്കി അധഃപതിപ്പിയ്ക്കുവാനും ആംഗ്ലേയർ ആദ്യം മുതൽക്കേ ബദ്ധകങ്കണരായിരുന്നു.

വിപ്ലവാനന്തരം, ഭാരതഭൂമിയുടെ ഉല്പാദനശക്തിയെ ഉന്നതിപ്പെടുത്തുവാനായി, ബ്രിട്ടീഷ് ഗവർമ്മേണ്ടു് ''മഹനീയങ്ങ''ളായ ചില നടപടികൾ എടുത്തു. ഇന്ത്യയിൽ ധാരാളം റെയിൽപ്പാതകൾ ഇടുവിച്ചു; പരുത്തികൃഷിയെ അഭിവൃദ്ധിപ്പെടുത്തി; ഇന്നാട്ടിൽ ഇം

ഗ്ലീഷുകാരെ ഉയൎന്ന ഉദ്യോഗങ്ങളിൽ നിയമിച്ചു; യഥാ
ൎത്ഥഭരണാധികാരത്തിൽനിന്നു് ഭാരതീയരെ അകററി
നിൎത്തി; പ്രാചീന ''പഞ്ചായത്തു''കളെ ചവുട്ടിമെ
തിച്ചു് നിയമങ്ങളേയും കോടതികളേയും നിൎമ്മിച്ചു.
വാസ്തവത്തിൽ ഇന്ത്യക്കാരുടെ ''നന്മ''യ്ക്കുവേണ്ടി നട
പ്പിൽവരുത്തിയ ഈ ''പരിഷ്കാരങ്ങൾ''കൊണ്ടു് നാ
ന്നാനാതരം സുഖികളുമായതു് ആംഗ്ലേയരാണു് !!

വിപ്ലവത്തിനുശേഷം സൈനികസംഘടനയി
ലും സാരമായ പരിവൎത്തനങ്ങൾ സംഭവിച്ചു. പട്ടാള
ത്തിൽ ഇംഗ്ലീഷുകാരേയും ആംഗ്ലോ-ഇന്ത്യക്കാരേയും മാ
ത്രമേ ചേൎക്കുവാൻപാടുള്ളു എന്ന അഭിപ്രായമുണ്ടായി.
പക്ഷെ അതു് അപ്രായോഗികമാണെന്നു് അവർ അറി
ഞ്ഞു. എങ്കിലും പട്ടാളത്തിലെ ഉത്തരവാദപ്പെട്ട ഉയ
ൎന്നപദങ്ങൾ ആംഗ്ലേയൎക്കുമാത്രമായി നീക്കിവെച്ചു.
പീരങ്കിപ്പടയിൽനിന്നു് ഇന്ത്യക്കാരെ ഒഴിച്ചുനിൎത്തി.
ഖജാന, ശസ്ത്രഭണ്ഡാരം, കോട്ടകൾ മുതലായവ വെള്ള
പ്പട്ടാളക്കാരുടെ മേൽനോട്ടത്തിലായിത്തീൎന്നു. വിപ്ലവ
കാലത്തു് വെള്ളക്കാരോടു് ക്രൂരം ഭക്തിയും കാണിച്ച
നാട്ടരാജ്യപ്രജകളിൽനിന്നും അധ:കൃതന്മാരിൽനിന്നും
സേനയിലെ ആളുകളെ എടുക്കണമെന്നു് തീരുമാനിച്ചു.
ബ്രാഹ്മണർ, ക്ഷത്രിയർ മുതലായ ഉന്നതജാതികളെ അ
കററിനിൎത്തുവാനും നിശ്ചയിച്ചു. ഓരോ സേനാവിഭാ
ഗത്തിലും വിഭിന്നമതാവലംബികളേയും വർഗ്ഗങ്ങ
ളേയും സംസ്ഥാനക്കാരേയും കൂട്ടിക്കലർത്തി അവയി

ലെ ഫ്രഞ്ചുകാരുടെ ശിഥിലമാക്കുവാനും ആംഗ്ലേയർ തുനി കയുണ്ടായി.

വിപ്ലവത്തെ അടക്കുവാൻവേണ്ടി ചെലവായ സംഖ്യമുഴുവനും ഇന്ത്യയിൽനിന്നു് വസൂലാക്കി. ഇംഗ്ലണ്ടിൽ സ്ഥിതിചെയ്യു് ആ രാജ്യത്തെ സുരക്ഷിതമാക്കിയിരുന്ന വെള്ളപ്പട്ടാളത്തിനുകൂടി ഇന്ത്യയിൽനിന്നു വേതനം കൊടുത്തിരുന്നു. വിപ്ലവാനന്തരം ആംഗല സേനയെ വിപുലപ്പെടുത്തി. തദ്ഫലമായി ഇംഗ്ലീഷുകാരുടെ സമ്പാദ്യം വർദ്ധിച്ചു. ഇന്ത്യയുടെ ചെലവു് അനുദിനം അധികരിച്ചു. ഇന്ത്യയുടെ ബന്ധനങ്ങൾ ബലപ്പെട്ടു !!

* * * *

വിപ്ലവത്തിൽനിന്നു് ഒഴിഞ്ഞുനിന്ന രാജാക്കന്മാരേയും വിപ്ലവത്തിൽ പങ്കെടുത്ത പ്രഭുക്കളേയും ജന്മികളേയും ഒരുപോലെ തങ്ങളുടെ 'ഛത്രഛായ'യിൽ മിത്രങ്ങളാക്കി നിലനിർത്തുവാൻ വിജയികളായ ബ്രിട്ടീഷുകാർ ബദ്ധശ്രദ്ധരായിത്തീർന്നു. തങ്ങളെ എതിർത്ത ജന്മികൾക്കും മറ്റും നഷ്ടപ്പെട്ട ഭൂവിഭാഗങ്ങൾ തിരിച്ചുകൊടുത്തു; അവർക്കു് പല ആനുകൂല്യങ്ങളും ചെയ്തുകൊടുത്തു; അവരുടെ അധികാരങ്ങളെ വിസ്തൃതങ്ങളാക്കി! അങ്ങനെ സാമന്തശക്തികളെ തന്ത്രശാലികളായ ആംഗ്ലേയർ ആനുകൂല്യങ്ങളും പ്രലോഭനങ്ങളും നൽകി സ്വാധീനമാക്കി! ''ഫ്യൂഡൽശക്തി'' (പ്രഭുക്കന്മാരും ജന്മികളും മറ്റും) വിദേശികൾക്കു് വിരുദ്ധമായി വിപ്ലവം നടത്തി. അവസാനം പരാജിതരായ അവർ പു

വ്യാധികം ബലശാലികളായിത്തീൻ!! ക്രാന്തിമൂലം ഇന്ത്യയിലെ സാമന്തശക്തിയുടെ പിടി ഒന്നുകൂടി മുറുകുകയാണുണ്ടായത്.

* * * * *

"വിരോധം വർദ്ധിപ്പിച്ച് വാഴ്ചനടത്തുവിൻ" എന്ന സിദ്ധാന്തത്തെ റോമിലെ ഭരണാധികാരികൾ സ്വീകരിയ്ക്കുയുണ്ടായി. ഭാരതത്തിൽ ബ്രിട്ടീഷ് സാമ്രാജ്യം സ്ഥാപിയ്ക്കുവാനും സംരക്ഷിയ്ക്കുവാനുംവേണ്ടി ആംഗ്ലേയമേധാവികൾ അംഗീകരിച്ച സിദ്ധാന്തവും ഇതുതന്നെയായിരുന്നു. വിവിധമതാനുയായികളും ജാതികളും അധിവസിയ്ക്കുന്ന ഇന്ത്യയിൽ വർഗ്ഗവിദ്വേഷത്തിന്റെ വിഷം കുത്തിച്ചെലുത്തുവാൻ വിഷമമില്ലെന്ന് അവർ മനസ്സിലാക്കി. ഹിന്ദുക്കളേയും മുസൽമാന്മാരേയും ഇരുചേരികളിലായി അകറ്റിനിർത്തി പരസ്പരം മത്സരിപ്പിച്ച് സ്വശക്തിയെ സുദൃഢമാക്കുവാൻ അവർ സതതയത്നംചെയ്തു. "ഭിന്നിപ്പിച്ചുഭരിയ്ക്കുന്ന" കാര്യത്തിൽ ബ്രിട്ടീഷ് ഭരണതന്ത്രജ്ഞന്മാർ ബദ്ധശ്രദ്ധരായിരുന്നു.

ഭിന്നമതാവലംബികളേയും ജാതികളേയും പരസ്പരം കലഹിപ്പിച്ച് ഭരണക്കുടത്തെ ബലിഷ്ഠമാക്കുവാൻ മുതിർന്ന ആംഗലഭരണാധികാരികൾ വിവിധ സംസ്ഥാനവാസികളെ അന്യോന്യം വിരോധികളാക്കിത്തീർക്കുവാനുള്ള അടവുകളും പ്രയോഗിയ്ക്കുകയുണ്ടായി. "പ്രാദേശിക സ്വയംഭരണ"ത്തിന്റെ പളപളപ്പിൽ

പരസ്പരവിദ്വേഷത്തിന്റെ കാളിമയെ മറച്ചുവെയ്ക്കു വാൻ അവർ ഒത്തുചിത്തരായിരുന്നു !!

* * * * *

ഇന്ത്യ ഇംഗ്ലീഷിന്നു കപ്പംകൊടുത്തിരുന്നില്ല എന്നാണു പൊതുവിലുള്ളവിശ്വാസം. പക്ഷെ ''ഹോം ചാർജ്ജസു'' എന്ന പേരിൽ ഇംഗ്ലണ്ടിലേക്കു വർഷം പ്രതി അയച്ചിരുന്ന സംഖ്യ ഒരുതരം ''കപ്പ''മായിരുന്നു. 1834 മുതൽ 1851വരെ (17 കൊല്ലത്തിന്നുള്ളിൽ) ഏകദേശം എഴുപത്തഞ്ചുകോടി ഉറുപ്പിക ഈ കണക്കിൽ ഇംഗ്ലണ്ടിൽ ചെന്നുചേർന്നിട്ടുണ്ടു. ഇതരമാർഗ്ഗങ്ങളും വഴിയായി അങ്ങോട്ടു, തടവെന്യെ, അനന്യൂനം ഒഴുകിയിരുന്ന 'ധനരാശി' ഈ ഗണനയിൽ ഉൾപ്പെട്ടുന്നില്ല.

* * * * *

1857-ലെ മഹാവിപ്ലവം തൽക്കാലം വിജയിച്ചില്ല. ഇന്ത്യയുടെ അടിമത്തം ഒന്നുകൂടി ശക്തിപ്പെട്ടു. നിർദ്ദയമർദ്ദനങ്ങൾ നാടുനീളെ നടമാടി. നിയമങ്ങളുടെ ബന്ധനത്തിന്നു നിത്യേന ബലംകൂടി. പരാജിതജനതയെ ''പക''തീരുമാറു അടിച്ചൊതുക്കി !! ഭാരതീയരുടെ രാഷ്ട്രീയഭാവനയേയും ആത്മാഭിമാനത്തെയും തലപൊക്കുവാൻ അനുവദിച്ചില്ല. കുടിൽവ്യവസായങ്ങളെ അടിച്ചമർത്തി! പൂർണ്ണം മൃഗ്യദശയിലെത്തി. അന്യായകൽപ്പങ്ങളും നിയമങ്ങളും നിയന്ത്രണമാറു നഗ്നതാണ്ഡവംനടത്തി! ജനതാമദ്ധ്യത്തിൽ വർഗ്ഗവിദ്വേഷം

പരത്തി. ''ഭിന്നിപ്പിച്ചുഭരിയ്ക്കുക'' എന്ന നയത്തെ അവലംബിച്ച് സാമ്രാജ്യത്തെ സുദൃഢമാക്കി !!

എങ്കിലും ഭാരതീയരുടെ ഹൃദയത്തിൽ ഒരിയ്ക്കൽ ആളിക്കത്തിയ സ്വാതന്ത്ര്യവാഞ്ഛയെന്നവഹ്നി നിശ്ശേഷം കെടുകയുണ്ടായില്ല. ബ്രിട്ടീഷുകാർ സ്വാതന്ത്ര്യയജ്ഞം 'ഭസ്മ'മായെന്നു് കരുതിയതു് ഭ്രമംമാത്രമായിരുന്നു: ഒതുങ്ങിക്കിടന്നിരുന്ന ആ 'വിദ്യുത്'യുടെ അന്തരാളത്തിൽ 'ശാന്തി'യ്ക്കുപകരം 'ക്രാന്തി'യാണു് നീറിക്കൊണ്ടിരുന്നതു്. ഇരുപത്തേഴുവർഷങ്ങൾ കഴിഞ്ഞപ്പോൾ പ്രത്യക്ഷപ്പെട്ട അതിന്റെ ബഹിസ്ഫുരണമാണു് 1885-ൽ സ്ഥാപിതമായ ''ഇന്ത്യൻ നേഷണൽ കോൺഗ്രസ്സു്.''

ബ്രിട്ടീഷുകാരുടെ മൃഗീയമർദ്ദനങ്ങളേയും കിരാതനിയമങ്ങളേയും സധീരം സഹിച്ചു്, ആത്മത്യാഗത്തേയും ആദർശശുദ്ധിയേയും ആധാരമാക്കി, കോൺഗ്രസ്സിന്റെ ത്രിവർണ്ണപതാകയുടെകീഴിൽ അണിനിരന്നു്, തിലകന്റേയും മഹാത്മജിയുടേയും ജവാഹർലാൽ നെഹ്രുവിന്റേയും സുഭാസ്ചന്ദ്രബോസിന്റേയും സുയോഗ്യനേതൃത്വത്തിൽ അടരാടി, അവസാനം 1947 ആഗസ്റ്റ് 15-ാംനു- ഭാരതം സ്വതന്ത്രമായി !!

സ്വാതന്ത്ര്യം ജയിയ്ക്കട്ടെ !!!